"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


*Vol. XXXVI* *2008 August* *No. 8*

വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

# ഉള്ളടക്കം


സർക്കുലർ ............................................................ 587
സർക്കുലർ ............................................................ 590
സർക്കുലർ ............................................................ 595
ജസ്റ്റിസ് സൺഡേ - സർക്കുലർ .............................. 598
ന്യൂനപക്ഷ സംരക്ഷണം വാക്കും പ്രവർത്തിയും.......... 603
രൂപതാ കച്ചേരി വാർത്തകൾ.................................... 607
റീജണൽ വാർത്തകൾ .............................................. 609
ദൈവവചനവർഷം .................................................. 612
മതബോധനരംഗം ...................................................... 618
ചെറുപുഷ്പമിഷൻലീഗ് ............................................ 626
കെ. സി. വൈ. എം. ................................................ 633
കുടുംബപ്രേഷിതത്വം ................................................ 647
സിയോൻ വാർത്തകൾ.............................................. 649
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 652
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... 655
ജയിൽ മിനിസ്ട്രി ...................................................... 657
സാമൂഹ്യസേവന രംഗം .............................................. 658
ന്യൂമാൻസ് കോളേജ് ............................................ 651
രൂപത പി.ആർ.ഒ. ഓഫീസ് ......................................... 662
Decree ....................................................................... 663
അറിയിപ്പുകൾ ........................................................... 664
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 666
ബിഷപ്സ് പ്രോഗ്രാം .................................................... 667

# സർക്കുലർ

***Circular Letter No. 08/2008***
***Prot. No. 7103/2008***

**കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,**

സഭയുടെ ആരംഭകാലം മുതൽ സഭാപഠനങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് സഭയുടെ വിശ്വാസകൂട്ടായ്മയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികളും സമൂഹങ്ങളും ഉണ്ടായിട്ടുണ്ട്. സഭ അവൾക്ക് ക്രിസ്തുവിൽനിന്ന് ലഭിച്ചിട്ടുള്ള പ്രബോധനാധികാരമുപയോഗിച്ച് അവയെ തിരുത്തുകയും തിരുത്തൽ സ്വീകരിക്കാൻ ഒരുക്കമല്ലാത്തവരെ സഭാകൂട്ടായ്മയിൽ നിന്നും പുറത്താക്കുകയും ചെയ്തിട്ടുണ്ട്. ഈ പുറത്താക്കൽ ഏറെ ദുഃഖകരമായ കാര്യമാണെങ്കിലും വിശ്വാസകൂട്ടായ്മയെ സംരക്ഷിക്കാൻ അത് അത്യാവശ്യമായിരുന്നു. സഭാപ്രബോധനങ്ങളുടെ കാതൽ ദൈവവചനവും അതിന്റെ പൂർണ്ണതയായ ക്രിസ്തുനാഥന്റെ പഠനങ്ങളുമാണ്. അവയ്ക്ക് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകിയത് അപ്പസ്തോലന്മാരും വിശുദ്ധരായ സഭാപിതാക്കന്മാരും മാർപ്പാപ്പാമാരും സാർവ്വത്രികസൂനഹദോസുകളുമാണ്. ഇവയിലൂടെ സഭയ്ക്ക് ലഭിച്ച വിശ്വാസസത്യങ്ങൾ മാറ്റിമറിക്കാൻ മറ്റാക്കും അവകാശമില്ല. ഇവ പഠിപ്പിക്കുവാനുള്ള അധികാരം പ്രത്യേകമായും മെത്രാന്മാരിലും അവർ നിയോഗിക്കുന്നവരിലും നിക്ഷിപ്തമാണ്. ഇപ്രകാരമുള്ള വിശ്വാസസത്യങ്ങളിൽ സ്വന്തം തോന്നലുകൾക്കും, ചിന്തകൾക്കും, ദർശനങ്ങൾക്കും അനുസരിച്ച് മാറ്റം വരുത്തുകയോ, കൂട്ടിച്ചേർക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന വ്യക്തികൾ മാർപ്പാപ്പായേയും സാർവ്വത്രിക സൂനഹദോസുകളെയുംകാൾ ശ്രേഷ്ഠരാണ് തങ്ങളെന്ന് ഭാവിക്കുകയാണ് ചെയ്യുക. ഇപ്രകാരം സഭാപഠനങ്ങൾക്ക് വിപരീതമായി ജീവിക്കുകയും

പഠിപ്പിക്കുകയും ചെയ്യുന്ന ചിലർ ഇന്നും സഭയിലുണ്ട്. അത്തരത്തിലുള്ള ചില പ്രസ്ഥാനങ്ങളാണ് Spirit in Jesus, Emmanuel Emperor Trust തുടങ്ങിയവ. Spirit in Jesus - നെക്കുറിച്ച് ഇതിനുമുമ്പ് ഞാനെഴുതിയിട്ടുള്ളതാണല്ലോ.

അടുത്ത നാളുകളിൽ ആവിർഭവിച്ച ഒരു പ്രസ്ഥാനമാണ് Emmanuel Emperor Trust. ഈ പ്രസ്ഥാനം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വചനപഠനം, ധ്യാനം എന്നിവയ്ക്കും നേതൃത്വം നൽകുന്നുണ്ട്. ഇതിന്റെ സ്ഥാപകൻ ശ്രീ. ജോസ് പൊന്നാറ എന്ന ഒരു റിട്ടയേർഡ് ഡ്രോയിംഗ് അധ്യാപകനാണത്രെ. ഫാ. ജോസഫ് അയ്യൻകോലിൽ എന്നു പേരായ ഒരു വിൻസെൻഷ്യൻ വൈദികനും ഈ പ്രസ്ഥാനത്തിലുണ്ട്. ലോകാവസാനം, രണ്ടാമത്തെ വരവ്, മനുഷ്യരക്ഷ എന്നിവയെക്കുറിച്ചെല്ലാം വളരെ വികലമായ പഠനങ്ങളാണ് ഇവർ നൽകിക്കൊണ്ടിരിക്കുന്നത്. സഭയുടെ അനുവാദമോ അംഗീകാരമോ ഇല്ലാതെയാണ് ഈ പ്രസ്ഥാനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സഭാധികാരികളെ അനുസരിക്കാതെയും അവരുടെ അനുവാദമോ അംഗീകാരമോ കൂടാതെയുമാണ് ഫാ. അയ്യൻകോലിൽ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. അറിഞ്ഞുകൊണ്ടോ അറിയാതെയോ പലരും ഇക്കൂട്ടർ നടത്തുന്ന ധ്യാനത്തിലും മറ്റും പങ്കെടുക്കുന്നതായി അറിയുന്നു. സഭാപഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ പ്രസ്ഥാനത്തോട് സഹകരിക്കുകയോ, അതിൽ പങ്കുകൊള്ളുകയോ ചെയ്യാൻ പാടില്ലെന്ന് ഇതോടൊപ്പം നമ്മുടെ രൂപതയിലുള്ള സകല കത്തോലിക്കാവിശ്വാസികളെയും അറിയിക്കുന്നു. ഇതുമായി സഹകരിച്ച് പ്രവർത്തിച്ച് പോയവർ തങ്ങളുടെ തെറ്റ് മനസ്സിലാക്കി സത്യവിശ്വാസത്തിലേക്ക് തിരിച്ചുവരണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ തുടർച്ചയായ സഭയിൽ വിശ്വസിക്കുവാനും സഭാപഠനങ്ങളോട് വിശ്വസ്തത പുലർത്തുവാനും പരിശുദ്ധാത്മാവ് നമ്മെ അനുഗ്രഹിക്കട്ടെ. സഭയെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ വി. പൗലോസിന്റെ വർഷമാചരിക്കുന്ന ഈ അവസരത്തിൽ സഭയോടൊത്ത് ചിന്തിക്കാനും സഭയോടൊത്ത് പ്രവർത്തി

ക്കാനും സഭയോടൊത്ത് സഹിക്കാനും സഭയിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനുമുള്ള അനുഗ്രഹം ആ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് പ്രാർത്ഥിക്കാം.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2008 ജൂലൈ മാസം 23-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഓഗസ്റ്റ് മാസം 10-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 09/2008***
***Prot. No. 7108/2008***

**കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,**

നമ്മുടെ ക്രൈസ്തവവിശ്വാസം നാം ബാഹ്യമായി പ്രകടിപ്പിക്കുന്ന മാധ്യമങ്ങളാണല്ലോ വിശുദ്ധ കൂദാശകളും കൂദാശാനുകരണങ്ങളും മറ്റ് ഭക്താഭ്യാസങ്ങളും. എന്താണ് നാം വിശ്വസിക്കുന്നത് എന്നറിയാൻ അവ പരിശോധിച്ചാൽ മതി. അവയിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും ആ വിശ്വാസസത്യങ്ങളാണ് വിളംബരം ചെയ്യുന്നത്. അതിനാൽ അവ അങ്ങനെ തന്നെയുള്ളതാണ് എന്നു നാം ഉറപ്പുവരുത്തുകയും വേണം. അതിനുള്ള മാർഗ്ഗം അവ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതാണോ എന്ന് പരിശോധിച്ചറിയുകയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ അങ്ങനെയുള്ള അംഗീകാരം കിട്ടാത്തവ നമ്മുടെ വിശ്വാസത്തെ വികലമാക്കും എന്നർത്ഥം.

പ്രാർത്ഥനകളും ഗീതങ്ങളും ഭക്താഭ്യാസങ്ങളും മതബോധന അഥവാ വിശ്വാസപരിശീലനമാധ്യമങ്ങളുമാണ്. ഇളംതലമുറ ക്രൈസ്തവവിശ്വാസം പരിശീലിക്കുന്നത് ഈ പ്രാർത്ഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ഭക്താഭ്യാസങ്ങളിൽ പങ്കെടുത്തുമാണ്. ക്രൈസ്തവവിശ്വാസവുമായി ചേരാത്തതാണ് അവയെങ്കിൽ കുട്ടികൾ തെറ്റായ ധാരണകളും വിശ്വാസങ്ങളുമായിട്ടാരിക്കും വളർന്നു വരുന്നത്. എന്താണ് തങ്ങൾ വിശ്വസിക്കുന്നത് എന്ന് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ അവർക്ക് കഴിവില്ലാതെ വരികയും ചെയ്യും. ഓരോ ക്രൈസ്തവവിശ്വാസിയും സ്വയം വിശ്വാസം ജീവിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് അത് പറഞ്ഞുകൊടുക്കാൻ പ്രാപ്തനാകുകയും വേണമല്ലോ. ക്രൈസ്തവ വിശ്വാസത്തെപ്പറ്റി പഠിക്കാൻ താൽപര്യമുള്ളവർക്ക് അവയിലൂടെ അതിനുള്ള അവസരം ഉണ്ടാകുകയും വേണം.

പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും ഈ പ്രാധാന്യം കണക്കിലെടുത്താണ് ആരാധനാക്രമത്തിൽ ആരും സ്വന്തമായി ഒന്നും മാറ്റുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യരുത് എന്ന് പറയുന്നത്. ആ നിബന്ധന നാം മാനിക്കുമ്പോൾ നമ്മുടെ വിശ്വാസത്തെ നാം ഗൗരവതരമായി കാണുന്നു എന്ന് തെളിയിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. എവിടെയെല്ലാം എത്രമാത്രം മാറ്റാനും കൂട്ടിച്ചേർക്കാനും നമുക്ക് അവകാശമുണ്ട് എന്ന് പ്രാർത്ഥനാ പുസ്തകങ്ങളിലും മറ്റും രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഇക്കാര്യത്തിൽ അധികം ബുദ്ധിമുട്ടുണ്ടാകാൻ വഴിയില്ല. ന്യായമായി നമുക്ക് കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യമുപയോഗിച്ച് നമ്മുടെ ദൈവാരാധനയേയും പ്രാർത്ഥനകളെയും യഥാർത്ഥ ദൈവികാനുഭവം തരുന്നവയാക്കി മാറ്റാൻ നമുക്ക് കഴിയും.

ആരാധനാക്രമത്തിൽ അതുല്യമായ സ്ഥാനമാണല്ലോ വിശുദ്ധകുർബാനയ്ക്കുള്ളത്. അത് നമ്മുടെ ക്രൈസ്തവ കൂട്ടായ്മയുടെ കേന്ദ്രബിന്ദുവുമാണ്. രക്ഷാകരചരിത്രത്തിന്റെ ഒരു ചെറുപതിപ്പാണത്. വിശുദ്ധകുർബാനയിലെ പ്രാർത്ഥനകളും ഗീതങ്ങളും രക്ഷാകരസംഭവത്തിലെ വിവിധ ഘട്ടങ്ങളെ അനുസ്മരിപ്പിക്കുകയും അതിലൂടെ നമ്മേയും രക്ഷയനുഭവിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നവയാണ്.

വിശുദ്ധകുർബാനയിലെ ഗീതങ്ങളെപ്പറ്റി പ്രത്യേകമായി ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. കുർബാനയിലെ ഓരോ ഘട്ടത്തിലും ആലപിക്കുന്ന ഗീതങ്ങൾ അതാതു ഘട്ടത്തിന്റെ അർത്ഥം ദ്യോതിപ്പിക്കുന്നവയാണ്. ആഘോഷമായ ക്രമത്തിൽ വളരെയധികം ഭാഗങ്ങൾ ഗാനരൂപത്തിലാണ്. ഒരേ പ്രാർത്ഥനകൾ തന്നെ അർത്ഥംചോർന്ന് പോകാതെ പല തരത്തിൽ എഴുതി പലർ ഈണം പകർന്ന ഗീതങ്ങൾ കുർബ്ബാന പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. ഇവ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും: അവയുടെയെല്ലാം ഉള്ളടക്കം ഒന്നുതന്നെയാണ്. വാക്കുകളും ഈണവും മാറുന്നു എന്ന് മാത്രമേയുള്ളൂ. ഇവയെല്ലാം ഔദ്യോഗികമായി അംഗീകരിച്ച ഗീതങ്ങളാണ്. ഇവയ്ക്കു പകരം മാർക്കറ്റിൽ കിട്ടുന്ന കാസറ്റുകളിലെ പാട്ടുകൾ പാടുന്നത് ആശാസ്യമല്ല. അവ നല്ല ഗാനങ്ങളും ഭക്തി ജനിപ്പിക്കുന്നവയുമാണെങ്കിലും നാമുദ്ദേശിക്കുന്ന അർത്ഥം ദ്യോതിപ്പിക്കുന്നവയാകണമെന്നില്ല. ഉദാഹരണത്തിന് "ഓശാന" എന്ന പദമുള്ള ഗാനങ്ങ

ളെല്ലാം വിശുദ്ധ കുർബാനയിലെ ഓശാനയ്ക്ക് പകരമായി പാടാവുന്നവയല്ല.

ഭക്തിഗാനങ്ങളും ആരാധനാക്രമങ്ങളും ഒന്നല്ല എന്ന വസ്തുത നാം മറക്കരുത്. കമ്പോളത്തിൽ ലഭ്യമായ കാസറ്റുകളി ലേത് ഭക്തിഗാനങ്ങളാണ്. അവ ആരാധക്രമത്തിൽ പാടാൻ എഴുത പ്പെട്ടവയുമല്ല. മുമ്പു സൂചിപ്പിച്ചതുപോലെ ആരാധനാക്രമഗീത ങ്ങൾക്ക് പ്രത്യേകമായ അർത്ഥവും ഉദ്ദേശവുമുണ്ട്. അതിനാൽ അവയുടെ ഈണവും താളവും വരികളും ആ തരത്തിലുള്ളതാ കണം. ഇന്ന് ദൈവാലയങ്ങളിൽ പാടുന്നവയിൽ സിനിമാഗാന ങ്ങളും ഉണ്ടെന്നത് വസ്തുതയാണ്. അവയിൽ ചിലതെങ്കിലും വിശ്വാസത്തെ വികലമായി അവതരിപ്പിക്കുന്നവയുമാണ്. സിനിമ യിലെ ചില രംഗങ്ങൾക്ക് വേണ്ടി ക്രൈസ്തവവിശ്വാസത്തെപ്പറ്റി കാര്യമായ അറിവൊന്നും ഇല്ലാത്തവർ എഴുതിയവയാകാം അവ. എന്നുമാത്രമല്ല, അതവരുടെ ചിന്താവിഷയവുമല്ല. ഈ ഗണ ത്തിൽപ്പെടുന്ന ഒന്നാണ് "വിശുദ്ധനായ സെബസ്ത്യാനോസേ" എന്ന ഗാനം. "പാപികൾ ഞങ്ങളെ പരിശുദ്ധരാക്കാൻ പണ്ട് നാഗോർണയിൽ ജനിച്ചവനെ" എന്നൊരു ഭാഗം അതിലുണ്ട്. പാപി കളെ രക്ഷിക്കാനും പരിശുദ്ധരാക്കാനും മനുഷ്യനായി ജനിച്ചത് ഈശോമിശിഹായാണ് എന്ന വിശ്വാസസത്യത്തിന് വിരുദ്ധമാണ് ആ പ്രയോഗം. ഇതുപോലെ തെറ്റായ പ്രയോഗങ്ങളുള്ള മറ്റ് ഗാന ങ്ങളുമുണ്ട്.

പാശ്ചാത്യസംഗീതശാഖകളായ റോക്ക്, പോപ്പ് തുടങ്ങിയ വയുടെ ഈണത്തിലും താളത്തിലുമുള്ള ഗീതങ്ങളും ആലപിക്കു ന്നുണ്ട്. അവ കേൾക്കാൻ പ്രത്യേകിച്ച് പുതുതലമുറയ്ക്ക് താൽപര്യ മുണ്ടാകുമെങ്കിലും വിശ്വാസവർദ്ധനവിനും വിശ്വാസപരിശീലന ത്തിനും ഉപകരിക്കുന്നവയല്ല. അവ വിശ്വാസികളെ ദൈവാനുഭവ ത്തിലേക്ക് എത്തിക്കുന്നില്ലെന്നും കാണാൻ പ്രയാസമില്ല.

ആരാധനാക്രമഗീതങ്ങൾ ആരാധനാസമൂഹത്തിന്റെ സ്തുതി കളും പ്രാർത്ഥനകളുമാണ്. അതിനാൽ അവ ആരാധനാസമൂഹ ത്തിന് മുഴുവൻ പാടാൻ പറ്റുന്ന തരത്തിൽ ലളിതവും സങ്കീർണ്ണത കുറഞ്ഞതുമാകണം. അതുപോലെ അർത്ഥസമ്പുഷ്ടവും ഭക്തി ദ്യോതകവുമായിരിക്കണം. എന്നാൽ പല സന്ദർഭങ്ങളിലും ആലപിക്കപ്പെടുന്നത് ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഗീതങ്ങ ളാണ്. ഗായകസംഘം ഗാനമേളയുടെ ശൈലിയിൽ ആലാപനം

നടത്തുകയും മറ്റുള്ളവർ അത് കേട്ട് ആസ്വദിക്കുകയും ചെയ്യുന്ന ശൈലി ആരാധനാസമൂഹത്തിന് ചേർന്നതല്ല. പ്രത്യേകിച്ച് വിശേഷാവസരങ്ങളിൽ ഏറ്റവും നൂതനമായ ഗീതങ്ങൾ അവതരിപ്പിക്കുന്ന ശൈലിയും മാറ്റേണ്ടതുണ്ട്. എല്ലാവർക്കും ഒന്നുചേർന്ന് പാടാവുന്ന ഗീതങ്ങളാണ് അത്തരം സന്ദർഭങ്ങളിൽ പാടേണ്ടത്.

കാതടപ്പിക്കുന്ന രീതിയിൽ മൈക്കുപയോഗിക്കുന്നതും സിനിമാഗാനങ്ങളിലേതിന് സമാനമായി ഉപകരണസംഗീതം പശ്ചാത്തലമായി വരുന്നതും ഭക്തിസംവർദ്ധകമല്ല. മാത്രമല്ല ഉള്ള ഭക്തിയും ശ്രദ്ധയും ഇല്ലാതാകുവാനും അത് കാരണമാകും. കൊച്ചു പള്ളികളിൽ പോലും വളരെ ശക്തമായ ശബ്ദസംവിധാനങ്ങൾ ഒരുക്കുന്നത് വിശ്വാസികൾക്ക് ശല്യമാകുന്നതിന് പുറമെ ഇടവകയ്ക്ക് അമിതമായ സാമ്പത്തികബാദ്ധ്യത വരുത്തുകയും ചെയ്യും. അതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതുണ്ട്.

പുരുഷനും സ്ത്രീയും മാറിമാറി പാടുന്ന ശൈലിയും ഗീതങ്ങളുടെ ആരംഭത്തിലും ഇടയ്ക്കും ഉപകരണസംഗീതത്തിന്റെ ദീർഘമായ ഇടവേളകൾ ഉണ്ടാകുന്നതും ഒഴിവാക്കേണ്ടതാണ്. സംഗീതത്തിന്റെയും പ്രാർത്ഥനകളുടെയും ഒഴുക്ക് നഷ്ടപ്പെടുന്നതൊടൊപ്പം കാർമ്മികൻ ദീർഘനേരം കാത്തുനിൽക്കേണ്ട അവസ്ഥയും ഇതുമൂലം സംജാതമാകുന്നു. കർമ്മങ്ങളുടെ ദൈർഘ്യം അനാവശ്യമായി കൂടുകയും ചെയ്യുന്നു. ഇതും ആശാസ്യമായ കാര്യമല്ല.

ഫ്ളോപ്പിഡിസ്കിൽ റെക്കോർഡ് ചെയ്തുവച്ചിട്ടുള്ള ഉപകരണ സംഗീതം അകമ്പടിയായി ഉപയോഗിക്കുന്നത് ഇന്ന് സർവ്വസാധാരണമായിത്തീർന്നിരിക്കുന്നു. ഗാനമേളകളിൽ അതാകാമെങ്കിലും ആരാധനാക്രമത്തിന്റെ അരൂപിക്ക് അത് ചേർന്നതല്ല. റെക്കോർഡ് ചെയ്തു വച്ചിരിക്കുന്ന വരികൾക്കൊപ്പം കാർമ്മികനും ഗായകരും ചുണ്ട് ചലിപ്പിക്കുന്നതിന് തുല്യമാണത്. ഇവിടെ ഉപകരണം വായിക്കുകയല്ല, പ്രത്യുത പ്രവർത്തിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഉപകരണം നന്നായി വായിക്കാൻ അറിയാത്തവരും വായിക്കുന്നതുപോലെ നടിച്ച് പ്രവർത്തിപ്പിക്കുന്നതും വിരളമായെങ്കിലും സംഭവിക്കുന്നുണ്ട്. ഈ രംഗത്തുണ്ടായിരിക്കുന്ന അധഃപതനത്തിന്റെ അടയാളമായി വേണം അതിനെ കാണാൻ. അതിനാൽ അതാത് സമയത്ത് വായിക്കപ്പെടുന്ന ഉപകരണ

സംഗീതം ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം. ദൈവാരാധനയിൽ വിശ്വാസികൾ ഒന്നുചേർന്ന് തങ്ങളുടെ കഴിവുകൾ ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുകയും അവിടുത്തോട് പ്രാർത്ഥിക്കുകയു മാണ്. അവിടെ കൃത്രിമത്വം കാണിക്കുന്നത് ഉചിതമല്ല.

ഫ്ളോപ്പിഡിസ്കിൽ നിന്നുള്ള സംഗീതത്തിനുമേൽ ഉപക രണം പ്രവർത്തിപ്പിക്കുന്നയാൾക്ക് കാര്യമായ നിയന്ത്രണം ഇല്ല എന്നത് പ്രായോഗികമായ മറ്റ് ബുദ്ധിമുട്ടും ഉണ്ടാക്കുന്നുണ്ട്. വിശുദ്ധ കുർബാനയർപ്പിക്കുന്ന വൈദികൻ ഗാനനിപുണനല്ലെ ങ്കിൽ എവിടെ ആരംഭിക്കണം, എവിടെ അവസാനിപ്പിക്കണം എന്ന റിയാതെ വിഷമിക്കും. ഉച്ചഭാഷിണിയിൽ നിന്നുള്ള സ്വരം ശരി യായി മദ്ബഹായിൽ കേൾക്കാൻ പറ്റാതെ വരുക, സാധാര ണയായി കേട്ടുശീലിച്ചതിൽ നിന്ന് വ്യത്യസ്തമായ രാഗവും താളവും ഉപയോഗിക്കുക തുടങ്ങിയവ അതിനു കാരണങ്ങളാണ്. തെറ്റായ സ്ഥാനത്ത് ഗീതം ആരംഭിക്കുമ്പോൾ പശ്ചാത്തലസംഗീ തവും ഗീതവും ചേർന്ന് പോകുകയില്ല. ഇത് കേൾവിക്കാർക്ക് അരോചകത്വം ഉണ്ടാക്കും എന്നത് തീർച്ചയാണല്ലോ. എന്നാൽ അതാത് സമയത്ത് ഉപകരണം വായിക്കുകയാണെങ്കിൽ ഗീതം തെറ്റിയാലും അതിനനുസരിച്ച് പശ്ചാത്തല സംഗീതത്തെ നിയന്ത്രിക്കുവാൻ കഴിയും. മാത്രവുമല്ല കാർമ്മികന്റെ കഴിവിന നുസരിച്ച് ഈണവും താളവും മാറ്റിവായിക്കുവാനും എളുപ്പമാ യിരിക്കും.

നമ്മുടെ ആരാധന സജീവവും ദൈവാനുഭവദായകവും അതേസമയം വികലതകൾ ഇല്ലാത്തതുമായിരിക്കാൻ നമുക്ക് പരിശ്രമിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയു ണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽനിന്ന് 2008 ജൂലൈ മാസം 20-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഓഗസ്റ്റ് മാസം 24-ന് വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

*Circular Letter No. 10/2008*
*Prot. No. 7109/2008*

**കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,**

ആരാധനാക്രമത്തിൽ പ്രത്യേകിച്ച് വിശുദ്ധകുർബാനയിൽ സംഗീതം എപ്രകാരം ഉപയോഗിക്കണം എന്നതിനേപ്പറ്റി ഞാൻ മുമ്പൊരിക്കൽ എഴുതിയിരുന്നത് നിങ്ങൾ ഓർമ്മിക്കുമല്ലോ. ആരാധനാക്രമവുമായി അഭേദ്യമായി ബന്ധമുള്ള മറ്റൊന്നാണല്ലോ ദൈവാലയത്തിനകത്തും പുറത്തുമുള്ള അലങ്കാരങ്ങൾ. ഇക്കാര്യത്തിലും നാം ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

പ്ലാസ്റ്റിക് പൂക്കളും തെർമോക്കോൾ കൊണ്ടുള്ള അലങ്കാരങ്ങളും ഒഴിവാക്കണം എന്ന എന്റെ ആഹ്വാനം അനേകം പേർ സ്വീകരിച്ചു എന്നത് എനിക്ക് വലിയ ചാരിതാർത്ഥ്യം നൽകുന്നു. ദൈവം നമുക്ക് സമ്മാനമായി നൽകിയ ഈ പ്രകൃതിയെ മനുഷ്യാധിവാസയോഗ്യമാക്കി നിലനിർത്തണം എന്ന തീവ്രമായ ആഗ്രഹമാണ് ഈ ആഹ്വാനത്തിന്റെ പിന്നിലുള്ളത്. അതിന്റെ അരൂപി ഉൾക്കൊണ്ട് ഇക്കാര്യങ്ങൾ നടപ്പാക്കാൻ ഉത്സാഹിച്ച എല്ലാവരേയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും സമർപ്പിതരേയും നന്ദിപൂർവ്വം അനുസ്മരിക്കുകയും അവർക്ക് അനുമോദനങ്ങൾ നേരുകയും ചെയ്യുന്നു. അവരുടെ ആ നല്ല മാതൃക ഇനിയും അനേകം പേർക്ക് പ്രചോദനമാകട്ടെ.

പ്ലാസ്റ്റിക് പൂക്കളും തെർമോക്കോളും ഉപയോഗിച്ചിരുന്ന സ്ഥാനത്ത് വളരെയധികം പണം മുടക്കി സ്വാഭാവികപൂക്കൾ വാങ്ങി അലങ്കരിക്കുന്നതും നീതീകരിക്കാനാവില്ല. ഇക്കാര്യത്തിൽ നാം മിതത്വം പാലിക്കേണ്ടതാണ്. കഴിവതും പ്രാദേശികമായി കിട്ടുന്ന പൂക്കളും ചെടികളും ഉപയോഗിച്ച് അലങ്കാരം നടത്താൻ ഏവരും ശ്രദ്ധിയ്ക്കണം.

മുമ്പെല്ലാം കടലാസുതോരണങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ തൽസ്ഥാനം ഇപ്പോൾ പ്ലാസ്റ്റിക്, വെള്ളിക്കടലാസ് തുടങ്ങിയവ കീഴടക്കിയിരിക്കുന്നു. കണ്ണിന് ഇമ്പം നൽകുന്നതും ഉപയോഗിക്കാൻ എളുപ്പമുള്ളതും ആണെങ്കിലും അതീവ ഗുരുതര പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണവ. ഉപയോഗശേഷം അലക്ഷ്യമായി നാമവയെ വലിച്ചെറിയുന്നു. ഭൂമിയിൽ അലിയാതെ നൂറ്റാണ്ടുകൾ കിടക്കുന്ന ഈ വസ്തുക്കൾ മാരകരോഗങ്ങൾ, ജലദൗർലഭ്യം, കാലാവസ്ഥാമാറ്റം തുടങ്ങിയവയ്ക്ക് കാരണമാകും എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കാരണം ദൈവം ഭൂമിയിൽ ഏർപ്പെടുത്തിയിട്ടുള്ള സന്തുലിതാവസ്ഥയെ അവ തകിടം മറിക്കുന്നു.

പള്ളിയിലും പള്ളിപ്പരിസരങ്ങളിലും പള്ളിക്കടുത്തുള്ള റോഡിലുമെല്ലാം നിറം മങ്ങിയും ചരടുപൊട്ടിയും മഴയത്ത് നശിച്ചും കിടക്കുന്ന തോരണങ്ങളും ബാനറുകളും പോസ്റ്ററുകളും നമ്മുടെ നാട്ടിൽ സ്ഥിരം കാഴ്ചയാണ്. അവ നാടിന്റെ സൗന്ദര്യം നശിപ്പിക്കുന്നു എന്നു മാത്രമല്ല അപകടങ്ങൾ വരുത്തി വയ്ക്കുകയും ചെയ്യുന്നു. റോഡുപോലെയുള്ള പൊതുസ്ഥലങ്ങളിൽ തോരണങ്ങളും ബാനറുകളും കെട്ടാതിരിക്കുന്നതാണ് ഉത്തമം. കെട്ടിയാൽത്തന്നെ ആവശ്യം കഴിഞ്ഞാൽ ഉടൻ അഴിച്ചുമാറ്റി നശിപ്പിക്കാൻ ശ്രദ്ധിയ്ക്കണം. നമ്മൾ മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ മാതൃകയാകണം. എല്ലാവരും ചെയ്യുന്നു അഥവാ ചെയ്യുന്നില്ല എന്നത് നമ്മുടെ പ്രവൃത്തികൾക്ക് നീതീകരണമല്ല. റോഡിൽ പൊട്ടിക്കിടക്കുന്ന ചരടിൽ കുടുങ്ങിയും ചാഞ്ഞുനിൽക്കുന്ന പത്തലുകളിൽ തട്ടിയും വീഴുന്ന കാൽനടക്കാരും മോട്ടോർസൈക്കിൾ യാത്രക്കാരും വിരളമല്ല. അതിലൂടെ പലർക്കും ജീവൻ നഷ്ടപ്പെടുന്നുമുണ്ട് എന്ന വസ്തുതയും നാം വിസ്മരിക്കരുത്. വിശ്വാസത്തിന്റെ പേരിലായാലും അപകടങ്ങൾക്ക് കാരണമാകുന്ന പ്രവൃത്തികൾ ദൈവത്തിന് പ്രീതികരമാകും എന്നു കരുതാൻ ന്യായമില്ല. നിന്നേപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക, കൊല്ലരുത് എന്നീ പ്രമാണങ്ങളുടെ ലംഘനമാണത്.

മനോഹരമായി പെയിന്റു ചെയ്ത പള്ളിഭിത്തികളിലും മദ്ബഹായിലും കൂദാശ ചെയ്ത് വിശുദ്ധീകരിച്ച അൾത്താരയിലും മറ്റൊരു അലങ്കാരം ആവശ്യമുണ്ടോ എന്നു നാം ചിന്തിക്കേണ്ട

കാലം അതിക്രമിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. പ്ലാസ്റ്ററും പശയും ഉപയോഗിച്ച് ഭിത്തിയിലും അൾത്താരയിലും മറ്റും ഒട്ടിച്ചു വയ്ക്കുന്ന ശൈലി അഭികാമ്യമല്ല. ഒട്ടിച്ച വസ്തുക്കൾ പറിച്ചെടുക്കുമ്പോൾ കുറേ പെയിന്റും അതോടൊപ്പം ഇളകിപ്പോരും. ഒട്ടിക്കാനുപയോഗിച്ച പശയുടെ അംശങ്ങളിൽ പൊടിയും കരിയും പിടിച്ച് ഭിത്തി വൃത്തികേടാകുന്നതും സാധാരണംതന്നെ. ചിലപ്പോൾ അലങ്കാരവസ്തുക്കൾ വർഷങ്ങളോളം നിറം മങ്ങിയും കീറിപ്പറിഞ്ഞും തൂങ്ങിക്കിടക്കുന്നതും കാണാം.

നമ്മുടെ സൗന്ദര്യബോധത്തിൽ ചില മാറ്റങ്ങൾ വരുത്തിയാലേ ഞാനീ പറഞ്ഞകാര്യങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളു. വിലകുറഞ്ഞതും ലളിതവുമെങ്കിലും വൃത്തിയും വെടിപ്പുമാണ് പ്രധാനം എന്നുള്ള ആശയം നാം ഉൾക്കൊണ്ടേ മതിയാകൂ. വൃത്തി ദൈവികതക്ക് തുല്യമാണ് എന്ന ചൊല്ല് നിങ്ങൾ കേട്ടിരിക്കും. വൃത്തിയുള്ള പള്ളിയും പരിസരവും ദൈവിക സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ് എന്നു നാം ഓർമ്മിക്കണം. ലാളിതൃത്തിൽ ഊന്നിയ സൗന്ദര്യബോധവും ആന്തരികതയിൽ അടിസ്ഥാനമിട്ട വിശ്വാസജീവിതവും നമ്മെ നയിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2008 ജൂലൈ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഓഗസ്റ്റ് മാസം 31-ന് വിശുദ്ധകുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# ജസ്റ്റിസ് സൺഡേ - 2008

ആഗസ്റ്റ് - 17

**ബഹുമാനപ്പെട്ട വൈദികരെ, സ്നേഹമുള്ള സന്യസ്തരെ, പ്രിയ സഹോദരീ സഹോദരന്മാരെ,**

1986-ൽ ഗോവയിൽ വച്ചുകൂടിയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് (CBCI) ആണ് എല്ലാ വർഷവും ആഗസ്റ്റ് 15-ന് ശേഷം വരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുവാൻ തീരുമാനിച്ചത്. ഈ വർഷം ആഗസ്റ്റ് 17-ാം തീയതിയാണ് ജസ്റ്റിസ് സൺഡേ ആയി ആചരിക്കുന്നത്. ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റകാരണത്താൽ മനുഷ്യാവകാശം നിഷേധിക്കപ്പെട്ട, അവഗണനയുടെയും അവഹേളനത്തിന്റെയും കൊടുംക്രൂരതകൾ അനുഭവിക്കുന്ന ദളിത് ക്രൈസ്തവ സമൂഹത്തോടും തുല്യ ദുഃഖിതരായ മറ്റു പാവപ്പെട്ടവരോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭാരതത്തിലെ കത്തോലിക്കാസഭ "നീതി ഞായർ" ആചരിച്ചു വരുന്നത്.

ദളിത് ക്രൈസ്തവ പ്രശ്നങ്ങളുടെ ഗൗരവത്തെക്കുറിച്ച് പഠിക്കുകയും പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടത് ക്രൈസ്തവ സഹോദരങ്ങളായ നമ്മുടെ ഏവരുടെയും കടമയാണ്. ജാതി രൂഢമൂലമായിരിക്കുന്ന ഭാരതത്തിൽ, വിശിഷ്യാ കേരളത്തിൽ, ദളിത് ക്രൈസ്തവരുടെ ദുരവസ്ഥയേയും പിന്നോക്കാവസ്ഥയേയും കുറിച്ച് മനസ്സിലാക്കണമെങ്കിൽ ഇവിടെയുള്ള മറ്റു ജാതി സമൂഹങ്ങളുമായി യുക്തിസഹജമായ രീതിയിൽ താരതമ്യം ചെയ്തു പഠിക്കണം. കഴിഞ്ഞ 60-ൽ അധികം വർഷങ്ങളായി ദളിത് ക്രൈസ്തവർ മതവിവേചനത്തിന്റെ ദുരന്തങ്ങളും പേറി തുല്യനീതിയും സമത്വവും അധികാരപങ്കാളിത്തവും നിഷേധിക്കപ്പെട്ട് കഴിയുകയാണ്. ഈ പൗരാവകാശ ധ്വംസനവും നീതി നിഷേധവും അവ പരിഹരിക്കപ്പെടേണ്ട ആവശ്യകതയും

ഭരണ- പ്രതിപക്ഷഭേദമെന്യേ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. അവർക്കെല്ലാവർക്കും ഇത് വ്യക്തമായി അറിവുള്ളതാണ്. എന്നാൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ദളിത് ക്രൈസ്തവരുടെ പ്രശ്നത്തിൽ നിഷേധാത്മക നിലപാടാണ് ഇന്നും തുടർന്നുകൊണ്ടുപോകുന്നത്.

വംശീയാധിപത്യത്തിന്റെ അടിസ്ഥാനമായ അടിമത്വത്തിന്റെ പ്രത്യയശാസ്ത്രം തന്നെയാണ് ഇന്ത്യയിലെ ജാതീയതയ്ക്ക് പിന്നിലും പ്രവർത്തിക്കുന്നത് എന്ന് നാം തിരിച്ചറിയണം. അതുകൊണ്ടാണല്ലോ ചാതുർവർണ്ണ്യം മൂലമുള്ള അയിത്താചാരങ്ങളും ജാതിമതാന്ധത നിമിത്തം ഭാരതത്തിലെ ദളിത് ജനങ്ങൾ അനുഭവിക്കുന്ന നീതിനിഷേധവും പുറംലോകം അറിയാതിരിക്കാൻ ഭരണാധികാരികൾ കിണഞ്ഞ് ശ്രമിക്കുന്നത്. 2001 ആഗസ്റ്റ് 31 മുതൽ സെപ്തംബർ 8 വരെ ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ നടന്ന ലോകവംശീയതാവിരുദ്ധ സമ്മേളനത്തിൽ ഇന്ത്യയിലെ ജാതീയത ചർച്ച ചെയ്യപ്പെടാതിരിക്കാനാണ് ഭാരതസർക്കാർ ശ്രമിച്ചത്. ഐക്യരാഷ്ട്രസഭയുടെ വർണ്ണ വർഗ്ഗവിവേചന നിവാരണ കമ്മറ്റിയിൽ ഇന്ത്യയ്ക്ക് കടുത്ത വിമർശനമാണ് ഏൽക്കേണ്ടിവന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഖണ്ഡിക 17-ാം വകുപ്പുപ്രകാരം തൊട്ടുകൂടായ്മ നിരോധിച്ചുവെങ്കിലും മതേതരരാഷ്ട്രമായ ഭാരതത്തിൽ എല്ലാ തലങ്ങളിലും ദളിതരോടുള്ള വിവേചനം നിലനിൽക്കുന്നുവെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയത് നമ്മുടെ മനസ്സാക്ഷിയെ തട്ടിഉണർത്തണം.

മതവിവേചനം ഒന്നുകൊണ്ട് മാത്രമാണ് ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത്. ഭാരതത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മതം മാറിയാലും ജാതി മാറുകയില്ല എന്നുള്ള തിരിച്ചറിവ് കൊണ്ടായിരിക്കും 2004 ഫെബ്രുവരി മാസം 8-ാം തീയതി "ഒരാൾ മതം മാറിയതുകൊണ്ടു മാത്രം ജന്മനാ ഉൾപ്പെട്ടിരുന്ന സമുദായത്തിലെ അംഗമല്ലാതാകുമെന്ന വാദം" അംഗീകരിക്കാനാവില്ലെന്ന് സുപ്രീം കോടതി വിധിച്ചത്. ഭരണഘടനാനുസൃതം നിയമപരമായ പരിരക്ഷ ദളിത് ക്രൈസ്തവർക്ക് ലഭിക്കണമെന്ന് സുപ്രീം കോടതി പറയുമ്പോൾ അധികാരികൾ കാണിക്കുന്ന അവഗണനയും അവസ്സരവാദ നിസ്സംഗതയും അക്ഷേപാർഹമാണ്. നീതി നിഷേധിക്കപ്പെട്ട സാധാരണക്കാരുടെ

ആശ്രയമായ കോടതിയെങ്കിലും ദളിത് ക്രൈസ്തവ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് പ്രത്യാശിക്കാം. ദളിത് ക്രൈസ്തവർ മറ്റു ദളിതർക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങൾക്കും അർഹരാണെന്ന് 1953 മുതലുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിച്ച നിരവധി കമ്മീഷനുകളുടെ റിപ്പോർട്ടും വിവിധ കോടതിവിധികളും വ്യക്തമാക്കിയിട്ടും സത്യാവസ്ഥ അറിഞ്ഞുകൊണ്ടുതന്നെ ഭരണാധികാരികൾ അവഗണനാനയം തുടരുകയാണ്. 1996-ൽ പാർലമെന്റിൽ ഇതു സംബന്ധിച്ച ബിൽ അവതരണം നടത്തി ചർച്ചയ്ക്കുള്ള നോട്ടീസിന് നൽകിയ സമയപരിമിതിയുടെ സാങ്കേതിക കാരണത്തിന്റെ പേരിൽ യാതൊരു ചർച്ചയും നടത്താതെ ദളിത് ക്രൈസ്തവരെ അപഹസിച്ചു. സുപ്രീം കോടതി ഈ അടുത്തകാലത്ത് ദളിത്ക്രൈസ്തവ സംവരണ പ്രശ്നപരിഹാരത്തിനുവേണ്ടി കേന്ദ്രസർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും യു. പി. എ. സർക്കാർ ഇനിയും അതിന് തയ്യാറായിട്ടില്ല.

അധഃസ്ഥിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും വിമോചനത്തിനുവേണ്ടി ശബ്ദം ഉയർത്തുന്നതും അവഗണിക്കപ്പെട്ടവരോട് പരിഗണനാപൂർവ്വം പക്ഷംചേരുന്നതും യേശുവിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാണെന്നും രക്ഷകനായ യേശു മാനവരക്ഷ സാധിച്ചത് പാവപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും പക്ഷം ചേർന്നാണെന്നും മനസ്സിലാക്കി ദൈവരാജ്യ സ്ഥാപനത്തിനായി വിളിക്കപ്പെട്ട ക്രൈസ്തവസഭാമക്കൾ എല്ലാവരും വിഭാഗീയതയും ആഭിജാത്യബോധവും വെടിഞ്ഞ് ദളിത് ക്രൈസ്തവ പ്രശ്നം തങ്ങളുടേതും സഭയുടേയും ആണെന്നുള്ള ബോധ്യത്തോടെ അവരുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ആത്മാർത്ഥമായി സഹകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. രാഷ്ട്രീയ സംവരണവും അധികാരപങ്കാളിത്തവും നേടിയെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം, നമ്മിൽത്തന്നെ മുന്നാക്ക-പിന്നോക്ക വിവേചനമോ, ആഭിജാത്യബോധമോ ഉണ്ടെങ്കിൽ അവ മാറ്റിയെടുക്കാനുള്ള മാനസികപരിവർത്തനവും സാധിച്ചെടുക്കണം. സഭയിലുള്ള സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ പ്രവേശനം, ഉദ്യോഗം എന്നിവയ്ക്ക് ദളിത് ക്രൈസ്തവർക്ക് കേരള കത്തോലിക്കാ മെത്രാൻ സംഘം പ്രഖ്യാപിച്ചിട്ടുള്ള സംവരണം സംരക്ഷിക്കേ

ണ്ടതാണ്. സാഹചര്യങ്ങളും സാധ്യതകളും കൂടുന്നതനുസരിച്ച് പരിഗണനയും, പരിരക്ഷാവർദ്ധനവും നൽകേണ്ടതും സഭയുടെ കടമയാണ്. അതുപോലെ തന്നെ ദളിത്ക്രൈസ്തവർക്ക് വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ സഭ കുറേയൊക്കെ ചെയ്യുന്നുണ്ടെങ്കിലും ഇനിയും ഏറെ ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസം നൽകുന്നതിൽ വേണ്ടത്ര താത്പര്യവും, ശ്രദ്ധയും പ്രകടിപ്പിക്കേണ്ടതോടൊപ്പം, ഉന്നതവിദ്യാഭ്യാസം നേടുന്നതിൽ ദളിത് ക്രൈസ്തവർ എത്രമാത്രം ഉയർന്നിട്ടുണ്ട് എന്നൊരു വിലയിരുത്തൽ നടത്തുവാനും നാം തയ്യാറാകണം. വിശ്വാസ ജീവിതത്തിൽ സഭയിൽ തുല്യതയും, അവസരസമത്വവും, വിവേചനരഹിതമായ ഇടപെടലും ഉണ്ടാകണം.

രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും പോറലേൽക്കാതെയും, പൊതുമുതൽ നശിപ്പിക്കാതെയും സമാധാനപരമായി സമരം ചെയ്യുന്നത് ക്രൈസ്തവമൂല്യങ്ങളിൽ വിശ്വസിക്കുന്നതുകൊണ്ട് മാത്രമാണ്. അക്രമവും അനീതിയും നടത്തിയെങ്കിലേ അധഃസ്ഥിതരുടെ അവകാശങ്ങൾ സംരക്ഷിക്കൂ എന്ന പിടിവാശി ഭരണാധികാരികൾ ഉപേക്ഷിക്കണം.

ഇനിയും വഞ്ചനയും അവഹേളനങ്ങളും സഹിച്ച് നിസ്സംഗത പാലിച്ചാൽ അത് ഭാവിതലമുറകളോട് കാണിക്കുന്ന പാതകമായിരിക്കുമെന്ന് മാത്രമല്ല നമ്മുടെ ഈ സ്ഥിതിയിൽ നിന്ന് മോചനവും ഉണ്ടാകില്ല. ദളിത്ക്രൈസ്തവരെ ദളിത് ലിസ്റ്റിൽപ്പെടുത്താൻ കേന്ദ്രത്തിലേക്ക് ശിപാർശ ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അതനുസരിച്ച് 1996-ൽ കേന്ദ്രത്തിൽ നിന്നയച്ച കത്തിന് മറുപടി നൽകാൻ സംസ്ഥാന സർക്കാർ ഇനിയും തയ്യാറായിട്ടില്ല. ഇതിനായി സമ്മർദ്ദം ചെലുത്താനുള്ള പോരാട്ടം ശക്തമാക്കേണ്ടതാണ്. നമ്മുടെ ഇടയിൽ ക്ലേശങ്ങൾ അനുഭവിക്കുന്ന ദളിത് ക്രൈസ്തവരോടും സാമൂഹ്യ-വിദ്യാഭ്യാസ മേഖലയിൽ പിന്നാക്കം നിൽക്കുന്ന എല്ലാവരോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും അവരുടെ സമഗ്രവിമോചനത്തിനായി ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുവാനും നമുക്ക് പരിശ്രമിക്കാം.

ദളിത് കത്തോലിക്കരുടെ ശാക്തീകരണത്തിനായി DCMS (ദളിത് കത്തോലിക്കാ മഹാസഭ) യുവാക്കൾക്കും വനിതകൾക്കുമായി പ്രത്യേകം സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു

അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിക്കുന്നുണ്ട്. 2006-2007 അദ്ധ്യയനവർഷം SSLC, +2, Degree, P. G., എന്നീ പരീക്ഷകളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് വാങ്ങി (ഫസ്റ്റ് ക്ലാസ്സ്) പാസ്സായ 585 ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് കെ. സി. ബി. സി. സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ വർഷവും അർഹതയുള്ള കുട്ടികളുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ ആഗസ്റ്റ് 31-നകം റവ. ഫാ. ജോൺ അരീക്കൽ, സെക്രട്ടറി, കെ. സി. ബി. സി. SC/ST/BC കമ്മീഷൻ, പാലാരിവട്ടം, കൊച്ചി-25 എന്ന വിലാസത്തിൽ 2008 ആഗസ്റ്റ് 30-നകം അയച്ചു കൊടുക്കേണ്ടതാണ്.

ജസ്റ്റിസ് സൺഡേ ദിനമായ ആഗസ്റ്റ് 17-ാം തീയതി വിശുദ്ധ കുർബാനമദ്ധ്യേ നടത്തുന്ന സംഭാവന ഔദാര്യപൂർവ്വം നിർവ്വഹിച്ച് ആത്മാർത്ഥമായി സഹകരിക്കണം. പ്രസ്തുത തുക ദളിത് പിന്നോക്ക വിഭാഗം ചെയർമാന്റെ പേരിൽ അയച്ചു കൊടുക്കേണ്ടതാണ്.

പാവപ്പെട്ട ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് നീതിയും, സമാധാനവും അധികാര പങ്കാളിത്തവും ഉറപ്പുവരുത്താൻ ക്രൈസ്തവരായ നമുക്ക് എല്ലാവർക്കും കൂട്ടായി പരിശ്രമിക്കാം. ഇതിനായി പ്രാർത്ഥിച്ചുകൊണ്ടും ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടും നിങ്ങളുടെ എല്ലാവരുടെയും സന്മനസ്സും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ടും.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ, KCBC SC/ST/BC Commission

**വൈസ് ചെയർമാൻമാർ:**
1. ആർച്ച് ബിഷപ്പ് തോമസ് മാർ കൂറില്ലോസ്
2. ബിഷപ്പ് മാത്യു ആനിക്കുഴിക്കാട്ടിൽ

***NB:-** ഈ സർക്കുലർ ആഗസ്റ്റ് 17-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# ന്യൂനപക്ഷ സംരക്ഷണം- വാക്കും പ്രവർത്തിയും

**ന്യൂനപക്ഷ സംരക്ഷണ വാദത്തിലെ വൈരുദ്ധ്യാത്മകത**

അടുത്ത കാലത്തായി ചില രാഷ്ട്രീയക്കാർ തങ്ങളാണ് യഥാർത്ഥത്തിൽ ന്യൂനപക്ഷങ്ങളുടെ സുഹൃത്തുക്കളെന്ന് ഇട യ്ക്കിടെ പ്രഖ്യാപിക്കാറുണ്ട്. അതിന് ഉദാഹരണമായി പറയുന്ന ഒരു കാര്യം അടുത്തയിടെ ഒറീസയിൽ ക്രിസ്ത്യാനികൾക്ക് പീഢ നങ്ങൾ ഉണ്ടായപ്പോൾ അവരുടെ കേന്ദ്ര നേതാക്കന്മാർ ഒറീ സയ്ക്കു പോകുവാൻ സന്നദ്ധത പ്രകടിപ്പിച്ചു എന്നുള്ളതാണ്. അതുപോലെ ഗുജറാത്തിലെ ക്രിസ്ത്യാനികൾക്കും അവർ പിന്തുണ നൽകി എന്നു പറയുന്നുണ്ട്. ഒരു നേതാവ് പറഞ്ഞ തായി കേട്ടത്, ന്യൂനപക്ഷങ്ങൾക്കുവേണ്ടി ജീവൻ പോലും ബലി കഴിക്കാൻ സന്നദ്ധരായതു തങ്ങൾ മാത്രമാണെന്നാണ്. അത് എവി ടെയാണെന്ന് എനിക്കു മനസ്സിലായിട്ടില്ല. അത് എന്തെങ്കിലുമാ കട്ടെ, ഈ പറഞ്ഞ ഇടങ്ങളിലെല്ലാം ഭരണം നടത്തുന്നവർ തങ്ങൾക്കെതിരായതുകൊണ്ടല്ലേ ഇങ്ങനെയുള്ള പ്രകടനങ്ങൾ നടത്തിയത് എന്നൊരു സംശയം അവശേഷിക്കുന്നുവെന്നു മാത്രം.

ഇപ്പോൾ നടക്കുന്ന സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മദർ തെരേസായുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നതായി കണ്ടു. അതുപോലെതന്നെ പള്ളിയുടെയും മോസ്കിന്റെയുമെല്ലാം ചിത്രീകരണങ്ങളും ഒരുവശത്ത് ഈശ്വരനാമത്തിൽ നിയമസഭാം ഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നത് അപമാനകരമാണെന്നു പറഞ്ഞുവച്ചിട്ടു അധികകാലമായിട്ടില്ല. മറ്റൊരു എം. എൽ. എ. കൂദാശ സ്വീകരിച്ചുവെന്നു ഒരാൾ പറഞ്ഞത് മോശമായി ചിത്രീക രിക്കപ്പട്ടതും അടുത്തയിടെയാണല്ലോ. ഒരു കാലത്ത് മദർ തെരേ സായുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലാളിത്തത്തെ നില നിർത്തുന്നതിനാണെന്നു പറഞ്ഞവർ മദറിന്റെ സംസ്കാരചടങ്ങു കൾ ആഘോഷമാക്കി. ഇപ്പോൾ ചിത്രങ്ങൾ സ്ഥാപിക്കുന്നു!!

അതേ സമയം, കുറെ നാളുകളായി സഭാദ്ധ്യക്ഷന്മാരെയും പുരോഹിതരേയും ദിവസേന മന്ത്രിമാരും നേതാക്കന്മാരും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് നാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനസമ്മേളന റാലിയിൽ ചേർന്നു പോയവർ പുരോഹിതന്മാരെ അവഹേളിച്ചുള്ള പാട്ടുകൾപാടി പോകുന്നതും കേൾക്കാൻ കഴിഞ്ഞല്ലോ. സഭയുടെ വിദ്യാലയങ്ങളിലെല്ലാം വിദ്യാഭ്യാസ കച്ചവടമാണെന്ന വ്യാപകമായ ദുഷ്പ്രചരണവും നേതാക്കന്മാരും, ആസ്ഥാനബുദ്ധിജീവികളും ചൊൽപടിയിൽ നിൽക്കുന്ന മാദ്ധ്യമങ്ങളും ചേർന്നു നടത്തുന്നുണ്ട്. എന്നാൽ സഭാ ശുശ്രൂഷികൾ ആശയങ്ങളെയും പ്രവണതകളെയുമാണ് എതിർക്കുക. മന്ത്രിമാരേയും നേതാക്കന്മാരെയും അവഹേളിക്കാൻ ഒരിക്കലും ശ്രമിക്കുന്നില്ല. അതവരുടെ ക്രിസ്തീയതയുടെ സ്വഭാവം മാത്രമാണ്.

**ന്യൂനപക്ഷതാൽപര്യങ്ങളാണ് സംരക്ഷിക്കപ്പെടേണ്ടത്**

ഭംഗിവാക്കുകളോ ചില അനുഭാവ പ്രകടനങ്ങളോ അല്ല ന്യൂനപക്ഷങ്ങൾക്കാവശ്യം. അവരുടെ ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടണം. ജനാധിപത്യമെന്തെന്നും മതവിശ്വാസങ്ങളുടെ മൂല്യമെന്തെന്നും അറിയാവുന്ന ഭരണഘടനാ നിർമ്മാതാക്കൾ അംഗീകരിച്ച അവകാശങ്ങൾ എടുത്തുകളയാനുള്ള ശ്രമമാണല്ലോ ഈ സർക്കാരും ഭരണകക്ഷികളും ആദ്യം തന്നെ നടത്തിയത്. മതസമൂഹങ്ങളുടെ നിലനിൽപ്പ് അവരുടെ ജീവിതദർശനവും ധാർമ്മികതയുടെ സംസ്കാരവുമെല്ലാം ഫലപ്രദമായി തലമുറകൾതോറും കൈമാറികൊടുക്കുന്നതിലൂടെയാണ്. ജന്മസിദ്ധമായ ഈ അവകാശം കവർന്നെടുക്കാൻ ശ്രമിക്കുകയും അതേ സമയം ന്യൂനപക്ഷ സ്നേഹിതരെന്ന്, പ്രചരണം നടത്തുകയും ചെയ്യുന്നതിലെ പൊള്ളത്തരം മനസ്സിലാക്കാൻ ഇവിടുത്തെ ജനങ്ങൾക്കറിയാം. എല്ലാം സ്റ്റേറ്റ് ഉടമയിൽ വന്നു ചേർന്നാൽ മാത്രമേ സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കൂ എന്ന പാർട്ടി നിലപാട് (ഉദാ. 1979 ൽ പാർട്ടി ഇറക്കിയ രേഖ) നിലവിലുള്ളപ്പോൾ ഭംഗിവാക്കുകൾ വിശ്വസിക്കാൻ ആർക്കും പ്രയാസമുണ്ടാകും (മലയാളം, ഫെബ്രുവരി 2008).

അവകാശം നിഷേധിക്കുകമാത്രമല്ല, ന്യൂനപക്ഷങ്ങളെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന സമീപനമാണല്ലോ ഇന്നത്തെ ഭരണാധികാരികൾക്കുള്ളത്. ഭരണഘടനാനുസൃതമായ വിദ്യാഭ്യാസ സ്വാതന്ത്ര്യം നിഷേധിക്കുന്നതിനു പറയുന്ന കാര

ണങ്ങൾത്തന്നെ സ്വകാര്യ ഏജൻസികളെ അപമാനിച്ചുകൊണ്ടാണ്. വിദ്യാഭ്യാസരംഗത്തെ അഴിമതി ഇല്ലാതാക്കാനാണെന്നു പറഞ്ഞാണല്ലോ സ്വാശ്രയനിയമത്തിലൂടെ ന്യൂനപക്ഷാവകാശം നിഷേധിക്കാൻ ശ്രമിച്ചത്. അഴിമതി ആരോപണങ്ങളുടെ നടുവിൽ നിൽക്കുന്ന നേതാക്കളും ഉദ്യോഗസ്ഥന്മാരും ന്യൂനപക്ഷങ്ങളെ അവഹേളിച്ചു ബലിയാടുകളാക്കുകയാണ്. സ്വകാര്യ വിദ്യാഭ്യാസ രംഗത്താണോ ഈ ദുഷ്ട് കുമിഞ്ഞുകൂടിയിരിക്കുന്നത്? പാപ മില്ലാത്തവൻ കല്ലെറിയട്ടെ എന്ന വേദവാക്യംകൂടി വേദവാക്യങ്ങൾ ഉദ്ധരിക്കുന്ന ഭരണകർത്താക്കൾ വായിച്ചിരുന്നെങ്കിൽ നന്നായി രുന്നു. ന്യായമായ ഫീസ് നിശ്ചയിക്കാതെ, മറ്റു മാർഗ്ഗങ്ങളിലൂടെ വിദ്യാലയനടത്തിപ്പിനാവശ്യമായ വക കണ്ടെത്തേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കുന്ന സർക്കാരാണു വാസ്തവത്തിൽ വിദ്യാഭ്യാസരംഗത്തു അഴിമതിനടക്കുന്നുവെങ്കിൽ ഉത്തരവാദി. അതോടൊപ്പം സ്വാശ്രയസ്ഥാപനങ്ങളിൽ നിന്ന് പലയിനങ്ങളി ലായി വൻതുകകൾ വസൂലാക്കി സർവ്വകലാശാലകൾക്കു മുതലാ ക്കുന്ന സർക്കാർ നടപടിയെക്കുറിച്ച് ആരും പറയുന്നില്ല. അതും പകൽകൊള്ളയല്ലയോ?

ഉന്നതവിദ്യാഭ്യാസരംഗത്തും സ്കൂൾതലത്തിലും നടത്തുന്ന പരിഷ്ക്കാരങ്ങളെന്ന് പറഞ്ഞുകൊണ്ടുവരുന്നതെല്ലാം മാനേജു മെന്റുകളെ നോക്കുകുത്തികളാക്കാനും എല്ലാം സർക്കാരിന്റെ പിടി യിലാക്കാനുമുള്ള ശ്രമങ്ങൾ മാത്രമാണ്. സ്വകാര്യവിദ്യാലയങ്ങൾ പ്രായോഗികമായി സർക്കാർ പിടിയിലായാൽ ഗുണനിലവാരം ഉയ രുമെന്നു പറഞ്ഞാൽ കേരളത്തിൽ ആരും വിശ്വസിക്കില്ല. കേരള ത്തിലെ സർക്കാർ വിദ്യാലയങ്ങളുടെ ഗുണനിലവാരമെന്താണ്? നല്ല സ്വഭാവരൂപവൽക്കരണവും ശിക്ഷണബോധവും ഉറപ്പിക്കുന്ന സ്വകാര്യ ഏജൻസികളെ ബലഹീനമാക്കുന്നത് സമുദായങ്ങൾക്കു മാത്രമല്ല സംസ്ഥാനത്തിനുതന്നെ ഭാവിയിൽ വലിയ വിപത്താ യിത്തീരും.

ന്യൂനപക്ഷങ്ങളെ ആക്ഷേപിക്കുകമാത്രമല്ല, മറ്റു സമുദായ ങ്ങളെ ന്യൂനപക്ഷങ്ങളിൽ നിന്നകറ്റാനായിട്ടാണ് ഇവിടെ ഇക്കൂട്ടർ വർഗ്ഗീയതയുടെ വാദം ഉന്നയിക്കുന്നത്. എന്നും ക്രൈസ്തവവി ദ്യാലയങ്ങളിൽ മതബോധവും നല്ല സ്വഭാവ രൂപവൽക്കരണവും നടത്തിയിരുന്നു. അതൊന്നും വർഗ്ഗീയതയ്ക്ക് ഇടയാക്കിയിട്ടില്ല. ഒരു പക്ഷേ, കൂടുതൽ ക്രൈസ്തവവിദ്യാലയങ്ങൾ ഉള്ളയിടങ്ങ

ളിലാണ് വർഗ്ഗീയത ഏറെ കുറഞ്ഞിരിക്കുന്നത്. ഈ നിലപാടുകൾ തുടരുന്നതിൽ മറ്റു മതങ്ങൾക്ക് എതിർപ്പില്ല. വർഗീയത ഉണ്ടെന്നു വരുത്താൻ സിദ്ധാന്തവാദികളായ പാർട്ടിക്കാരാണ് ശ്രമിക്കുന്നത് എന്നതാണ് വിചിത്രമായിട്ടുള്ളത്.

**ന്യൂനപക്ഷങ്ങൾക്കു ഭദ്രതാബോധമാണു വേണ്ടത്**

ഭംഗിവാക്കുകൾകൊണ്ടു മയങ്ങുന്നവരുടെ കൂട്ടത്തിൽ ഇവിടുത്തെ ന്യൂനപക്ഷങ്ങൾ ഉണ്ടാവില്ല. അവർക്ക് ഭംഗിവാക്കുകൾ അല്ല വേണ്ടത്. അവരുടെ താൽപര്യങ്ങളും മൗലികാവകാശങ്ങളും നിലനിൽക്കണം. അവരുടെ നിലനിൽപ്പിന്റെ കാര്യമായ വിദ്യാഭ്യാസരംഗത്തുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടാൻ പാടില്ല. അതിനു സഹായിക്കുന്നവരെയാണ് ന്യൂനപക്ഷങ്ങൾ മിത്രങ്ങളായിക്കാണുന്നത്.

ഇവിടുത്തെ ക്രൈസ്തവർക്ക് വിശ്വാസം അവരുടെ ജീവനാണ്, സഭ അവരുടെ മാതാവാണ്. വിശ്വാസത്തെ ഹനിക്കുന്ന സംരംഭങ്ങളുമായി മുന്നോട്ടുപോകുന്നവരെ എതിർക്കാതെ വയ്യ. നിരീശ്വരത്വത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുഴുവൻ രൂപാന്തരപ്പെടുത്താൻ ശ്രമിക്കുന്നിടത്ത് മതവിശ്വാസികൾ അതിനെ എതിർക്കുക സ്വാഭാവികം മാത്രമാണ്. ഇവിടെയാണു അടുത്ത കാലത്തിറങ്ങിയ ഇടയലേഖനത്തിന്റെ പ്രസക്തി. മറ്റു പല രാജ്യങ്ങളിലും സംഭവിച്ചതുപോലെ അത്തരം നീക്കങ്ങളിൽനിന്ന് പാർട്ടികൾ പിന്മാറുകയാണ് ജനാധിപത്യത്തിനു ചേർന്നത്. അതുപോലെ തന്നെ സഭയെ ബലഹീനപ്പെടുത്താനും സഭാ ശുശ്രൂഷികളെ ആക്ഷേപിക്കാനുമുള്ള ശ്രമങ്ങളെ എതിർക്കാതെയും വയ്യ. ഇത്തരം നയപരിപാടികളും പ്രവർത്തന ശൈലിയും മാറിയാലെ ഏതെങ്കിലും പാർട്ടിയെ ന്യൂനപക്ഷങ്ങളോടു അനുഭാവമുള്ളവരായി കാണാൻ കഴിയൂ. ആക്ഷേപിച്ചും, അവകാശങ്ങൾ കയ്യേറിയും ഭീഷണിപ്പെടുത്തിയും ന്യൂനപക്ഷസംരക്ഷണം സാധിക്കില്ലല്ലോ. ന്യൂനപക്ഷങ്ങൾക്ക് ഭദ്രതാബോധം ഉണ്ടാകുകയുമില്ല. അവരുടെ വിശ്വാസം സമാർജിക്കാനും പറ്റില്ല.

വാക്കുകളെക്കാൾ തുറന്നമനോഭാവവും പ്രവർത്തികളുമാണാവശ്യം. വിദ്യാഭ്യാസരംഗത്തുള്ള സ്വകാര്യ ഏജൻസികളെ പങ്കാളികളായിക്കാണാൻ കഴിയണം. തെറ്റുകളുണ്ടെങ്കിൽ സർക്കാരും വിദ്യാലയങ്ങളും അവ തിരുത്തണം, അസ്തിത്വം നിഷേധിക്കുകയല്ല വേണ്ടത്.

**ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ**

# രൂപതാകച്ചേരി വാർത്തകൾ

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ജൂലൈ മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന പ്രകാരം സെപ്റ്റംബർ 14 മുതൽ 19 വരെയും 21 മുതൽ 26 വരെയും രണ്ടു ബാച്ചുകളിലായി നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം നടക്കുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. ബഹു. വൈദികർ ഇടവകജനത്തെ ഇക്കാര്യം മുൻകൂട്ടി അറിയിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**സ്നേഹസ്മരണ**

നമ്മുടെ പ്രിയപ്പെട്ട ജോസ് മഴുവഞ്ചേരി അച്ചന്റെ 23-ാം ചരമവാർഷികം സെപ്തംബർ 2-ാം തീയതിയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ സ്നേഹപൂർവ്വം സ്മരിക്കാം.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം 2008 ആഗസ്റ്റ് 13-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. എല്ലാ വൈദികരും സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**LIVING TOGETHER PROGRAMME**

Living Together Programme -ന്റെ രണ്ടാം ബാച്ച് ആഗസ്റ്റ് 11-ാം തീയതി തിങ്കളാഴ്ച 7.15 മുതൽ 13-ാം തീയതി ബുധനാഴ്ച രാവിലെ വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. 2-ാം ബാച്ചിൽ പങ്കെടുക്കേണ്ടവരുടെ പേരും വിശദവിവരങ്ങളും ജൂൺ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**പാസ്റ്ററൽ കൗൺസിൽ**

പുതുതായി രൂപീകരിക്കപ്പെടുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമസമ്മേളനം 2008 സെപ്റ്റംബർ 6-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയായ മൗണ്ട്മേരി കോളേജിൽവച്ച് (ബിഷപ്സ് ഹൗസിന് തൊട്ടടുത്ത്) ചേരുന്നു. ചില അവിചാരിത കാരണങ്ങളാലാണ് നേരത്തെ അറിയിച്ച തീയതി മാറ്റേണ്ടിവന്നത്. സമ്മേളനത്തിന്റെ വിശദവിവരങ്ങൾ അംഗങ്ങളെ കത്തുവഴി അറിയിക്കുന്നതാണ്.

**ജീസസ് ഫ്രട്ടേണിറ്റി - ആഗസ്റ്റ് 10**

ജയിൽ മിനിസ്ട്രിയുടെ ഭാഗമായി ജയിലിൽ കഴിയുന്ന സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഈ അജപാലനശുശ്രൂഷയിൽ നമ്മുടെ സഹായ സഹകരണങ്ങൾ പ്രകടിപ്പിക്കുന്നതിനുമുള്ള പ്രത്യേക അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി സൺഡേ. ആഗസ്റ്റ് 10-ാം തീയതി ഈ ദിനം സമുചിതമായി ആചരിക്കുന്നതിന് സഹായകമായ കാര്യങ്ങൾ പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ രക്ഷാധികാരി മോസ്റ്റ് റവ. ബിഷപ്പ് പീറ്റർ റെമിജീയൂസിന്റെയും നാഷണൽ ഡയറക്ടർ ഫാ. ജോസ്കുട്ടി കാലായിലിന്റെയും അറിയിപ്പുകൾ ജൂലൈ മാസത്തെ ബുള്ളറ്റിന്റെ 572 മുതൽ 577 വരെയുള്ള പേജുകളിൽ കൊടുത്തിട്ടുണ്ട്. അന്നത്തെ സ്തോത്രക്കാഴ്ച ജയിലിൽ കഴിയുന്ന സഹോദരങ്ങൾക്കുവേണ്ടി സ്വീകരിക്കുകയും രൂപതാകേന്ദ്രത്തിലേക്ക് അയച്ചുതരികയും ചെയ്യുമല്ലോ.

**ജസ്റ്റിസ് സൺഡേ - ആഗസ്റ്റ് 17**

1986-ലെ CBCI തീരുമാനമനുസരിച്ച് എല്ലാ വർഷവും ആഗസ്റ്റ് 15-ന് ശേഷം വരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിച്ചു വരികയാണല്ലോ. അതനുസരിച്ച് ആഗസ്റ്റ് 17-ാം തീയതിയാണ് ഇക്കൊല്ലത്തെ ജസ്റ്റിസ് സൺഡേ. ദളിത് കത്തോലിക്കരെ പ്രത്യേകം സ്മരിക്കുന്നതിനും അന്നേദിവസം അവർക്കുവേണ്ടി പ്രത്യേകം സ്ത്രോത്രക്കാഴ്ച സ്വീകരിച്ചു രൂപത കേന്ദ്രത്തിലേയ്ക്കും അയച്ചുതരുമല്ലോ.

**APPOINTMENTS**

| | | |
|---|---|---|
| ഫാ. ചൂരപൊയ്കയിൽ രാജേഷ് CMI | - | നിരവിൽപ്പുഴ |
| ഫാ. അരിമന ജോഷി O.Praem | - | പുതിയിടം |
| ഫാ. കിഴക്കരക്കാട്ട് വിജിൽ O.Praem | - | സംഗമേശ്വരപെട്ട്, ബാളെഹന്നൂർ, ക്കൗൾദൂർ |

**മോൺ ജോർജ് മൂലയിൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൻ

9-6-08-ന് റീജിയനിൽ സേവനം ചെയ്യുന്ന വൈദികരുടെയും സന്യസ്തരുടെയും സമ്മേളനം നടത്തി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ച് ജപമാല സമർപ്പണത്തിലൂടെ റീജിയനെ മുഴുവൻ സമർപ്പിച്ചശേഷം പാരിഷ്ഹാളിൽ എല്ലാവരും ഒരുമിച്ചു കൂടി. റീജിയണൽ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ആമ്പശ്ശേരി എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് സഭാമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന നോർബർട്ടൈൻ അച്ചന്മാർക്ക് എല്ലാവരും ചേർന്ന് മംഗളങ്ങൾ ആശംസിച്ചു. സി. ഉഷ CMC നോർബർട്ടൈൻ വൈദികരുടെ സേവനത്തെ ശ്ലാഘിച്ച് സംസാരിക്കുകയും പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്തു. തുടർന്ന് റീജിയണിലെ പ്രവർത്തനങ്ങളെ വിലയിരുത്തി. സംഘടനകളുടെ പുതിയ ഡയറക്ടേഴ്സിനെയും ജോ. ഡയറക്ടേഴ്സിനെയും തിരഞ്ഞെടുത്തു.

| | | |
|---|---|---|
| മതബോധന ഡയറക്ടർ | - | റവ. ഫാ. അഗസ്റ്റിൻ ആമ്പശ്ശേരി |
| ജോ. ഡയറക്ടർ | - | സി. ഉഷ CMC |
| കെ. സി. വൈ. എം. | - | റവ. ഫാ. മനോജ് ജീരകശ്ശേരി |
| ജോ. ഡയറക്ടർ | - | സി. ആൻസിൽ SABS |

**മതബോധനം**

ബഹുമാനപ്പെട്ട വികാരിമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2-6-08-ന് എൽ. എഫ്. പള്ളിയിൽ വച്ച് നടന്നു. മതബോധന ഡയറക്ടറായി നിയമിതനായ ബഹുമാനപ്പെട്ട ആമ്പശ്ശേരിയച്ചനെ സ്നേഹപൂർവ്വം ടീമിലേക്ക് സ്വാഗതം ചെയ്തു. +2, 10, 7, 5 ക്ലാസ്സുകളിലെ സ്കോളർഷിപ്പുഫലം പ്രഖ്യാപിച്ചു.

**+2** 1) പ്രിയ മംഗലൻ - വർക്കട്ട
2) ഷാനിജ പുതുശ്ശേരി - വർക്കട്ട
3) സരിത കോയിക്കര - എൻ. ആർ. പുര

**10** 1) ജോമി പുതുശ്ശേരി - എൻ. ആർ. പുര
2) ആദർശ് കാച്ചിപ്പള്ളി - കൊപ്പ
3) സജി എടത്തിനാലി - എൻ. ആർ. പുര

**7** 1) ജ്യോതിസ് മരിയ കുഴിപ്പള്ളി - കൊപ്പ
2) സുഷമ കൂരൻ - എൻ. ആർ. പുര

**5** 1) സിഞ്ജന കോലഞ്ചേരി - എൻ. ആർ. പുര
2) അനുഷ - ഷെട്ടിക്കൊപ്പ

**മിഷൻലീഗ്**

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ശാഖാ ഭാരവാഹികളുടെയും ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് എൽ. എഫ്. പള്ളിയിൽ വച്ചു നടന്നു. പുതിയ റീജിയണൽ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കെ. സി. വൈ. എം. എൻ. ആർ. പുര**

**വചനവിസ്മയം - മെയ് 31**

പത്രമാസികകളിലൂടെ, റേഡിയോ, ടി. വി. ചാനലുകളിലൂടെ വചനം പ്രഘോഷിക്കപ്പെടുന്നു. എന്നാൽ മാജിക് വഴി വചനം പ്രഘോഷിക്കപ്പെടുക എൻ. ആർ. പുരയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമായിരുന്നു. ഈ സംരംഭം ഏറ്റം മനോഹരമാക്കുവാൻ അനുഗ്രഹിച്ച നല്ല തമ്പുരാന് നന്ദിയും അർപ്പിക്കുന്നു. കെ. സി. വൈ. എം. ഡയറക്ടറായിരുന്ന ബഹു. പോൾ വല്ലാട്ടച്ചനും സംഘാടകർക്കും നന്ദിയുടെ നറുമലരുകൾ.

**സെന്റ് നോർബർട്ട് ചർച്ച് കൊപ്പ**

വി. നോർബർട്ടിന്റെ തിരുനാൾ ജൂൺ 8-ാം തീയതി സമുചിതമായി ആചരിച്ചു. എല്ലാ ശനിയാഴ്ചയും വി. നോർബർട്ടിനോടുള്ള നൊവേന ആരംഭിച്ചു. ഭക്തിനിർഭരമായ വി. ബലിയ്ക്കും അനുഗ്രഹദായകമായ ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും റവ. ഫാ. തോമസ് അറയ്ക്കൽ നേതൃത്വം നൽകി.

**സന്യാസ സംഗമം**

സി. എം. സി. പുഷ്പ കോൺവെന്റിൽ വെച്ച് 14-6-08-ന് മാസധ്യാനം നടത്തി. ബഹു. ചാക്കോ പാറക്കാട്ടുകുഴിയിൽ CMI വചനസന്ദേശം നൽകി. അനുരഞ്ജനകൂദാശ സ്വീകരിക്കുവാനുള്ള അവസരം ഉണ്ടായിരുന്നു.

**അനുമോദനങ്ങൾ**

ഓസ്ട്രേലിയായിൽ വച്ചു നടന്ന ലോകയുവജന സമ്മേളനത്തിൽ പങ്കെടുത്ത തോമസ് അറയ്ക്കലച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാനിർഭരമായ അനുമോദനങ്ങൾ.

**സി. സ്മിത നാല്പാടൻ SABS**

# ദൈവവചനവർഷം - 2008

പാദങ്ങൾക്ക് വിളക്കും പാതകളിൽ പ്രകാശവുമായ യേശു വചനം (സങ്കീ: 119/105) മനുഷ്യഹൃദയത്തിലെ ഇരുട്ടിനെ നീക്കി പ്രഭാപൂരമാക്കുന്നു. മനുഷ്യൻ യാത്രികനാണ്. യാത്രയ്ക്ക് വഴി വേണം. പ്രകാശം വേണം. അന്ധകാര നിബിഢമായ പാദയോരങ്ങളിൽ നാം നടക്കേണ്ടത് യേശു വചനത്തിന്റെ വെളിച്ചത്തിലാണ്.. മലങ്കര റീത്തിൽ വി. കുർബാന ഉയർത്തി വൈദികൻ പ്രാർത്ഥിക്കുന്നു. 'ഇതാണ് നമ്മുടെ വെളിച്ചം' വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു (സങ്കീ. 119/130). പ്രതിസന്ധികളിലൂടെ പ്രലോഭനങ്ങളിലൂടെ മനുഷ്യൻ ഇരുട്ടിൽ തപ്പിതടയുമ്പോൾ - വചനം ഉപദേശത്തിലൂടെ, സാന്ത്വനത്തിലൂടെ മാർഗ്ഗദർശനത്തിലൂടെ, തിരുത്തലിലൂടെ നമ്മെ വഴി നടത്തുന്നു. ആത്മാവിൽ വെളിച്ചം വിതറി ഹൃദയത്തിൽ സമാധാനവും സന്തോഷവും നൽകുന്നു.

മനുഷ്യന്റെ വാക്ക് ശക്തമാണ്. പ്രചോദനം നൽകുന്നു. ആശ്വാസം നൽകുന്നു. വെളിച്ചം വിതറുന്നു. എങ്കിൽ ദൈവത്തിന്റെ വാക്ക് കൂടുതൽ പ്രകാശം തരുന്നു. അതെ - വചനം ദൈവത്തിലേക്ക് വെളിച്ചം വീശുന്നു. ഒരു മനുഷ്യനെ അറിയുക അവന്റെ വാക്കിലൂടെ എന്നതുപോലെ - യേശുവിനെ അറിയുക യേശുവിന്റെ വാക്കിലൂടെ - വചനത്തിലൂടെയാണ്. വി. ജറോം പറയുന്നു- 'ബൈബിളിനെക്കുറിച്ചുള്ള അജ്ഞത യേശുവിനെക്കുറിച്ചുള്ള അജ്ഞതയാണ്' -അറിയുക- അറിയും തോറും കൂടുതൽ സ്നേഹിക്കാം... യേശുവിനെ അറിയാൻ നിരന്തരം അടുത്ത് ഇടപഴകുക വായിക്കുക..

കുരുമുളക് വായിലിട്ടാൽ ഒന്നുമില്ല. കടിച്ചാൽ
എരുവ്, കണ്ണീര് എന്നിവ വരും. ഇതുപോലെ
വചനമാകുന്ന കുരുമുളക് കടിച്ചാൽ ദൈവസ്നേഹ-
ത്തിന്റെ എരിവും അനുതാപത്തിന്റെ കണ്ണീരും വരും...

വചനത്തിന് മാംസം നൽകിയ പരിശുദ്ധ അമ്മ സ്വർഗ്ഗാരോപിതയായി സ്വർഗ്ഗത്തിൽ പുഞ്ചിരി തൂകി നിൽക്കുന്നു.. അമ്മ യഥാർത്ഥവും സമഗ്രവുമായ സ്വാതന്ത്ര്യത്തിന്റെ സ്വപ്നങ്ങൾ നമ്മിൽ വിടർത്തുന്നു. സമഗ്ര സ്വാതന്ത്ര്യത്തിന്റെ മാതൃകയായ പരിശുദ്ധ മറിയം ആ സ്വാതന്ത്ര്യത്തിലേക്കുള്ള സൂത്രവാക്യം നമ്മോട് പറയുന്നു - 'അവൻ പറയുന്നതുപോലെ ചെയ്യുക' (യോഹ.2/5)

**നന്ദിയോടെ...**

കഴിഞ്ഞ നാളുകളിൽ രൂപതയുടെ വചനവർഷ സമിതിയുടെ കൺവീനറായി പ്രവർത്തിച്ച് വചനവർഷാചരണം രൂപതയുടെ ആവേശമായി മാറ്റിയെടുത്ത ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചന് ഹൃദ്യമായ നന്ദി.. വചനം ഹൃദയത്തിൽ സ്വീകരിച്ച് വിശുദ്ധിയുടെ പരിമളം പരത്തി രൂപതയുടെ വിവിധ വേദികളിലൂടെ 'വചനം' ശക്തിയും കരുത്തുമായി - പ്രയാണങ്ങളിലൂടെ, ക്ലാസ്സുകളിലൂടെ, നേതൃസംഗമങ്ങളിലൂടെ, മാർഗ്ഗ രേഖയിലൂടെ - തന്റെ തൂലികയിലും ചിന്തയിലും കർമ്മത്തിലും പടർന്ന് നിന്ന വചനസാഗരത്തിന്റെ അലയടികൾ ഇന്നും രൂപത മുഴുവൻ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. പുതിയ വഴിത്താരയിൽ ദൈവകൃപ ധാരാളമായി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. വചനത്താൽ പ്രകാശിതമായ ജീവിതശൈലി അനേകായിരങ്ങൾക്ക് ഉണർവ്വും ശക്തിയും ഉന്മേഷവും നൽകി വിത്ത് വിതറുന്ന നല്ല കൃഷിക്കാരനാവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥന രൂപത മുഴുവനും സ്നേഹ ബഹുമാനപ്പെട്ട് പുത്തേനച്ചന്-എളിമയോടെ, കൃതജ്ഞതയോടെ സമർപ്പിക്കുന്നു..

**കത്തോലിക്കാ നേതൃസംഗമം**

ഫൊറോനാതലത്തിൽ വിഭാവനം ചെയ്ത നേതൃസംഗമം

വാഴവറ്റ, കൽപ്പറ്റ, തരിയോട് എന്നിവിടങ്ങളിലായി വളരെ ഭംഗിയായി ക്രമീകരിച്ചു. നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചൻമാർ റവ. ഫാ. ജോസ് കൊച്ചറക്കൽ, റവ. ഫാ. മാത്യു പൈക്കാട്ട് എന്നിവർക്കും എല്ലാ ഇടവക വികാരിയച്ചൻമാർക്കും പങ്കെടുത്ത എല്ലാ സഭാ ശുശ്രൂഷകർക്കും ഹൃദ്യമായ നന്ദിയും അനുമോദനവും അറിയിക്കുന്നു. തരിയോട് ഫൊറോനയിൽ വികാരിയച്ചൻമാരുടെ മുഴുവൻ സമയ സാന്നിധ്യം ആവേശം നൽകി. ക്ലാസുകൾ നയിച്ച , റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ, റവ. ഫാ. ജയ്സൺ തുണ്ടത്തിൽ വെരി. റവ. ഫാ. ജോർജ് മൂലയിൽ, ശ്രീ. ചാക്കോച്ചൻ പുത്തൻപുര, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. ബെന്നി വെട്ടിക്കാമുകളേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സി. ജെസി പോൾ SH, എന്നിവർക്കും പ്രത്യേകം നന്ദി. നേതൃസംഗമം വാഴവറ്റയിൽ ഉൽഘാടനം ചെയ്ത റവ. ഫാ. ജോസ് മൊളോപ്പറമ്പിലിനും, കൽപ്പറ്റയിൽ ഉൽഘാടനം ചെയ്ത പെരിയ ബഹു. ജോർജ് മൂലയിലച്ചനും, തരിയോട് ഉൽഘാടനം ചെയ്ത റവ. ഫാ. മാത്യു പൈക്കാട്ടിനും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

ആഗസ്റ്റു മാസത്തിൽ പയ്യമ്പള്ളി, മാനന്തവാടി ഫൊറോനകളിൽ സംഘടിപ്പിക്കുന്ന നേതൃസംഗമത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**മാസധ്യാന മീറ്റിംഗ്**

ജൂലൈ മാസത്തിലെ വിവിധ ധ്യാന മീറ്റിംഗുകളിൽ വിവിധ വൈദികർ പങ്കെടുക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ ഫൊറോന വികാരിമാർ നേതൃത്വം നൽകി വചന വർഷത്തെക്കുറിച്ച് പ്രത്യേകിച്ച് വചനോത്സവിനെക്കുറിച്ച് ചർച്ച ചെയ്തതിന് വളരെ നന്ദി.. നേതൃത്വം നൽകിയ പെരിയ ബഹു. ജോർജ് മൂലയിലച്ചൻ, മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ, ടോമിയച്ചൻ, പാറയിലച്ചൻ, സണ്ണി കൊല്ലാർതോട്ടത്തിലച്ചൻ മറ്റ് ഫൊറോന വികാരിമാർ എന്നിവർക്ക് പ്രത്യേകം നന്ദി.

**റിസോഴ്സ് പേഴ്സൺസ് മീറ്റ് (12.7.08)**

'വചനോത്സവ് 08' ന്റെ ഫലപ്രദമായ നടത്തിപ്പിനായി വൈദി

കരും അത്മായരുമടങ്ങുന്ന ഒരു Resource ടീമിന് രൂപം നൽകി. ക്ലാസ്സുകൾക്കാവശ്യമായ നോട്ടുകൾ തയ്യാറാക്കി വിശദീകരിച്ച് നൽകി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ വൈദികർക്കും അത്മായ സുഹൃത്തുക്കൾക്കും പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു.

**വചനോത്സവ് 08 – ആരംഭിക്കുന്നു**

ഇടവക ജനങ്ങളെ വചനത്തിൽ ആഴപ്പെടുത്തുവാനും വചനാത്മക ക്രൈസ്തവ ജീവിതശൈലി സ്വീകരിച്ച് സഭയ്ക്കും സമൂഹത്തിനും കരുത്തേകി ഒരു ശക്തമായ ദൈവജനമായി വളരുവാൻ – ഓരോ ഇടവകയിലും വചനോത്സവ് – ആഗതമായി. വചനോത്സവ്-08 ന്റെ രൂപതാതല ഉൽഘാടനം ജൂലൈ 20 ഞായറാഴ്ച ബത്തേരി അസംപ്ഷൻ പള്ളിയിൽ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ നിർവ്വഹിച്ചു. പ്രസ്തുത ദിനത്തിൽ ആ ഫൊറോനയിലെ – അമ്പലവയൽ, ചിത്രഗിരി, കല്ലുമുക്ക്, കരണി, മീനങ്ങാടി, ബത്തേരി, തോമാട്ടുചാൽ, വാകേരി ഇടവകകളിൽ അർദ്ധദിന വചനസെമിനാറും ഉണ്ടായിരിന്നു. മറ്റ് ഇടവകകളിൽ പിന്നീട് ആയിരിക്കും. ബഹു. വികാരിയച്ചന്മാർക്കും, കൈക്കാരന്മാർക്കും പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. ക്ലാസുകൾക്ക് നേതൃത്വം നൽകിയ ബഹു. അച്ചന്മാർ, അത്മായ സഹോദരർ എന്നിവരെ കൃതജ്ഞതയോടെ ഓർക്കുന്നു. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ഫാ. ജോസഫ് വയലിൻ CMI, ഫാ. സാബു (അൽവേർണാശ്രമം), ഫാ. ജോബി (ലാസ്‌ലറ്റ് ആശ്രമം), ഫാ. ജോളി കിഴക്കേപുത്തൻപുര OPraem, ഫാ. തോമസ് കാട്ടുതുരുത്തിയിൽ, ഫാ. അനൂപ് മുപ്രാപ്പള്ളിയിൽ നോർബർട്ടൈൻ, ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർക്കും– ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ടോമി നെടുംകൊമ്പിൽ, ശ്രീ. ബെന്നി വെട്ടിക്കാമുകളേൽ, സി. മോളി SJL, സി. ജസി പോൾ SH എന്നിവർക്കും പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**ജൂലൈ 19 നേതൃസംഗമം– നടവയലിൽ**

നടവയൽ ഫൊറോനയിലെ എല്ലാവർക്കുമായി ഒരുക്കിയ നേതൃസംഗമത്തിൽ ബഹു. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ

പാലക്കിൽ ഉൽഘാടനം ചെയ്തു. ക്ലാസ്സുകൾക്ക് ഫാ. സണ്ണി കൊല്ലാർതോട്ടം, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. തോമസ് ഏറണാട്ട് എന്നിവർ നേതൃത്വം നൽകി. സംഗമത്തിൽ പങ്കെടുത്ത മുഴുവൻ വികാരിമാർക്കും, സഭാശുശ്രൂഷകർക്കും പ്രത്യേകമായ നന്ദി അറിയിക്കട്ടെ. വിജയത്തിനായി പ്രവർത്തിച്ച എല്ലാ വികാരിയച്ചന്മാരേയും നന്ദിയോടെ ഓർക്കുന്നു.

**വി. പൗലോസിന്റെ വർഷം**

വി. പൗലോസ് അപ്പസ്തോലന്റെ പ്രേഷിത ചൈതന്യവും തീഷ്ണതയും ഉൾക്കൊണ്ട് സഭയെ ശക്തിപ്പെടുത്തുവാൻ, പടുത്തുയർത്തുവാൻ - സഭക്കെതിരെ ഉയരുന്ന ശക്തികളെ അടിച്ചമർത്താൻ വി. പൗലോസിന്റെ മാതൃക നമുക്ക് സ്വീകരിക്കാം. രൂപതാതല ഔദ്യോഗിക ഉൽഘാടനം ജൂൺ 29-ന് കൽപ്പറ്റ ഡി പോളിൽ വെച്ച് ബഹു. ജോർജ് മൂലയിലച്ചൻ വി. കുർബാന മധ്യേ, വി. പൗലോസിന്റെ രൂപം അനാച്ഛാദനം ചെയ്തു നിർവ്വഹിച്ചു. വി. പൗലോസിന്റെ മനോഹരമായ രൂപം (Flex Calendar) ആവശ്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**വചന നിധി**

വചന നിധിയിലേക്ക് സംഭാവന നൽകിയവരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

പാൽച്ചുരം 1000, തലഞ്ഞി 1000, ഇടിവണ്ണ 1000, മൂലേപ്പാടം 500, മരുദ 200, പനമരം പുഷ്പഗിരി ആശ്രമം 490, T.K കോളനി 100, കരിമ്പിൽ 1000. ഇനിയുള്ളവർ എത്രയും വേഗം ഈ നിധിയിലേക്ക് സംഭാവന ചെയ്യുമല്ലോ. മേൽപ്പറഞ്ഞ ഇടവകകൾക്ക് നന്ദിയും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

**അറിയിപ്പുകൾ**

1. വചനോത്സവ് - ഓരോ ഫൊറോനയിലും ക്രമീകരിച്ചതനുസരിച്ച് - മുൻകൂട്ടി ഒരുക്കങ്ങൾ നടത്തുമല്ലോ.
2. 1 വൈദികനും 1 അൽമായനും അടങ്ങുന്ന ടീമാണ് അർദ്ധ സെമിനാറിന് വരിക. പ്രോഗ്രാം ഇപ്രകാരമായിരിക്കും.

8.30 - വി. കുർബാന 9.45 വരെ
9.45 - വചന പ്രതിഷ്ഠ
10 - Class - വചനം
11 - Tea Break
11. 15 - Class- വചനാത്മക ക്രൈസ്തവ ജീവിതം
12.15 - വി. കുർബാനയുടെ ആരാധന
12. 45 - ആശീർവാദം - തീരുന്നു.

3. ക്ലാസ്സിനു വരുന്നവർക്ക് ഇടവകകളിൽ നിന്ന് T.A നൽകുമല്ലോ.
4. ഓരോ ഇടവകകളിലും വരുന്ന ദിവസത്തെക്കുറിച്ച് മുൻകൂട്ടി രൂപതയിൽ നിന്നും അറിയിക്കുന്നതാണ്. വചന ഡയറിയിൽ കൊടുത്ത തീയതികൾ തന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്.

ഇതുവരെ വചനവർഷം ഭംഗിയാക്കാൻ സഹായിച്ച എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം ഇടവകകളിൽ പുതുമയാർന്ന കർമ്മ പദ്ധതികളുമായി വചന വർഷം കൂടുതൽ സജീവവും, അനുഭവവേദ്യവുമാക്കാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി കൊല്ലാർതോട്ടം**
വചന വർഷ സമിതി കൺവീനർ



# മതബോധനരംഗം

**പാദവാർഷിക പരീക്ഷ**

ഈ അധ്യയനവർഷത്തെ പാദവാർഷിക പരീക്ഷ ആഗസ്റ്റ് 31-ാം തീയതി രാവിലെ 11.30 മുതൽ 1.30 വരെയാണ്. കുട്ടികളുടെ വിശ്വാസജീവിത വിശകലനവും ശരിയായ ദിശാബോധവുമാണ് ഇതിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ അധ്യാപകർ സിലബസനുസരിച്ച് പാഠഭാഗങ്ങൾ പഠിപ്പിച്ച് കുട്ടികളെ ഒരുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ചോദ്യപേപ്പറുകൾ**

ആഗസ്റ്റ് 30-ന് രാവിലെ 10 മണിമുതൽ 5.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

ചുങ്കക്കുന്ന്, പയ്യംമ്പള്ളി, മാനന്തവാടി ഫൊറോനകൾ മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും നിലമ്പൂർ, മണിമൂളി, കല്ലോടി, തരിയോട്, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, ബത്തേരി, ഗൂഡല്ലൂർ എന്നീ ഫൊറോനകൾ രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

**HCC (+1, +2) അപേക്ഷാഫോറം**

+1, +2 അപേക്ഷ 10 രൂപ ഫൈനോടുകൂടി രൂപതാ മതബോധന ഓഫീസിൽ എത്തിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 14-ാം തീയതിയാണ്. അതിനുശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**HDC Contact Class**

ഒന്നാംവർഷം HDC ക്കാരുടെ ആദ്യത്തെ Contact Class

ആഗസ്റ്റ് 16-ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്.

**അധ്യാപക പരിശീലനം**

ആഗസ്റ്റ് 30, 31 തീയതികളിൽ XI-ാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകർക്കും പരിശീലനം നൽകുന്നതാണ്. 30-ാം തീയതി രാവിലെ 9.00 മണിമുതൽ 31-ാം തീയതി വൈകുന്നേരം 4.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും. XI-ാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഈ പരിശീലനത്തിൽ വരേണ്ടതാണ്.

സെപ്റ്റംബർ 6-ാം തീയതി രാവിലെ 9.00 മണിമുതൽ 7-ാം തീയതി വൈകുന്നേരം 4.00 മണിവരെ, I മുതൽ IX വരെയുള്ള ക്ലാസുകളിലെ അധ്യാപകർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കാത്തവർക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു പരിശീലനം സംഘടിപ്പിക്കുകയാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ പറഞ്ഞയയ്ക്കുവാൻ വികാരി അച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കണെ.

ട്രെയിനിംഗിൽ പങ്കെടുക്കാൻ എത്രപേരുണ്ടെന്നും, ഏതൊക്കെ ക്ലാസിൽ ആണെന്നും തന്നിരിക്കുന്ന ഫോറത്തിൽ പൂരിപ്പിച്ച് 31-7-08 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മതാപിതാക്കൾക്ക് സെമിനാർ**

തലഞ്ഞി, കൽപ്പറ്റ, കാവുംമന്ദം, പറളിക്കുന്ന് തുടങ്ങിയ ഇടവകകളിൽ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. വർക്കിനിരപ്പേൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സെമിനാർ സംഘടിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും പങ്കെടുത്ത മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

ഈ പ്രവർത്തന വർഷത്തെ കുട്ടികളുടെ എണ്ണം ക്ലാസടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. ഇതനുസരിച്ചായിരിക്കും പരീക്ഷയ്ക്ക് ചോദ്യപേപ്പർ അയയ്ക്കുന്നത്. എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ ഉടൻ തന്നെ ഓഫീസിൽ അറിയിക്കണം.

## Question Paper Number for the Year 2008-09

| NO. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | BOYS | GIRLS |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | | |
| 1 | Ambalavayal | 22 | 27 | 41 | 31 | 33 | 31 | 41 | 29 | 34 | 31 | 17 | 20 | 180 | 177 |
| 2 | Bathery | 58 | 74 | 46 | 75 | 66 | 70 | 64 | 67 | 67 | 67 | 62 | 43 | 354 | 405 |
| 3 | Cheengavallam | 3 | 5 | 5 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 7 |
| 4 | Chithragiri | 16 | 7 | 10 | 11 | 14 | 19 | 10 | 19 | 14 | 14 | 9 | 5 | 82 | 66 |
| 5 | Chulliod | 7 | 9 | 10 | 9 | 6 | 7 | 4 | 7 | 3 | 5 | 4 | 3 | 39 | 40 |
| 6 | Kadalmad | 12 | 11 | 6 | 9 | 6 | 12 | 11 | 14 | 13 | 14 | 5 | 11 | 58 | 66 |
| 7 | Kallumukku | 7 | 6 | 0 | 0 | 7 | 0 | 0 | 4 | 4 | 3 | 0 | 6 | 27 | 20 |
| 8 | Karani | 4 | 3 | 3 | 0 | 5 | 3 | 0 | 6 | 0 | 5 | 2 | 2 | 18 | 15 |
| 9 | Meenangadi | 15 | 16 | 16 | 17 | 18 | 23 | 25 | 26 | 22 | 16 | 7 | 14 | 122 | 93 |
| 10 | Moolankavu | 5 | 14 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15 | 15 |
| 11 | Pazhoor | 12 | 16 | 13 | 18 | 16 | 16 | 11 | 20 | 15 | 8 | 15 | 10 | 95 | 75 |
| 12 | Thomattuchal | 19 | 19 | 22 | 27 | 14 | 15 | 18 | 11 | 7 | 12 | 8 | 8 | 81 | 98 |
| 13 | Vadakkanad | 5 | 9 | 8 | 9 | 2 | 2 | 6 | 8 | 7 | 8 | 5 | 2 | 32 | 39 |
| 14 | Vakery | 7 | 11 | 11 | 5 | 7 | 10 | 9 | 12 | 13 | 8 | 11 | 7 | 54 | 57 |
| | **CHUNGAKKUNNU** | | | | | | | | | | | | | | |
| 15 | Adackathode | 37 | 38 | 43 | 43 | 40 | 45 | 42 | 46 | 37 | 33 | 24 | 8 | 212 | 224 |
| 16 | Ambayathode | 15 | 16 | 22 | 8 | 18 | 25 | 15 | 25 | 14 | 15 | 13 | 6 | 104 | 88 |
| 17 | Chungakkunnu | 96 | 47 | 84 | 61 | 67 | 68 | 66 | 67 | 72 | 52 | 45 | 40 | 401 | 367 |
| 18 | Kelakam | 7 | 19 | 20 | 14 | 15 | 14 | 12 | 25 | 10 | 12 | 10 | 7 | 86 | 79 |
| 19 | Kottiyoor | 70 | 69 | 63 | 68 | 64 | 74 | 76 | 62 | 65 | 78 | 40 | 22 | 361 | 394 |
| 20 | Nelliody | 17 | 10 | 13 | 14 | 13 | 11 | 10 | 10 | 9 | 6 | 6 | 9 | 65 | 63 |
| 21 | Ottaplave | 15 | 22 | 12 | 12 | 9 | 14 | 21 | 15 | 11 | 13 | 15 | 5 | 79 | 85 |
| 22 | Palchuram | 8 | 10 | 9 | 17 | 17 | 9 | 12 | 9 | 13 | 8 | 4 | 3 | 51 | 68 |
| 23 | Santhigiri | 8 | 15 | 12 | 12 | 18 | 7 | 15 | 10 | 10 | 8 | 13 | 8 | 54 | 82 |
| 24 | Velloonni | 11 | 13 | 20 | 25 | 13 | 18 | 22 | 15 | 24 | 20 | 13 | 14 | 110 | 98 |
| | **GUDALLUR** | | | | | | | | | | | | | | |
| 25 | Arattupara | | | | | | | | | | | | | | |
| 26 | Arulnilayam | 10 | 9 | 16 | 17 | 13 | 16 | 12 | 12 | 14 | 15 | 10 | 6 | 67 | 83 |
| 27 | Aravankadu | 3 | 3 | 4 | 3 | 0 | 2 | 0 | 0 | 0 | 2 | 0 | 0 | 12 | 5 |
| 28 | Beki | 3 | 7 | 4 | 4 | 2 | 5 | 5 | 0 | 6 | 2 | 3 | 0 | 22 | 19 |
| 29 | Coonoor | 13 | 11 | 10 | 6 | 8 | 14 | 10 | 6 | 6 | 4 | 9 | 13 | 51 | 59 |
| 30 | Darmagiri | 11 | 23 | 16 | 9 | 20 | 22 | 18 | 21 | 21 | 12 | 15 | 9 | 92 | 105 |
| 31 | Kalpra | 15 | 14 | 14 | 17 | 17 | 10 | 13 | 10 | 18 | 11 | 5 | 13 | 76 | 81 |
| 32 | Kayyunni | 18 | 38 | 24 | 24 | 69 | 42 | 48 | 21 | 33 | 28 | 31 | 22 | 186 | 212 |
| 33 | Kunnaladi | 4 | 9 | 8 | 5 | 5 | 9 | 18 | 11 | 16 | 8 | 8 | 3 | 59 | 45 |
| 34 | Machikkolly | 12 | 4 | 13 | 9 | 11 | 17 | 18 | 18 | 15 | 5 | 9 | 6 | 74 | 63 |
| 35 | Manvayal | 12 | 12 | 14 | 17 | 16 | 15 | 19 | 13 | 15 | 16 | 13 | 6 | 88 | 80 |
| 36 | Panamchira | 6 | 5 | 9 | 7 | 9 | 7 | 9 | 5 | 7 | 10 | 7 | 2 | 40 | 43 |
| 37 | Vimalagiri | 5 | 12 | 15 | 13 | 18 | 26 | 22 | 12 | 14 | 4 | 8 | 3 | 70 | 82 |

**KALLODY**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 38 | Chulliyana | 12 | 7 | 7 | 7 | 7 | 7 | 6 | 11 | 5 | 12 | 17 | 11 | 54 | 53 |
| 39 | Deepthigiri | 17 | 18 | 17 | 19 | 13 | 12 | 20 | 16 | 13 | 13 | 16 | 13 | 99 | 88 |
| 40 | Dwaraka | 25 | 24 | 17 | 35 | 19 | 23 | 27 | 30 | 29 | 27 | 26 | 22 | 129 | 175 |
| 41 | Kallody | 48 | 65 | 52 | 49 | 51 | 55 | 55 | 50 | 57 | 48 | 33 | 31 | 290 | 304 |
| 42 | Karackamala | 18 | 24 | 24 | 23 | 27 | 26 | 22 | 16 | 25 | 30 | 10 | 11 | 114 | 142 |
| 43 | Karimbil | 4 | 8 | 6 | 4 | 11 | 4 | 4 | 5 | 3 | 0 | 6 | 1 | 32 | 24 |
| 44 | Kommayad | 24 | 16 | 17 | 16 | 16 | 22 | 16 | 19 | 10 | 15 | 14 | 8 | 100 | 93 |
| 45 | Kunjhom | 13 | 8 | 10 | 12 | 10 | 14 | 15 | 7 | 5 | 5 | 7 | 3 | 61 | 48 |
| 46 | Makkiyad | 13 | 11 | 13 | 19 | 25 | 19 | 20 | 15 | 18 | 17 | 6 | 6 | 95 | 87 |
| 47 | Mangalassery | 3 | 3 | 14 | 3 | 4 | 4 | 0 | 4 | 3 | 1 | 1 | 1 | 17 | 24 |
| 48 | Mothakkara | 4 | 0 | 6 | 6 | 7 | 6 | 6 | 8 | 0 | 0 | 0 | 0 | 24 | 19 |
| 49 | Niravilpuzha | 0 | 6 | 5 | 0 | 7 | 4 | 3 | 2 | 4 | 3 | 2 | 3 | 23 | 16 |
| 50 | Puthiyidamkunnu | 7 | 13 | 13 | 5 | 7 | 10 | 10 | 4 | 7 | 7 | 6 | 9 | 51 | 47 |
| 51 | Puthussery | 8 | 13 | 12 | 8 | 4 | 11 | 7 | 9 | 6 | 8 | 5 | 4 | 48 | 47 |
| 52 | St. Jude's Mount | 6 | 4 | 10 | 8 | 11 | 6 | 7 | 3 | 9 | 0 | 7 | 6 | 42 | 35 |
| 53 | Thonichal | 18 | 14 | 27 | 21 | 20 | 10 | 11 | 16 | 17 | 20 | 12 | 11 | 100 | 97 |
| 54 | Vanjod | 8 | 13 | 11 | 22 | 12 | 13 | 21 | 16 | 10 | 19 | 10 | 9 | 92 | 69 |
| 55 | Vellamunda | 18 | 14 | 9 | 11 | 9 | 10 | 11 | 11 | 21 | 14 | 10 | 15 | 83 | 70 |
| 56 | Charitty | 6 | 5 | 5 | 15 | 5 | 2 | 4 | 8 | 6 | 5 | 5 | 4 | 32 | 38 |
| 57 | Churalmala | 3 | 0 | 4 | 4 | 4 | 4 | 5 | 0 | 9 | 4 | 3 | 4 | 26 | 18 |
| 58 | Edappetty | 4 | 4 | 8 | 6 | 14 | 7 | 12 | 4 | 9 | 4 | 7 | 0 | 34 | 45 |
| 59 | Kalpetta | 28 | 31 | 42 | 31 | 36 | 23 | 45 | 40 | 27 | 32 | 14 | 17 | 179 | 187 |
| 60 | Kolavayal | 6 | 9 | 15 | 5 | 13 | 7 | 10 | 8 | 5 | 9 | 6 | 0 | 46 | 47 |
| 61 | Kunnampetta | 2 | 2 | 0 | 1 | 0 | 2 | 0 | 1 | 2 | 1 | 3 | 0 | 9 | 5 |
| 62 | Nedumbala | 17 | 14 | 18 | 21 | 9 | 17 | 16 | 16 | 10 | 15 | 13 | 11 | 71 | 97 |
| 63 | Olivumala | 0 | 7 | 6 | 3 | 4 | 10 | 6 | 2 | 7 | 3 | 4 | 9 | 32 | 29 |
| 64 | Puzhamudi | 2 | 8 | 7 | 9 | 4 | 6 | 6 | 5 | 5 | 5 | 7 | 0 | 27 | 37 |
| 65 | Rippon | 14 | 11 | 22 | 14 | 13 | 15 | 15 | 9 | 19 | 9 | 10 | 14 | 71 | 94 |
| 66 | Thenery | 24 | 21 | 25 | 18 | 26 | 29 | 34 | 30 | 20 | 20 | 18 | 18 | 149 | 134 |
| 67 | Vazhavatta | 32 | 25 | 35 | 45 | 30 | 38 | 42 | 28 | 20 | 24 | 24 | 20 | 194 | 169 |
| 68 | Vythiry | 3 | 3 | 4 | 7 | 4 | 6 | 4 | 3 | 3 | 3 | 2 | 2 | 21 | 23 |

**MANANTHAVADY**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 69 | Alattil | 28 | 28 | 28 | 19 | 20 | 25 | 23 | 19 | 29 | 25 | 31 | 21 | 151 | 145 |
| 70 | Boy's Town | 2 | 2 | 10 | 10 | 7 | 3 | 5 | 3 | 4 | 3 | 3 | 1 | 41 | 12 |
| 71 | Elappeedika | 9 | 5 | 6 | 12 | 9 | 7 | 15 | 14 | 11 | 9 | 8 | 4 | 55 | 54 |
| 72 | Karimani | 2 | 5 | 8 | 5 | 7 | 6 | 8 | 10 | 7 | 11 | 12 | 0 | 34 | 47 |
| 73 | Kuttimoola | 8 | 6 | 9 | 6 | 14 | 0 | 9 | 5 | 8 | 10 | 3 | 2 | 41 | 39 |
| 74 | Mananthavady (c) | 47 | 58 | 52 | 49 | 49 | 59 | 42 | 50 | 37 | 40 | 20 | 20 | 260 | 263 |
| 75 | Mananthavady (T) | 24 | 14 | 23 | 12 | 16 | 10 | 16 | 18 | 11 | 10 | 19 | 7 | 80 | 100 |
| 76 | Muthirery | 12 | 19 | 17 | 19 | 18 | 11 | 18 | 12 | 0 | 10 | 9 | 4 | 72 | 77 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 77 | Parathottam | 9 | 7 | 4 | 7 | 14 | 9 | 8 | 5 | 6 | 8 | 3 | 0 | 51 | 29 |
| 78 | Peria | 4 | 8 | 5 | 11 | 8 | 4 | 11 | 8 | 6 | 9 | 9 | 7 | 42 | 48 |
| 79 | Poroor | 28 | 28 | 39 | 34 | 41 | 50 | 33 | 53 | 43 | 35 | 31 | 28 | 233 | 210 |
| 80 | Prasanthagiri | 9 | 10 | 10 | 17 | 0 | 17 | 6 | 6 | 7 | 15 | 0 | 0 | 53 | 44 |
| 81 | Puthiyidom | 16 | 9 | 16 | 12 | 10 | 16 | 6 | 8 | 2 | 7 | 6 | 6 | 60 | 54 |
| 82 | Thalapuzha | 5 | 7 | 11 | 10 | 5 | 7 | 6 | 6 | 4 | 6 | 7 | 14 | 51 | 37 |
| 83 | Thavinjal | 28 | 28 | 23 | 36 | 27 | 24 | 41 | 29 | 30 | 24 | 17 | 19 | 164 | 162 |
| 84 | Valad | 4 | 5 | 4 | 5 | 5 | 6 | 7 | 4 | 9 | 0 | 0 | 0 | 28 | 21 |
| 85 | Valiyakolly | 5 | 10 | 3 | 4 | 3 | 3 | 4 | 3 | 3 | 0 | 4 | 5 | 24 | 23 |
| 86 | Yavanarkulam | 18 | 18 | 23 | 20 | 12 | 16 | 13 | 10 | 13 | 17 | 0 | 0 | 74 | 86 |

**MANIMOOLY**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 87 | Bhoodanam | 0 | 5 | 2 | 3 | 2 | 0 | 5 | 4 | 3 | 4 | 0 | 0 | 17 | 11 |
| 88 | Manimooly | 33 | 26 | 40 | 25 | 33 | 48 | 43 | 51 | 26 | 29 | 23 | 16 | 183 | 210 |
| 89 | Marutha | 0 | 2 | 2 | 0 | 3 | 3 | 0 | 0 | 8 | 2 | 5 | 7 | 19 | 13 |
| 90 | Mundery | 7 | 10 | 8 | 7 | 9 | 5 | 14 | 6 | 6 | 5 | 3 | 12 | 50 | 42 |
| 91 | Narivalamunda | 17 | 16 | 15 | 27 | 18 | 13 | 30 | 26 | 23 | 24 | 29 | 12 | 128 | 122 |
| 92 | Njarappadam | 5 | 6 | 9 | 5 | 7 | 4 | 4 | 6 | 6 | 7 | 6 | 5 | 34 | 36 |
| 93 | Palankara | 18 | 16 | 18 | 14 | 20 | 22 | 23 | 16 | 15 | 24 | 10 | 12 | 106 | 102 |
| 94 | Palemad | 16 | 16 | 11 | 18 | 16 | 17 | 21 | 13 | 19 | 16 | 17 | 9 | 101 | 88 |
| 95 | Pathirippadam | 18 | 17 | 34 | 25 | 18 | 23 | 17 | 26 | 26 | 24 | 14 | 15 | 128 | 128 |
| 96 | Thalanji | 19 | 12 | 27 | 23 | 28 | 25 | 19 | 22 | 23 | 18 | 15 | 18 | 130 | 119 |

**MULLENKOLLY**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 97 | Adikkolly | 17 | 23 | 27 | 26 | 14 | 25 | 25 | 32 | 25 | 18 | 17 | 9 | 125 | 133 |
| 98 | Amarakkuny | 15 | 15 | 13 | 15 | 8 | 16 | 14 | 11 | 13 | 8 | 5 | 8 | 76 | 65 |
| 99 | Irulam | 12 | 16 | 18 | 8 | 14 | 15 | 16 | 14 | 12 | 12 | 9 | 3 | 77 | 72 |
| 100 | Kabanigiri | 14 | 10 | 20 | 26 | 13 | 15 | 11 | 11 | 18 | 16 | 12 | 12 | 82 | 96 |
| 101 | Marakavu | 39 | 34 | 60 | 39 | 52 | 63 | 52 | 43 | 35 | 44 | 25 | 16 | 240 | 262 |
| 102 | Marakkadav | 13 | 16 | 15 | 21 | 12 | 15 | 13 | 13 | 16 | 14 | 7 | 9 | 81 | 83 |
| 103 | Mullankolly | 53 | 61 | 55 | 53 | 47 | 48 | 62 | 59 | 48 | 60 | 45 | 37 | 313 | 315 |
| 104 | Padichira | 25 | 35 | 38 | 23 | 37 | 30 | 31 | 40 | 31 | 26 | 30 | 32 | 182 | 196 |
| 105 | Pattanikoop | 27 | 11 | 15 | 13 | 11 | 13 | 15 | 18 | 18 | 17 | 17 | 9 | 90 | 94 |
| 106 | Pulpally | 17 | 18 | 30 | 22 | 31 | 24 | 25 | 23 | 18 | 25 | 18 | 13 | 133 | 131 |
| 107 | Seethamount | 20 | 15 | 10 | 17 | 19 | 12 | 15 | 14 | 13 | 23 | 7 | 10 | 90 | 82 |
| 108 | Sisumala | 22 | 32 | 36 | 30 | 42 | 27 | 36 | 30 | 42 | 23 | 21 | 22 | 177 | 186 |

**NADAVAYAL**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 109 | Arinchermala | 15 | 10 | 13 | 12 | 12 | 18 | 19 | 28 | 19 | 23 | 20 | 12 | 114 | 87 |
| 110 | Cherukattoor | 45 | 32 | 43 | 47 | 28 | 43 | 39 | 44 | 39 | 38 | 25 | 16 | 227 | 212 |
| 111 | Chundakkara | 45 | 46 | 46 | 51 | 56 | 54 | 51 | 54 | 45 | 45 | 23 | 17 | 259 | 274 |
| 112 | Kalluvayal | 15 | 16 | 36 | 16 | 18 | 18 | 16 | 26 | 15 | 16 | 7 | 13 | 91 | 121 |
| 113 | Kaniyambatta | 8 | 3 | 3 | 4 | 6 | 9 | 8 | 0 | 15 | 7 | 0 | 6 | 37 | 32 |
| 114 | Kenichira | 26 | 27 | 29 | 26 | 24 | 22 | 46 | 22 | 23 | 20 | 20 | 16 | 151 | 150 |
| 115 | Kurumbalakkotta | 7 | 15 | 13 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25 | 21 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 116 | Nadavayal | 61 | 56 | 64 | 89 | 81 | 73 | 70 | 94 | 85 | 54 | 55 | 65 | 407 | 440 |
| 117 | Neikkuppa | 9 | 8 | 7 | 3 | 6 | 9 | 10 | 5 | 6 | 6 | 10 | 9 | 43 | 45 |
| 118 | Paralikunnu | 6 | 8 | 10 | 0 | 9 | 7 | 5 | 9 | 9 | 7 | 4 | 4 | 48 | 30 |
| 119 | Pushpagiri | 3 | 6 | 8 | 4 | 9 | 0 | 0 | 0 | 0 | 0 | 0 | 0 | 13 | 17 |
| 120 | Valavayal | 8 | 8 | 10 | 13 | 11 | 3 | 9 | 9 | 10 | 4 | 7 | 13 | 57 | 48 |
| 121 | Vilambukandam | 14 | 11 | 15 | 12 | 14 | 14 | 17 | 9 | 15 | 10 | 9 | 11 | 77 | 74 |
| | **NILAMBUR** | | | | | | | | | | | | | | |
| 122 | Chokkad | 10 | 8 | 11 | 10 | 11 | 10 | 8 | 8 | 8 | 9 | 8 | 25 | 68 | 58 |
| 123 | Edivanna | 21 | 10 | 30 | 21 | 28 | 25 | 21 | 12 | 27 | 18 | 17 | 12 | 115 | 127 |
| 124 | Muttiyel | 2 | 4 | 4 | 2 | 4 | 0 | 9 | 5 | 2 | 9 | 5 | 2 | 24 | 24 |
| 125 | Nilambur | 30 | 24 | 29 | 34 | 31 | 31 | 34 | 39 | 44 | 41 | 18 | 10 | 189 | 176 |
| 126 | Pookottumpadam | 9 | 8 | 12 | 6 | 8 | 11 | 8 | 16 | 9 | 10 | 5 | 5 | 55 | 52 |
| 127 | Poolappadam | 11 | 19 | 15 | 14 | 16 | 12 | 18 | 15 | 15 | 15 | 20 | 9 | 89 | 90 |
| 128 | Rubynagar | 5 | 6 | 7 | 10 | 2 | 6 | 7 | 4 | 3 | 3 | 1 | 2 | 29 | 27 |
| 129 | Thelpara | 6 | 14 | 13 | 10 | 12 | 5 | 7 | 6 | 11 | 9 | 4 | 5 | 54 | 48 |
| 130 | T.K.Kolani | 3 | 3 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 8 |
| 131 | Vallikettu | 2 | 5 | 6 | 4 | 2 | 4 | 3 | 5 | 4 | 3 | 5 | 2 | 23 | 22 |
| 132 | Vadapuram | 7 | 8 | 13 | 10 | 5 | 5 | 13 | 0 | 0 | 0 | 0 | 0 | 31 | 30 |
| | **PAYYAMPALLY** | | | | | | | | | | | | | | |
| 133 | Appappara | 2 | 4 | 4 | 3 | 2 | 3 | 5 | 2 | 0 | 1 | 2 | 0 | 13 | 15 |
| 134 | Arattuthara | 8 | 10 | 16 | 13 | 14 | 14 | 8 | 15 | 12 | 14 | 10 | 11 | 82 | 63 |
| 135 | Bavali | 1 | 0 | 1 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 2 | 2 |
| 136 | Edayoorkunnu | 5 | 3 | 0 | 4 | 3 | 0 | 4 | 3 | 0 | 7 | 1 | 3 | 18 | 15 |
| 137 | Kammana | 15 | 12 | 20 | 18 | 12 | 15 | 15 | 18 | 10 | 17 | 9 | 10 | 87 | 84 |
| 138 | Kartikulam | 14 | 13 | 16 | 24 | 18 | 20 | 15 | 21 | 17 | 11 | 18 | 12 | 106 | 93 |
| 139 | Martinnagar | 26 | 31 | 25 | 38 | 31 | 34 | 21 | 44 | 30 | 37 | 24 | 30 | 173 | 198 |
| 140 | Padamala | 11 | 14 | 12 | 11 | 10 | 13 | 17 | 11 | 13 | 12 | 10 | 6 | 77 | 63 |
| 141 | Panavally | 0 | 5 | 0 | 4 | 6 | 4 | 0 | 4 | 6 | 7 | 0 | 0 | 16 | 20 |
| 142 | Payyampally | 43 | 45 | 52 | 38 | 41 | 39 | 46 | 40 | 37 | 43 | 26 | 29 | 231 | 248 |
| 143 | Thrissilery | 9 | 13 | 9 | 14 | 15 | 10 | 9 | 10 | 10 | 12 | 5 | 6 | 57 | 65 |
| | **THARIODE** | | | | | | | | | | | | | | |
| 144 | Chennalod | 17 | 32 | 31 | 20 | 21 | 31 | 34 | 24 | 38 | 25 | 27 | 24 | 156 | 168 |
| 145 | Kavummannam | 15 | 13 | 12 | 19 | 16 | 15 | 21 | 18 | 8 | 17 | 11 | 7 | 86 | 86 |
| 146 | Kottathara | 12 | 21 | 23 | 32 | 9 | 22 | 31 | 21 | 14 | 25 | 16 | 10 | 126 | 110 |
| 147 | Kurumani | 7 | 0 | 14 | 10 | 12 | 8 | 16 | 20 | 8 | 8 | 15 | 0 | 62 | 56 |
| 148 | Kurumbala | 23 | 19 | 21 | 25 | 31 | 30 | 26 | 14 | 24 | 29 | 15 | 9 | 139 | 127 |
| 149 | Mangalam | 14 | 14 | 12 | 16 | 14 | 14 | 15 | 15 | 7 | 11 | 8 | 4 | 73 | 71 |
| 150 | Manjoora | 16 | 13 | 15 | 13 | 8 | 15 | 13 | 16 | 10 | 14 | 9 | 10 | 80 | 72 |
| 151 | Puthuserykadavu | 15 | 9 | 12 | 9 | 8 | 13 | 9 | 13 | 13 | 6 | 10 | 5 | 57 | 65 |
| 152 | Thariod | 26 | 33 | 36 | 26 | 37 | 30 | 39 | 39 | 33 | 30 | 30 | 13 | 193 | 179 |
| | | **2287** | **2372** | **2681** | **2541** | **2498** | **2546** | **2667** | **2531** | **2381** | **2277** | **1776** | **1466** | **14017** | **14009** |

**ആദരാഞ്ജലി**

തലഞ്ഞി സൺഡേസ്കൂളിൽ 44 വർഷത്തോളം വിശ്വാസ പരിശീലനത്തിൽ സ്തുത്യർഹമാംവിധം സേവനമനുഷ്ഠിച്ച ത്രേസ്യാക്കുട്ടി വടക്കേകുടി മെയ് 11-ന് നിത്യതയിലേക്ക് യാത്ര യായി. ത്രേസ്യാക്കുട്ടി ടീച്ചറിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. നമ്മുടെ പ്രാർത്ഥനയിൽ ടീച്ചറിനെയും കുടുംബാംഗ ങ്ങളെയും ഓർമ്മിക്കാം.

**നടവയൽ മേഖല**

29-6-08 ന് 3 മണിക്ക് നടവയൽ മേഖലയിലെ പ്രധാനാധ്യാ പകരുടെയും ടീം അംഗങ്ങളുടെയും സംയുക്തയോഗം നടവയൽ ഫൊറോനാപള്ളി പാരീഷ് ഹാളിൽ ചേർന്നു. മേഖലാ ഡയറ ക്ടർ റവ. ഫാ. മാത്യു അത്തിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫൊറോന വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി ഉൽഘാടനം ചെയ്തു. മതാദ്ധ്യാപകന്റെ വാക്കിലും പ്രവർ ത്തിയിലും നിന്ന് ഇവൻ ഒരു മതാദ്ധ്യാപകനാണെന്ന് സമൂഹം തിരിച്ചറിയുവാൻ കഴിയുന്ന വിധത്തിൽ ക്രിസ്തീയനീതിയും സ്നേഹവും മറ്റുള്ളവർക്ക് പകർന്നു നൽകുന്നവരാകണം മതാദ്ധ്യപകരെന്ന് ഉൽഘാടന പ്രസംഗത്തിൽ പാലക്കിലച്ചൻ ആഹ്വാനം ചെയ്തു. ഏപ്രിൽ മാസത്തിൽ നടത്തിയ മേഖല സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിച്ച കുട്ടികൾക്ക് V-ാം ക്ലാസിലെ ഫിയോണ തുറുവേലിക്കുന്നേൽ ചുണ്ടക്കര I$^{st}$, ഷാന തുമ്പുങ്കൽ ചുണ്ടക്കര II$^{nd}$ എന്നിവർക്ക് തോപ്പിൽ ഷിനു മെമ്മോ റിയൽ സ്കോളർഷിപ്പും, VI- ാം ക്ലാസിലെ മെൽബിൻ വടക്കേ ക്കുടി വിളമ്പുകണ്ടം I$^{st}$, അഞ്ജു ആനിക്കാട്ട് II$^{nd}$ എന്നിവർക്ക് ചിറപ്പുറം ദേവസ്യ മെമ്മോറിയൽ സ്കോളർഷിപ്പും, VIII- ാം ക്ലാസിലെ ജ്യോതിസ് പള്ളത്ത് നടവയൽ I$^{st}$, രശ്മി കിഴക്കേത്തു ണ്ടത്തിൽ നടവയൽ II$^{nd}$ എന്നിവർക്ക് കദളിക്കാട്ടിൽ ബെസ്റ്റി മെമ്മോറിയൽ സ്കോളർഷിപ്പും IX- ാം ക്ലാസിലെ ഷീമ പുത്തൻപുര നടവയൽ I$^{st}$, അഞ്ജു മുളങ്കൊമ്പിൽ ചുണ്ടക്കര II$^{nd}$ എന്നിവർക്ക് പുന്നയ്ക്കൽ മാണി മെമ്മോറിയൽ സ്കോളർഷിപ്പും വിതരണം ചെയ്തു. യോഗത്തിൽ എല്ലാ പ്രധാനാദ്ധ്യാപകരും പങ്കെടുത്തു. മേഖല സെക്രട്ടറി ശ്രീ. ജോസ് താഴത്തേൽ സ്വാഗ തവും ടീം അംഗം ശ്രീ. മനോജ് നെല്ലിയാനി നന്ദിയും പറഞ്ഞു.

**യോഗതീരുമാനങ്ങൾ**

1. 23-8-08 രാവിലെ 9.30 മുതൽ 3.30 വരെ അധ്യാപക പരിശീലനം (ചിത്രങ്ങളുടെ ഉപയോഗം മതബോധനക്ലാസുകളിൽ)
2. 20-9-08 രാവിലെ 9.30 മുതൽ 12.30 വരെ അധ്യാപക പരിശീലനം (കമ്മ്യൂണിക്കേഷൻ II-ാം ഭാഗം)
   12.30 മുതൽ 1.30 വരെ ക്ലസ്റ്റർ മീറ്റിംഗ് 2 മുതൽ 4 വരെ വചന ദീപ്തി (ബൈബിൾ ക്വിസ്സ്)
3. 18-10-08 രാവിലെ 10 മുതൽ 4 വരെ ബൈബിൾ എക്സിബിഷൻ നടവയലിൽ
4. 9-11-08 നിറക്കൂട്ട് 2008 (1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കും മതാദ്ധ്യാപകർക്കും ചിത്രരചനാമത്സരം)
5. കയ്യെഴുത്തുമാസിക മൽസരം സൺഡേസ്കൂളുകൾക്ക്
6. സാഹിത്യമത്സരം (അദ്ധ്യാപകർക്കും കുട്ടികൾക്കും)
   വിഷയം: ഉപന്യാസം - വചനം കുടുംബ ജീവിതത്തിന് (6 പേജിൽ കവിയാതെ)
   ചെറുകഥ: സ്വാർത്ഥം അറിയാത്ത സ്നേഹം (1 കൊറി 13:5) (5 പേജിർ കവിയാതെ)
   കവിത: പ്രത്യാശയുടെ സന്തോഷം (റോമ 12:12) (40 വരിയിൽ കവിയാതെ)
8. മേഖലാ സന്ദർശനം
   3-8-08 - വാളവയൽ, കേണിച്ചിറ, പറളിക്കുന്ന്, അരിഞ്ചേർമല, കല്ലുവയൽ, നെയ്ക്കുപ്പ, പുഷ്പഗിരി, കണിയാമ്പറ്റ.
   10-8-08 - ചെറുകാട്ടൂർ, അമലാനഗർ, കൂളിവയൽ, വിളമ്പുകണ്ടം
   17-8-08 - ചുണ്ടക്കര, കുറുമ്പാലക്കോട്ട
   24-8-08 - നടവയൽ

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

**ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം**

ശാഖാ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകി കരുത്തോടെ മുന്നോട്ടു നയിക്കുന്ന ശാഖാ ജോ.ഡയറക്ടേഴ്സ് സമ്മേളനം ജൂലൈ 11, 12 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. സമ്മേളനം രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. രൂപതപ്രസിഡണ്ട് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ. സി. വൈ. എം. രൂപത ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, രൂപത ജോ. ഡയറക്ടർ റവ. സി. വിജയ SABS എന്നിവർ ആശംസകൾ നേർന്നു. ഉദ്ഘാടന സമ്മേളനത്തിന് സംസ്ഥാന മാനേജിംഗ് കമ്മറ്റി അംഗം നീതു വടക്കേടത്തു പുത്തൻപുര നന്ദി അർപ്പിച്ചു.

ശാഖാ ജോ. ഡയറക്ടേഴ്സിന്റെ കടമകളും ഉത്തരവാദിത്വങ്ങളും എന്ന വിഷയത്തെ അധികരിച്ച് റവ. ഫാ. തോമസ് കച്ചിറയിൽ ക്ലാസ്സ് നയിച്ചു. വിവിധ ശാഖാപ്രവർത്തന മാർഗ്ഗരേഖ യോഗത്തിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ശാഖാ പ്രവർത്തന മാർഗ്ഗരേഖ എങ്ങനെയെന്നും എന്തെല്ലാമെന്നുമുള്ള ക്ലാസ്സിന് രൂപത പ്രസിഡണ്ട് ശ്രീ. ജോൺസൺ ചിറായിൽ നേതൃത്വം നൽകി. മിഷൻലീഗിന്റെ ശാഖാ പ്രവർത്തനങ്ങളും പ്രവർത്തനരീതികളെയും കുറിച്ച് രൂപത ഓർഗനൈസർ ശ്രീ. തോമസ് കല്ലറയ്ക്കൽ ക്ലാസ്സ് നൽകി. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ ജോ. ഡയറക്ടേഴ്സിനും മിഷൻലീഗിന്റെ ഉപഹാരങ്ങൾ വിതരണം ചെയ്തു. രൂപത സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടി

യിൽ രൂപത പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും യോഗത്തിൽ പങ്കെടുത്തവർക്കുള്ള നന്ദി നേരുകയും ചെയ്തു.

**മിഷൻഗ്രാമത്തിലേക്ക് ഒരു കത്ത്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ ഓരോ ശാഖയും അവർക്ക് നൽകിയിരിക്കുന്ന മിഷൻഗ്രാമസുഹൃത്തിന്റെ ക്ഷേമങ്ങളും പ്രവർത്തനങ്ങളും ആരാഞ്ഞുകൊണ്ടുള്ള കത്ത് ജോ. ഡയറക്ടേഴ്സ് സമ്മേളനത്തിൽ വെച്ച് എഴുതുകയും അയയ്ക്കുകയും ചെയ്തു. ശാഖകളിൽ നിന്ന് മാസത്തിൽ ഒരു കത്തെങ്കിലും മിഷൻ ഗ്രാമത്തിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചു.

**അഭിനന്ദനങ്ങൾ... ആശംസകൾ**

മിഷൻലീഗ് മേഖലാപ്രവർത്തനങ്ങൾക്ക് ഓജസ്സും തേജസ്സുമായി പ്രവർത്തനങ്ങളെ കരുത്തോടെ നയിക്കുവാൻ നിയമിതനായ മേഖല ഡയറക്ടർ റവ. ഫാ. അനിൽ മുഞ്ഞനാട്ട് (നിലമ്പൂർ മേഖല), മേഖല ജോ. ഡയറക്ടേഴ്സായ റവ. സി. എൽസി ജോൺ SABS (മാനന്തവാടി മേഖല), സി. ടീന SCV (പയ്യമ്പള്ളി മേഖല) മിഷൻലീഗ് രൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.. പ്രവർത്തനപന്ഥാവിൽ ഭാവുകങ്ങൾ... മംഗളങ്ങൾ.

**ഹൃദയപൂർവ്വം**

മേഖലാപ്രവർത്തനങ്ങളെ കരുത്തോടെ മുന്നോട്ടു നയിക്കുകയും രൂപത പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത് സ്തുത്യർഹമായ സേവനത്തിനുശേഷം മേഖല ഡയറക്ടർ സ്ഥാനത്തുനിന്ന് വിരമിക്കുന്ന റവ. ഫാ. ജോണി ഇലവുങ്കൽ (നിലമ്പൂർ മേഖല), മേഖല ജോ. ഡയറക്ടർ സ്ഥാനത്തുനിന്നും നിരമിക്കുന്ന റവ. സി. ജെയിൻ SH (മാനന്തവാടി മേഖല), റവ. സി. ലിസി ജോൺ SCV (പയ്യമ്പള്ളി മേഖല), റവ. സി. വത്സല (നിലമ്പൂർ മേഖല) ഇവർ മിഷൻലീഗ് സംഘടനയ്ക്ക് നൽകിയ എല്ലാവിധ സേവനത്തിനും സഹകരണത്തിനും രൂപത കുടുംബത്തിന്റെ നന്ദി ഹൃദയപൂർവ്വം നേരുന്നു. പുതിയ കർമ്മരംഗത്ത് പ്രാർത്ഥനകളും വിജയങ്ങളും ആശംസിക്കുന്നു.

**രൂപത ഡയറക്ടേഴ്സ് മീറ്റിംഗ്**

ചെറുപുഷ്പ മിഷൻലീഗ് രൂപത ഡയറക്ടർമാരുടെ യോഗം ജൂലൈ 22-ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്നു. മാനന്തവാടി

രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ യോഗത്തിൽ പങ്കെടുത്തു.

**നിലമ്പൂർ-മണിമൂളി ഭാരവാഹികളുടെ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് നിലമ്പൂർ-മണിമൂളി ശാഖ ഭാരവാഹികളുടെ സംഗമം ജൂലൈ 26-ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്നു.

**ദൂത്-2008 ആരംഭിച്ചു**

ശാഖാ സന്ദർശനവും സെമിനാറും കൽപ്പറ്റ, നടവയൽ, പുൽപ്പള്ളി, പയ്യമ്പള്ളി മേഖലകളിലെ വിവിധ ശാഖകളിൽ നടന്നു. ദൂത് 2008-ന്റെ ഉദ്ഘാടനം കേണിച്ചിറ ശാഖയിൽ ശാഖാ ഡയറക്ടർ റവ. ഫാ. തോമസ് തൈക്കുന്നുംപുറം നിർവ്വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, രൂപത സെക്രട്ടറി സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**വിവിധ ശാഖകളിൽ ദൂത് 2008-ന് നേതൃത്വം നൽകിയവർ**

റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ - കേണിച്ചിറ, റവ. സി. വിജയ SABS - നടവയൽ, ചാരിറ്റി, അമരക്കുനി, ജോൺസൺ ചിറായിൽ - വിളമ്പുകണ്ടം, തെനേരി, സജി തറപ്പുതൊട്ടിയിൽ - കേണിച്ചിറ, ബിനു മാങ്കൂട്ടത്തിൽ-കണിയാമ്പറ്റ, തോമസ് കല്ലറയ്ക്കൽ - മരകാവ്, സെബാസ്റ്റ്യൻ മുണ്ടക്കാത്തടം - നടവയൽ, തോണിച്ചാൽ, ശിശുമല, സജി വേങ്ങത്തടം - നെയ്ക്കുപ്പ, ചൂരൽമല, റവ. സി. മരിയ FCC - നടവയൽ, അനൂപ് തെക്കേനത്ത് - ചുണ്ടക്കര, കബനിഗിരി, അജീഷ് എടപ്പാട്ട് - വാളവയൽ, എടപ്പെട്ടി, ജോൺസൺ വടക്കേക്കര - ചെറുകാട്ടൂർ, ചിത്രഗിരി, സി. സിസിലി SKD - അരിഞ്ചേർമല, കൊളവയൽ, റവ. സി. ലിസിയ SCV - ചെറുകാട്ടൂർ, മരകാവ്, റവ. സി. ജോളി CMC - കല്ലുവയൽ, റവ. സി. തെരെസ് മാത്യു SABS - ചുണ്ടക്കര, റവ. സി. ജെയ്സി SABS - വൈത്തിരി, റവ. സി. ജെസ്സി പോൾ SH - നെടുമ്പാല, റവ. സി. ജെസ്സി ഫ്രാൻസീസ് FCC - വാഴവറ്റ, ഷാജു മംഗലം - പുഴമുടി, ഷാജു പാലച്ചുവട്ടിൽ - പട്ടാണിക്കൂപ്പ്, റവ. സി. അർച്ചന CMC - ഇരുളം, വിസ്മയ വടക്കേൽ - അരിഞ്ചേർമല, ബിജു ചിറ്റേടം - ചിത്രഗിരി, ജോമോൻ തോട്ടുങ്കൽ -

കല്ലുവയൽ, റവ. സി. പവിത്ര FCC - ശിശുമല, ഷാജി ചന്ദന പറമ്പിൽ - മരക്കടവ്.

**ദൂത് 2008 ഓഗസ്റ്റ് മാസത്തിൽ**

വചനത്തെക്കുറിച്ച് അറിയാനും വചനത്തിൽ നിറയാനും വചനവർഷത്തിൽ രൂപത ടീമിന്റെ നേതൃത്വത്തിൽ നടക്കുന്ന അർദ്ധദിന സെമിനാറും ശാഖാസന്ദർശനവും ദൂത്-2008. ഓരോ ശാഖയും സെമിനാറിന് 2 മണിക്കൂറെങ്കിലും നീക്കിവയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

03 ഞായർ - ഗൂഡല്ലൂർ മേഖലയിലെ ശാഖകൾ

10 ഞായർ - മാനന്തവാടി മേഖലയിലെ ശാഖകൾ

24 ഞായർ - മാനന്തവാടി മേഖലയിലെ ശാഖകൾ

സെമിനാറിനും സന്ദർശനത്തിനും ആവശ്യമായ ഒരുക്കങ്ങൾ നടത്താൻ ശാഖാഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

**'വചനോപാസന' ആരംഭിച്ചു**

വചനവർഷത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ മുഴുവൻ ശാഖകളെയും വചനത്താൽ കോർത്തിണക്കുന്ന വചനോപാസന കൊട്ടിയൂർ മേഖലയിലെ അട യ്ക്കാത്തോട് ശാഖയിൽ ജൂൺ 22-ന് ആരംഭിച്ചു. വിവിധ ശാഖ കളിലൂടെ 'വചനോപാസന' അതിന്റെ പ്രയാണം തുടരുന്നു.

**'വചനോപാസന' ഓഗസ്റ്റ് മാസത്തിൽ**

07 വ്യാഴം - കല്ലോടി മേഖലയിൽ ആരംഭിക്കുന്നു, 25 തിങ്കൾ - തരിയോട് മേഖലയിൽ ആരംഭിക്കുന്നു.

ഓരോ ശാഖയും തങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന ദിവസം രൂപത മാർഗ്ഗരേഖയിൽ നിന്ന് കണ്ടെത്തുകയും വചനോ പാസന നടത്താനാവശ്യമായ ക്രമീകരണം നടത്തുകയും ചെയ്യേ ണ്ടതാണ്.

**കരുണയുടെ തീരം**

അശരണർക്ക് താങ്ങായി തണലായി അവരോടൊത്ത് ഒരു ദിനം - കരുണയുടെ തീരം.

**കരുണയുടെ തീരം ഓഗസ്റ്റ് മാസത്തിൽ**

ശാന്തിഗിരി, കുറ്റിമൂല, മുതിരേരി, ആറാട്ടുതറ, ദ്വാരക, കാവുംമന്ദം, ചൂരൽമല, ചെറുകാട്ടൂർ, ധർമ്മഗിരി, ആറാട്ടുപാറ,

കല്ലുമുക്ക്, അമരക്കുനി, പാതിരിപ്പാടം, നിലമ്പൂർ തുടങ്ങിയ ശാഖകൾ. പയ്യമ്പള്ളി മേഖല എക്സിക്യൂട്ടീവ് & ടീം ഓഗസ്റ്റ് മാസത്തിൽ സൗകര്യപ്രദമായ ദിവസം കരുണയുടെ തീരം നടത്താനാവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

**ശാഖാ പ്രസിഡണ്ട്, സെക്രട്ടറി സമ്മേളനം**

ഓഗസ്റ്റ് 23-ന് ദ്വാരകയിൽ ശാഖാ പ്രസിഡണ്ട് സെക്രട്ടറി സമ്മേളനം രാവിലെ 10 മണിക്ക് ആരംഭിക്കും. ശാഖയിലെ പ്രസിഡണ്ടും, സെക്രട്ടറിയും തീർച്ചയായും ഈ യോഗത്തിൽ പങ്കെടുക്കുമല്ലോ.

**ഓർമ്മിക്കേണ്ട ദിനങ്ങൾ**

*04 തിങ്കൾ :-* വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
ഇടവക വൈദിക ദിനം ആശംസകൾ നേരുക, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക.

*15 വെള്ളി :-* മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
ഭാരത സ്വാതന്ത്ര്യദിനം, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, പൊതു സമ്മേളനം, റാലി

*ചിന്താവിഷയം :* മറിയം - വചനം ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ചവൾ.

*21 വ്യാഴം :-* റവ. ഫാ. തോമസ് നെറ്റിക്കാടൻ ചരമദിനം (മുൻ സംസ്ഥാന ഡയറക്ടർ)

*വാർത്താ ബോർഡിലേക്ക് :-* ചിത്രങ്ങൾ, ലേഖനങ്ങൾ, ഫോട്ടോകൾ

**രൂപത സാഹിത്യ മത്സരം**

മേഖല സാഹിത്യമത്സരത്തിൽ നിന്ന് വിജയികളായവർക്കുള്ള രൂപത സാഹിത്യമത്സരം ഓഗസ്റ്റ് 9 ശനിയാഴ്ച രാവിലെ 10 മണിക്ക് അതാത് മേഖല കേന്ദ്രങ്ങളിൽ രൂപത എക്സിക്യൂട്ടീവിന്റെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണ്. രൂപത സാഹിത്യമത്സരത്തിന് അർഹതനേടിയ എല്ലാവരെയും പങ്കെടുപ്പിക്കുവാൻ ശാഖ, മേഖല ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

**മേഖല സന്ദർശനം**

2007-2008 വർഷത്തെ മേഖല പ്രവർത്തനങ്ങൾ വിലയിരു

ത്തുന്നതിനായി ഓഗസ്റ്റ് 9 ശനിയാഴ്ച രൂപത എക്സിക്യൂട്ടീവ് അംഗം മേഖല സന്ദർശിക്കുന്നതാണ്. മുൻ വർഷത്തെ പ്രവർത്തന റിക്കോർഡുകൾ ക്രമീകരിക്കുമല്ലോ.

**ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ ഒക്ടോബർ 5-ന്**

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നടത്തുന്ന ലോഗോസ് ക്വിസ് രൂപതാതല പരീക്ഷകൾ ഒക്ടോബർ 5-ന് നടക്കും. ഒക്ടോബർ 12-ാം തീയതി നടത്തുമെന്നാണ് നേരത്തെ അറിയിച്ചിരുന്നത്. അന്ന് അൽഫോൻസാമ്മയുടെ നാമകരണ പരിപാടികൾ നടക്കുന്നതിനാലാണ് ഒക്ടോബർ 5-ലേക്ക് പരീക്ഷ മാറ്റിയതെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അറിയിച്ചു.

**ശാഖാ വാർത്തകൾ**

മീനങ്ങാടി:- പരിസ്ഥിതി വാരാചരണം, കുടവിതരണം, ബൈബിൾ കാർഡ് നിർമ്മാണം എന്നിവ നടത്തി.

ചുള്ളിയോട്:- രോഗിസന്ദർശനം നടത്തി.

വാകേരി:- വ്യക്തിത്വവികാസത്തെക്കുറിച്ച് സെമിനാർ നടത്തി.

ബത്തേരി:- കൈയെഴുത്തുമാസിക 'സിംഫണി' പ്രകാശനം ചെയ്തു.

അമ്പലവയൽ:- രോഗിസന്ദർശനം നടത്തി.

ചിത്രഗിരി:- പഠനോപകരണങ്ങൾ, യൂണിഫോം വിതരണം ചെയ്തു.

സീതാമൗണ്ട്:- വസ്ത്രവിതരണം നടത്തി

മരക്കടവ്:- പിടിയരി പിരിവ് നടത്തി

പട്ടാണിക്കൂപ്പ്:- അരി വിതരണം ചെയ്തു

വാഴവറ്റ:- വായനാദിനം ആചരിച്ചു.

ചാരിറ്റി:- ക്ലാസ്സടിസ്ഥാനത്തിൽ വചനവാക്യമത്സരം നടത്തി

ഒലിവുമല:- പഠനോപകരണങ്ങൾ, അരിവിതരണം എന്നിവ രൂപത സെക്രട്ടറി സജി തറപ്പുതൊട്ടി ഉദ്ഘാടനം ചെയ്തു. വചനപ്പെട്ടി നിർമ്മിച്ചു. ഹാജറിന് പ്രത്യുത്തരമായി വചനം പറയുന്നു.

വിളമ്പുകണ്ടം:- ഫണ്ട് ശേഖരണം നടത്തി.

പനവല്ലി:- വചനചാർട്ട് പ്രദർശിപ്പിച്ചു.

വെള്ളൂന്നി:- ബൈബിൾ ക്വിസ് നടത്തി

അമ്പായത്തോട്:- ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ചു.

കുന്നൂർ:- പഠനോപകരണങ്ങൾ വിതരണം ചെയ്തു.
ഇടയൂർക്കുന്ന്:-ദേവാലയ നിർമ്മിതിക്കായി പൊതുപ്പണി നടത്തി.
മച്ചിക്കൊല്ലി:- വി. കുർബാനയിലെ പങ്കാളിത്തത്തെക്കുറിച്ച് ബ്ര. മനോജ് കവളക്കാടൻ ക്ലാസ്സുകൾ എടുത്തു.
ധർമ്മഗിരി:- ബൈബിൾവാക്യ പഠന മത്സരം നടത്തി.
ദീപ്തിഗിരി:- ദ്വിദിന സെമിനാർ നടത്തി
തോണിച്ചാൽ:- എല്ലാ ആഴ്ചയും ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തുന്നു.
കല്ലോടി:- ക്ലാസ്സടിസ്ഥാനത്തിൽ ബൈബിൾവാക്യ പഠനമത്സരം നടത്തി.
വെള്ളമുണ്ട:- വചനബോർഡ് ഉത്ഘാടനം ചെയ്തു
കാവുംമന്ദം:- എല്ലാ കുട്ടികൾക്കും ബാഗ് വിതരണം ചെയ്തു.
ചെന്നലോട്:- പഠനോപകരണങ്ങൾ വിതരണം ചെയ്തു. വാർഷികം നടത്തി.
കോട്ടത്തറ:- ഹെൽത്ത് സെന്റർ വൃത്തിയാക്കി. കാടുവെട്ടി റോഡ് വൃത്തിയാക്കി.
കേണിച്ചിറ:- ബൈബിൾ സ്കിറ്റ് നടത്തി.
വാളവയൽ:- ബൈബിൾ ക്വിസ് നടത്തി.
പുതുശ്ശേരി:- ബൈബിൾ ആസ്പദമാക്കി മുദ്രാവാക്യരചന നടത്തി
മുതിരേരി:- വചനനിറവ്, വചനസന്ധ്യ നടത്തി.
കണിയാരം:- പഠനോപകരണങ്ങൾ വിതരണം ചെയ്തു. പ്രതിഷേധ സൂചകമായി കാട് വെട്ടി തെളിച്ചു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

ബോയ്സ്ടൗൺ - 100, മംഗലശ്ശേരി - 25.

**കാണിക്ക തന്ന ശാഖകൾ**

അമ്പായത്തോട് - 250, ജൂഡ്സ്മൗണ്ട് - 206, സീതാമൗണ്ട് - 200, അപ്പപ്പാറ - 17, തലപ്പുഴ - 64, നിരവിൽപ്പുഴ - 220, തെനേരി - 250, കാരയ്ക്കാമല - 100.

സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണത്തിരുനാളിന്റെയും മംഗളങ്ങളും പ്രാർത്ഥനകളും ആശംസിച്ചുകൊണ്ട്

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയപ്പെട്ട യുവജനസുഹൃത്തുക്കളെ,

ശുദ്രശീതളതയുടെ ഉത്തുംഗശൃംഗങ്ങൾ... താഴ്‌വരകളിൽ മയങ്ങുന്ന സ്വപ്നങ്ങൾ.. സുരഭികളായ ദേവദാരുക്കൾ.. കവിത പോലെ ഒഴുകുന്ന ഗംഗ. നിറഞ്ഞ ശാന്തി. അറിവിന്റേയും സൗന്ദര്യത്തിന്റേയും പ്രഭവകേന്ദ്രം. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ജന്മമെടുത്തു.. കർമ്മവും ഭക്തിയും ജ്ഞാനവും നിറഞ്ഞ് ആർഷ ചൈതന്യം വിളയാടുന്ന ഈ ഭാരതഭൂമിയിൽ 1947 ആഗസ്റ്റ് 14 അർദ്ധരാത്രിയിൽ നന്മയുടേയും പരമശാന്തിയുടേയും കേദാരഗൃഹങ്ങളായിരുന്ന ഭാരതമാമുനിമാർ ഒരു പ്രാചീന വൈദിക മന്ത്രം ഉരുവിട്ടു.

"അസതോമ സത്ഗമയാ<br>
തമസോമാ ജ്യോതിർഗമയാ<br>
മൃത്യോർമാ അമൃതംഗമയാ.."

ഇന്ന് ഒരിക്കൽക്കൂടി ആ ഈരടികൾ ഭാരതജനത പാടുകയാണ്.. പക്ഷെ അസത്യത്തിൽനിന്ന് സത്യത്തിലേക്കോ? അതോ സത്യത്തിൽ നിന്ന് അസത്യത്തിലേക്കോ? മനുഷ്യ സ്നേഹികളുടെ ശ്മശാനഭൂവിൽ നിന്ന് കെട്ടടങ്ങാത്ത ഓർമ്മകളുടെ ഘോഷയാത്ര ഇന്നും നമ്മുടെ മുമ്പിലൂടെ നീങ്ങുകയാണ്.

1947 ആഗസ്റ്റ് 15. നൂറ്റാണ്ടുകളായി സ്വപ്നം കണ്ടുകൊണ്ടിരുന്ന സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി. ബ്രിട്ടീഷ് സാമ്രാജ്യമെന്ന ഭീകരവും ഉത്തുംഗവുമായ മഹാസൗധം ഇടിച്ചു തകർക്കപ്പെട്ടു. വെള്ളക്കാരുടെ തുരുമ്പു ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് - ആയിരക്കണക്കിന് രാജ്യസ്നേഹികൾ രക്തസാക്ഷിത്വം വരിച്ച്, സമരത്തിന്റെ തീച്ചൂളയിൽ വെന്തെരിഞ്ഞ്, പീരങ്കികളുടെ മുമ്പിൽ തലകുനിക്കാതെ - ആ മനോഹര ഗാത്രത്തിൽ നിന്നും ഉതിർന്ന്

വീഴുന്ന രക്തത്തുള്ളികൾ കൊണ്ട് ആ ധീരവീരാത്മാക്കൾ തങ്ങ ളുടെ അമ്മയെ സ്വതന്ത്രയാക്കി.

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം" - സ്വാതന്ത്ര്യം പ്രാപിച്ച ഭാരത ജനത കഴിഞ്ഞ 61 വർഷങ്ങളിലായി പുരോഗതിയുടെ ചക്രവാള ങ്ങളിലേക്ക് കുതിച്ചുയരുകയാണ്. സ്വാതന്ത്ര്യത്തിന്റെ നറുതേൻ രുചിച്ചുകൊണ്ട്, സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ മേഖലകളിൽ ഉന്നതവിജയം നേടിയിരിക്കുന്നു. ഏകാധിപത്യത്തിലേക്കോ പട്ടാള ഭരണത്തിലേക്കോ വഴിമാറാതെ, ജനാധിപത്യരാഷ്ട്രമായി, ജീവി തനിലവാരം ഉയർത്തിക്കൊണ്ട്, വ്യവസായരംഗത്തും, ശാസ്ത്ര രംഗത്തും വമ്പിച്ചനേട്ടങ്ങൾ കൈവരിച്ച് പുരോഗതിയുടെ പുത്തൻ പാതയിലൂടെ സഞ്ചരിക്കുകയാണ്. പക്ഷേ... സ്വാതന്ത്ര്യത്തിനു വേണ്ടി ജീവൻ ത്യജിച്ച - ആ ധീരവീരാത്മാക്കളുടെ സുന്ദര സ്വപ്ന ങ്ങളുടെ സാക്ഷാത്കാരമാണോ നമ്മുടെ ഭാരതാംബിക. സ്വന്തം മാതൃഭൂമിക്ക് വേണ്ടി രക്തംചിന്തിയ ഗാന്ധിജിയുടെ രാമരാജ്യത്തി ലാണോ നാം? വിമോചനത്തിനായി, യഥാർത്ഥ സ്വാതന്ത്ര്യത്തി നായി - സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്വാതന്ത്ര്യ ത്തിന്റേയും പ്രതീകമായ ആ ത്രിവർണ്ണപതാകയുടെ മുമ്പിൽ മുറവിളി കൂട്ടുകയാണ് ഇന്നത്തെ ഭാരതം.

അതെ, "വെളിച്ചം ദു:ഖമാണുണ്ണി
തമസ്സല്ലോ സുഖപ്രദം"

സ്വതന്ത്രയായ ഭാരതമാതാവിന്റെ മനോഹരഗാത്രത്തിൽ ഇന്നും മുറിപ്പാടുകൾ. ഉണങ്ങാത്ത മുറിവിൽ നിന്നും ഇറ്റിറ്റ് വീഴുന്ന ചോരത്തുള്ളികൾ.. വർഗ്ഗസമരത്തിന്റെ അന്ധമായ പ്രാദേശികഭാവ ത്തിന്റെ, സാമ്പത്തിക കുത്തകയുടെ മനുഷ്യ സ്നേഹനിരാസ ത്തിന്റെ, ഭീകരവാദത്തിന്റെ - ദുർദേവതകൾ ചന്ദ്രഹാസമിളക്കി സംഹാര താണ്ഡവമാടുകയാണ്. പിന്നിട്ടവർഷങ്ങളിൽ എത്രയെത്ര ചോരക്കളങ്ങൾ നാം കണ്ടു. ചോരകുടിച്ച് തഴച്ച് വളരുന്ന വർഗ്ഗീ യശക്തികൾ നാടിനെ ചിന്നഭിന്നമാക്കാൻ ശ്രമിക്കുന്നു.. സത്യവും നീതിയും പഴഞ്ചരക്കായിമാറി. അധികാരകസേരയുടെ പിടിവലി യിൽ അഴിമതിയുടെ കൂത്തരങ്ങായി മാറിയ രാഷ്ട്രീയം. സരസ്വതി ക്ഷേത്രത്തിന്റെ പവിത്രത നശിപ്പിച്ച് - വിഷം കുത്തിവയ്ക്കുന്ന -

രാഷ്ട്രീയവൽക്കരിക്കുന്ന - മതനിഷേധം വളർത്തിയെടുക്കുന്ന വിദ്യാഭ്യാസ മേഖല- പാക്കേജുകളുടെ പേരിൽ കർഷകജനങ്ങളെ അവഹേളിക്കുന്ന അവസ്ഥ. നിരാശരായ കർഷകരുടെ ആത്മഹത്യകളുടെ നീണ്ടനിര. ന്യൂനപക്ഷങ്ങളെയും - ന്യൂനപക്ഷാവകാശങ്ങളെയും കാറ്റിൽ പറത്തി അടക്കിഭരിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ നേതൃത്വം.. ആരെയും എന്തിനെയും വെല്ലുവിളിക്കുകയും തല്ലിതകർക്കുകയും ചെയ്യുന്ന വിദ്യാർത്ഥിസംഘടനകൾ.. മനുഷ്യജീവന് വിലകല്പിക്കാതെ - ആക്രമവും അരാജകത്വവും- അരങ്ങ്തകർക്കുന്ന കാഴ്ച.. ഹിറ്റ്ലറുടെയും ഇദിനാമിന്റേയും ഹെമേനിയുടേയും പാതയിലേക്ക് ഇന്ത്യൻ സംസ്കാരം നീങ്ങുകയാണോ?

ആഗസ്റ്റ് 15 അഭിമാനപുളകമായ ദിനം. ഒപ്പം വർണ്ണോജ്വലമായ മറ്റൊരു സ്വാതന്ത്ര്യത്തിന്റെ ഓർമ്മ. ആത്മസ്വാതന്ത്ര്യത്തിന്റെ പ്രഭവിതറി-നമ്മുടെ അമ്മ-പരി. കന്യകാമറിയം പുഞ്ചിരിതൂകി നിൽക്കുന്നു... ആദ്ധ്യാത്മിക സ്വാതന്ത്ര്യവും ഭൗതികാത്മകത്വവും -ഓരോ യുവമനസുകളിൽ... നിറയുവാൻ ഈ ദിനത്തിന്റെ പ്രഭാതഭേരി പ്രചോദനമാകട്ടെ. ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ... ഒപ്പം സ്വർഗ്ഗാരോപണതിരുനാൾ മംഗളങ്ങൾ...

സ്നേഹപൂർവ്വം, **സണ്ണിയച്ചൻ**

**വനിതാസംഗമം (പ്രദായിനി 2008)**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ വനിതാസംഗമം പ്രദായിനി-08 കൽപ്പറ്റ ഡിപോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 27, 28, 29 തീയതികളിൽ നടത്തി. സ്ത്രീത്വം സുശക്തം വിമുക്തം എന്ന ചിന്തയോടെ, സ്ത്രീശാക്തീകരണത്തിനായി സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെ സധൈര്യം നേരിടുവാനും സ്വയാവബോധത്തിലൂടെ കരുത്താർജ്ജിക്കുവാനുമായി സ്ത്രീസംഗമം ഒരു വലിയ വിജയമായി. ഉദ്ഘാടന സമ്മേളനത്തിൽ രൂപതാ വൈസ്. പ്രസിഡന്റ് ലിറ്റി വെണ്ടർമ്യാലിൽ അദ്ധ്യക്ഷത വഹിച്ചു. ഡീപോൾ സ്കൂൾ ഹെഡ്മിസ്ട്രസ് ഗ്ലോറി പ്രേംജിത്ത് ഉദ്ഘാടനം ചെയ്തു. ഫാ. സണ്ണി കൊല്ലാർതോട്ടം അനുഗ്രഹ പ്രഭാഷണവും, സി. മോളി ജോസഫ് എസ്.ജെ.എൽ. ആമുഖ പ്രഭാഷണവും, ജോജിൻ ടി. ജോയി സന്ദേശവും നൽകി. ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ, നിഷിത

പുതിയകുന്നത്ത്, സോഫി വർക്കി, ലിജി കളരിക്കൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. വിവിധവിഷയങ്ങളിൽ സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ, മിജാർക്ക് സോളിഡാരിറ്റി സമിതി ഏഷ്യൻ ചെയർമാൻ ജോസ് പള്ളത്ത്, മുൻ സംസ്ഥാന ആനിമേറ്റർ സി. ആൻസി പോൾ എസ്. എച്ച്, രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർത്തോട്ടം, എന്നിവർ ക്ലാസുകൾ നയിച്ചു. ശനിയാഴ്ച ദിവ്യബലിക്ക് സംസ്ഥാനഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂരും, ഞായറാഴ്ച ദിവ്യബലിക്ക് രൂപതാ വികാരി ജനറാൾ മോൺ ജോർജ് മൂലയിലും മുഖ്യകാർമ്മികത്വം വഹിച്ചു. വനിതാ സംഗമത്തിന്റെ സമാപന സമ്മേളനം മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. 3 ദിവസങ്ങളിലായി നടന്ന സംഗമത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 250 ഓളം യുവതികൾ പങ്കെടുത്തു. സി. മോളി ജോസഫ്, ലിറ്റി വെണ്ടർമ്യാലിൽ, നിഷിത പുതിയകുന്നത്ത് എന്നിവർ ക്യാമ്പ് കോർഡിനേറ്റേഴ്സ് ആയിരുന്നു. രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

സംഗമത്തിന് വേണ്ട മുഴുവൻ സഹായവും ചെയ്ത് തന്ന ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറയ്ക്കലിനും ഫാ.സജി ഇളയിടം. കൈക്കാരൻമാർക്കും യൂണിറ്റ് മേഖലാ നേതാക്കൾക്കും രൂപതാ സമിതിയുടെ പേരിൽ നന്ദിയർപ്പിക്കുന്നു.

**കളക്ട്രേറ്റ് മാർച്ച് - ധർണ്ണ**

വിവാദമായ പാഠപുസ്തകം പിൻവലിക്കണമെന്നും സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ നടപടി ആവശ്യപ്പെട്ടും രൂപതാ സമിതിയുടെ നേതൃത്വത്തിൽ ജൂൺ 28 ന് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. കൽപ്പറ്റ ഡീ പോൾ സ്കൂൾ പരിസരത്ത് നിന്നും ആരംഭിച്ച മാർച്ച് സംസ്ഥാന വൈസ്പ്രസിഡന്റ് ബിജു മാത്യു അരീക്കാട്ട് ഉദ്ഘാടനം ചെയ്തു. കളക്ട്രേറ്റ് ധർണ്ണ മിജാർക്ക് സോളിഡാരിറ്റി സമിതി ഏഷ്യൻ ചെയർമാൻ ജോസ് പള്ളത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോജിൻ ടി. ജോയി അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം മുൻ രൂപതാ പ്രസിഡന്റ് റെജിമോൻ പുന്നോലിൽ, ഫാ. ജോസ് കൊച്ചറയ്ക്കൽ, സി. മോളി ജോസഫ്, ലിറ്റി വെണ്ടർമ്യാലിൽ, അനീഷ് ഓമക്കര എന്നിവർ പ്രസംഗിച്ചു.

സണ്ണി ചാലിൽ, ഷിബു പുതിയകുന്നത്ത്, ഷിൽജോ പള്ളയ്ക്കൽ, ഷംജിത്ത് ചേലയ്ക്കൽ, നിഷിത പുതിയകുന്നത്ത്, ബിനോയി പാനികുളം, ഷിന്റോ മുള്ളങ്കുഴി, സജിൻ ചാലിൽ എന്നിവർ നേതൃത്വം നൽകി. മാർച്ചിലും ധർണ്ണയിലും 350 യുവജനങ്ങൾ പങ്കെടുത്തു. മാർച്ച് ആവേശോജ്വലമാക്കിയ എല്ലാവർക്കും വളരെ നന്ദി.

**സെന്റ് പോൾസ് വർഷം ഉദ്ഘാടനം**

ജൂൺ 29 വി. പൗലോസിന്റെ പ്രേഷിത തീഷ്ണതയും ക്രിസ്തുരഹസ്യങ്ങളിലുള്ള ആഴവും യുവതയുടെ പ്രവർത്തന ശൈലിയാക്കാൻ ആഗോള കത്തോലിക്കാ സഭയുടെ അദ്ധ്വാന ത്താൽ നടത്തുന്ന വി. പൗലോസിന്റെ വർഷം ഉദ്ഘാടനം ജൂൺ 29-ന് ഞായറാഴ്ച കൽപ്പറ്റ ഡി പോൾ ദേവാലയത്തിൽ വച്ച് രൂപതാ വികാരിജനറാൾ മോൺ ജോർജ് മൂലയിൽ വി. പൗലോ സിന്റെ ചിത്രം അനാച്ഛാദനം ചെയ്ത് ഉദ്ഘാടനകർമ്മം നിർവ്വ ഹിച്ചു. പ്രസിഡന്റ് ജോജിൻ ടി. ജോയി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. ജോസ് കൊച്ചറയ്ക്കൽ ആശംസകൾ നേർന്നു. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ വർഷാചരണത്തിന്റെ ഭാഗമായി യൂണിറ്റ് മേഖലാ രൂപതാ തലങ്ങളിൽ വിവിധ പരിപടി കൾ നടത്തും.

**യുവജനദിനാഘോഷം - ജൂലൈ 6**

യുവജനദിനാഘോഷത്തിന്റെ രൂപതാതല ഉദ്ഘാടനം ജൂലൈ 6 ഞായറാഴ്ച പ്രശാന്തഗിരി യൂണിറ്റിൽ വച്ച് നടത്തി. ദിവ്യബലിക്ക് രൂപതാ ഡയറക്ടർ ഫാ. സണ്ണികൊല്ലാർതോട്ടം മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളന ത്തിൽ യൂണിറ്റ് പ്രസിഡന്റ് ഷിനു മടത്തിശ്ശേരിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സണ്ണികൊല്ലാർതോട്ടം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോജിൻ ടി. ജോയി മുഖ്യപ്രഭാഷണം നടത്തി. ഫാ. പോൾ ഇടയക്കൊണ്ടാട്ട്, സി. മോളി ജോസഫ്, സി. നിർമ്മല ജോർജ്ജ് എസ്. എച്ച്., ഷിൽജോ പള്ളയ്ക്കൽ, ഷംജിത്ത് ചേലയ്ക്കൽ, സോണിയ മേച്ചേരിൽ, റിൻസി കൊച്ചുകുടിയിൽ എന്നിവർ പ്രസംഗിച്ചു. യുവജനദിനാഘോഷം മനോഹരമായി

ക്രമീകരിച്ച് നേതൃത്വം നൽകിയ ഫാ. പോൾ ഇടയക്കൊണ്ടാട്ടിനും, സി. നിർമ്മല എസ്.എച്ച്., നും യൂണിറ്റ് പ്രവർത്തകർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും സ്നേഹത്തോടെ അറിയിക്കട്ടെ... യുവജനദിനത്തോടനുബന്ധിച്ച് എല്ലാ യുവജനങ്ങൾക്കും വികാരിയച്ചൻ ബൈബിൾ നൽകി. രൂപതയ്ക്ക് വേണ്ടി ഡയറക്ടർ ഫാ. സണ്ണി യുവജന മെമന്റോ എല്ലാവർക്കും നൽകി.

**READY - 08**

വിവിധ മേഖലകളിൽ പ്രസ്ഥാനത്തിന് ആത്മീയ നേതൃത്വം നൽകുന്ന ഡയറക്ടർ അച്ചൻമാരുടെയും ആനിമേറ്റേഴ്സിന്റെയും സമ്മേളനം READY - 08 ജൂലൈ 10-ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർത്തോട്ടം ആമുഖപ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കാലഘട്ടത്തിന്റെ വളർച്ചക്കനുസരിച്ച് പുതിയ മാധ്യമരീതികൾ അവലംബിക്കുവാനും സാമൂഹ്യ പ്രശ്നങ്ങളോട് പ്രതികരിച്ച് സഭയുടെ വാഹകരാകുവാൻ അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. Ready യിൽ പങ്കെടുത്ത എല്ലാവർക്കും 'വ്യക്തിത്വവികസനം'- കുറിച്ചുള്ള മനോഹരമായ ഗ്രന്ഥം ഡയറക്ടച്ചൻ സമ്മാനമായി നൽകി. ജോജിൻ ടി. ജോയി അദ്ധ്യക്ഷത വഹിച്ചു. സി. മോളി ജോസഫ്, ഷിൽജോ പള്ളയ്ക്കൽ, ഷിബു പുതിയവീട്ടിൽ എന്നിവർ നേതൃത്വം നൽകി.

**Anima - 08**

യൂണിറ്റുകളിലും മേഖലകളിലും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആനിമേറ്റേഴ്സിന്റെ രൂപതാ സമ്മേളനം Anima-08 ജൂലൈ 12 ന് പാസ്റ്ററൽ സെന്ററിൽ നടത്തി. പ്രസിഡന്റ് ജോജിൻ ടി. ജോയി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റുകളിൽ പുത്തൻ ഉണർവ്വും ഉന്മേഷവും പകർന്ന് യുവജന പ്രേഷിതത്വം സഭയുടെ പ്രധാന കടമയായി ഉൾക്കൊള്ളുവാൻ ബഹു. മാത്യു അച്ചൻ പ്രേരിപ്പിച്ചു. ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണം നടത്തി. സി. മോളി ജോസഫ്, സി. അനിറ്റ് മരിയ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ക്ലാസുകൾക്ക് റ്റി. ജെ. രാജുസാർ, ഫാ. സണ്ണി കൊല്ലാർതോട്ടം, സി. മോളി ജോസഫ് എന്നിവർ നേതൃത്വം നൽകി. ANIMA-08-ൽ 70 പേർ

പങ്കെടുത്തു. സി. എൽസി എസ്.എച്ച്. ഷിൽജോ പള്ളയ്ക്കൽ, ഷംജിത്ത് ചേലയ്ക്കൽ നേതൃത്വം നൽകി.

**ഡയറക്ടറച്ചന്റെ സന്ദർശനം**

നടവയൽ:- കെ.സി.വൈ.എം. പുനഃക്രമീകരിച്ചു. (6-7-08) യുവജനദിനത്തോടനുബന്ധിച്ച് നടവയൽ യൂണിറ്റ് സന്ദർശിക്കുകയും യുവജനങ്ങൾക്കായി മൂല്യാധിഷ്ഠിത യുവത്വത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് സി. മോളി എസ്.ജെ.എൽ. ക്ലാസുകൾ നയിച്ചു. തുടർന്ന് തിരഞ്ഞെടുപ്പ് നടത്തുകയും പുതിയ പ്രവർത്തനവർഷം ആശംസിക്കുകയും ചെയ്തു. നേതൃത്വം നൽകിയ ബഹു. വികാരി ഫാ. സെബാസ്റ്റ്യൻ പാലക്കിയച്ചനും അസി. വികാരി ഫാ. സന്തോഷിനും ആനിമേറ്റർ സി. ഫൗസ്റ്റയ്ക്കും നന്ദി.

കമ്മന:- യുവജനസംഗമം (6-7-08) യുവജനദിനത്തോടനുബന്ധിച്ച് കമ്മന ഇടവകയിലേയും മലങ്കര ഇടവകയിലേയും മുഴുവൻ യുവജനങ്ങളെ പങ്കെടുപ്പിച്ച് യുവജനസംഗമം ഒരുക്കി. പഴയകാല നേതാക്കളെ ആദരിച്ചു. അനുഭവങ്ങൾ പങ്കുവച്ചും സംഗീതസദ്യയും ഒരുക്കി പുതുമയോടെ സംഘടിപ്പിച്ച സംഗമം ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ഉൽഘാടനം ചെയ്തു. ശ്രീ. ജോസ് പള്ളത്ത് ക്ലാസുകൾക്ക് നേതൃത്വം നൽകി. സി. മോളി ജോസഫ് ആശംസകളർപ്പിച്ചു. സംഘടിപ്പിച്ച വികാരി ഫാ. മാത്യു കാട്ടറാത്തച്ചനും സി. റാണി തെരേസിനും ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

കേണിച്ചിറ:- യുവജനദിനാഘോഷം (13-7-08) - ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് യുവജനദിനം ആഘോഷപൂർവ്വം കൊണ്ടാടി. വി. ബലിക്ക് ഒരുക്കങ്ങൾ നടത്തി പതാകഉയർത്തി. സമ്മേളനം ഒരുക്കി ഭംഗിയാക്കി. വി. ബലിയർപ്പിച്ച് യുവജനദിന പ്രാധാന്യത്തെകുറിച്ച് രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം സംസാരിച്ചു. നേതൃത്വം നൽകിയ ഫാ. തോമസ് തൈക്കുന്നുംപുറം അച്ചനും സി. കുസുമത്തിനും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

മരക്കടവ്:- കെ.സി.വൈ.എം. യൂണിറ്റ് രൂപീകരിച്ചു- ഇടവകയിലെ യുവജനങ്ങൾക്കായി വി. ബലിയർപ്പിച്ച് മൂല്യാധിഷ്ഠിത യുവജന സമൂഹത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ് ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം യുവജനങ്ങൾക്കായി ക്ലാസുകൾ

നയിച്ചു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് സി. മോളി SJL ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ഔദ്യോഗികമായി രൂപതാ കുടുംബത്തിലേക്ക് സ്വീകരിക്കുകയും ചെയ്തു. നേതൃത്വം നൽകിയ വികാരി ഫാ. ജോർജ് കിഴക്കുംപുറത്തിനും, സി. റൊസിലിയായ്ക്കും, അധ്യാപകർക്കും ഹൃദ്യമായ നന്ദി.

**സംസ്ഥാന അർദ്ധവാർഷികസെനറ്റ് - വാളവയൽ**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനം ജൂലൈ 25, 26, 27 തീയതികളിൽ നമ്മുടെ രൂപതയുടെ ആതിഥേയത്വത്തിൽ വാളവയൽ ശാന്തിധാര ആശ്രമത്തിൽ വച്ച് നടക്കും. പ്രശ്നകലുഷിതമായ സമകാലീക സംഭവങ്ങളും സഭയ്ക്കെതിരെ ബോധപൂർവ്വം സൃഷ്ടിക്കുന്ന വെല്ലുവിളികളും അതിജീവിക്കുന്നതിന് ക്രിയാത്മകമായ ചർച്ചകളും ഇടപെടലുകളും സമ്മേളനത്തിന്റെ ഭാഗമായി ഉണ്ടാകും. കേരളത്തിലെ 29 രൂപതകളിൽ നിന്നുള്ള യുവജന നേതാക്കളാണ് ഈ മഹത്സമ്മേളനത്തിൽ പങ്കെടുക്കുക.

**സന്ദർശനം**

ജൂലൈ 5 ശനിയാഴ്ച രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം മണിമൂളി, നിലമ്പൂർ, ഇടിവണ്ണ എന്നീ യൂണിറ്റുകൾ സന്ദർശിച്ചു. ഇടിവണ്ണയിൽ സജീവമായ യുവസമൂഹത്തെ പടുത്തുയർത്തിയ ബഹു. ജിൽസനച്ചനെ അഭിനന്ദിക്കുകയും ചെയ്തു.

## കെ.സി.വൈ.എം. സാഹിത്യ മത്സര നിബന്ധനകൾ

### PEARL-2008 സാഹിത്യമത്സരങ്ങൾ, സെപ്തംബർ 21

ഈ വർഷം രൂപതാ പേൾ സാഹിത്യമത്സരങ്ങൾ അതാതു മേഖലകളിൽ വെച്ച് നടത്തപ്പെടും. സെപ്തംബർ 21-ന് ഞായറാഴ്ച 2.30-ന് മത്സരം ആരംഭിക്കും. രൂപതയിൽ നിന്ന് വരുന്ന പ്രമോട്ടർമാരുടെയും മേഖലാഡയറക്ടറച്ചന്മാരുടെയും ഉത്തരവാദിത്വത്തിലായിരിക്കും മത്സരം നടക്കുക. സാഹിത്യമത്സരങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ അതത് മേഖലാ സമിതികൾ ഒരുക്കുകയും എവിടെവച്ച് നടത്തുന്നുവെന്ന് യൂണിറ്റുകളെ അറിയിക്കുകയും ചെയ്യണം. സാഹിത്യമത്സര വിജയികളുടെ ലിസ്റ്റ് രൂപതയ്ക്ക് കിട്ടേണ്ട അവസാന തീയതി ആഗസ്റ്റ് 15 ആണ്.

## PEARL-2008 കലാമത്സരങ്ങൾ, ഒക്ടോബർ 02

ഈ വർഷത്തെ പേൾ കലാമത്സരങ്ങൾ ഒക്ടോബർ 2-ന് വ്യാഴാഴ്ച നടത്തപ്പെടും. മത്സരങ്ങൾ രാവിലെ 9.30-ന് ആരംഭിക്കും. രൂപതാ കലാമത്സരങ്ങൾക്ക് അർഹത നേടിയവരുടെ ലിസ്റ്റ് മേഖലകൾ സെപ്തംബർ 15-ന് അഞ്ചു മണിക്ക് മുമ്പായി രൂപതാ ഓഫീസിലെത്തിക്കണം. നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ലിസ്റ്റ് എത്തിക്കാത്ത മേഖലകളെ മത്സരത്തിൽ പങ്കെടുപ്പിക്കില്ല. കെ. സി. വൈ. എം. അംഗത്വമുള്ളവർ മാത്രമാണ് മേഖലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് ഭാരവാഹികൾ ഉറപ്പു വരുത്തുക.

15 രൂപയാണ് ഒരാൾക്ക് രജി. ഫീസ്. ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം രജി. ഫീസ് ഇല്ല. വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങളിലും 3 സാഹിത്യമത്സരങ്ങളിലും പങ്കെടുക്കാം. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

**മത്സരഇനങ്ങൾ**

1) സംഗീതം - 5 മിനിട്ട് യുവതി/യുവാവ് (ക്രിസ്തീയ ഭക്തിഗാനം മാത്രം, ക്ലാസ്സിക്കൽ ഗാനം പാടില്ല)
2) പ്രസംഗം - 5 മിനിട്ട് (വിഷയം 5 മിനിട്ട് മുമ്പ് നൽകപ്പെടും)
3) പ്രച്ഛന്നവേഷം - 2 മിനിട്ട് (പശ്ചാത്തലസംഗീതം, സ്റ്റേജ് അലങ്കാരം, പിന്നണിയിൽ നിന്നുള്ള ശബ്ദം, മുഖംമൂടി എന്നിവ പാടില്ല, അഭിനയപാടവമാണ് പരിഗണിക്കുക).
4) മോണോ ആക്ട് - 5 മിനിട്ട് (ഒരു സംഭവമോ, കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ശബ്ദത്തിലും ഭാവത്തിലും അനുകരിക്കണം).
5) മിമിക്രി - 5 മിനിട്ട്
6) നാടോടി നൃത്തം - 7 മിനിട്ട് (യുവതി/യുവാവ്) കാസറ്റ് സംഗീതം അനുവദിക്കും, പിന്നണിക്ക് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടുകളാണ് ഉപയോഗിക്കേണ്ടത് സിനിമാഗാനം അനുവദനീയമല്ല.
7) ഡിബേറ്റ്- 10 മിനിട്ട് (ഒരു ടീമിൽ രണ്ടാളുകൾ, ഒരാൾ പ്രെപ്പോസർ, മറ്റേയാൾ ഒപ്പോസർ, വിഷയം അര മണിക്കൂർ മുമ്പ് നൽകപ്പെടും).
8) ക്വിസ് - ഒരു ടീമിൽ രണ്ടുപേർ (ചോദ്യങ്ങളുടെ അനുപാതം 1. കോറിന്തോസ് ലേഖനം 60%, കെ. സി. വൈ. എം. ചരിത്രം,

ദർശനം, പ്രവർത്തനങ്ങൾ 30%, പൊതുവിജ്ഞാനം 10%).

9) സംഘഗാനം - 7 മിനിട്ട് (7 പേരിൽ കൂടരുത്, സംഗീത ഉപകരണങ്ങൾ പാടില്ല).
10) കെ. സി. വൈ. എം. ആന്തം (7 പേരിൽ കൂടരുത്, കെ. സി. വൈ. എം. പതാകയേന്തണം, മാർച്ചിംഗ് ട്യൂൺ ആണ് ആലപിക്കേണ്ടത്)
11) മൈം - 10 മിനിട്ട് (7 പേരിൽ കൂടാൻ പാടില്ല, മ്യൂസിക് നൽകാവുന്നതാണ്)
12) തെരുവുനാടകം - 20 മിനിട്ട് (ഏതുതരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധത്തിലുള്ള ചായവും പാടില്ല).
13) മാർഗ്ഗംകളി - 7 മിനിട്ട് (യുവതികൾക്ക് മാത്രം)
14) കവിതാരചന - 1 മണിക്കൂർ
15) കഥാരചന - 1 മണിക്കൂർ
16) ഉപന്യാസ രചന - 1 മണിക്കൂർ
17) നോട്ടീസ് രചന - 45 മിനിട്ട് 1 പേജ്
18) മുദ്രാവാക്യരചന - 30 മിനിട്ട് (ആവേശം ജനിപ്പിക്കത്തക്കരീതിയിൽ താളാത്മകമായി വേണം രചിക്കാൻ)
19) കാർട്ടൂൺ രചന - 2 മണിക്കൂർ (കളർ ഉപയോഗിക്കാൻ പാടില്ല, ചിത്രം, ആശയം, അവതരണം, എന്നിവയ്ക്കാണ് പ്രാധാന്യം)
20) കൊളാഷ് - 1 മണിക്കൂർ (ചായക്കൂട്ടും തൂലികയുമില്ലാതെ ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങളും പത്രക്കുറിപ്പുകളും ശേഖരിച്ച് അവ സൂക്ഷ്മതയോടെ ഒട്ടിച്ച്ചേർത്ത് കൊളാഷ്ചിത്രങ്ങൾ നിർമ്മിക്കാം. അകലെ നിന്ന് ചിത്രം കാണുകയും അടുത്ത് നിന്ന് ചിത്രത്തിലെ കുറിപ്പുകൾ വായിക്കുകയും ചെയ്യുവാൻ സാധിക്കണം. കൊളാഷിന് പേര് നൽകാവുന്നതാണ്. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല.)
21) പോസ്റ്റർ രചന - 2 മണിക്കൂർ. (പോസ്റ്റർ കളർ Transpirant, വാട്ടർകളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല. ആശയമെഴുതാൻ സ്കെച്ച്പെൻ ഉപയോഗി

ക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്).

സാഹിത്യമത്സരങ്ങൾക്ക് തത്സമയം വിഷയം നൽകപ്പെടും. എല്ലാ മത്സരങ്ങളിലും ധാർമ്മികമൂല്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ് അവതരിപ്പിക്കേണ്ടത്. മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അംഗത്വകാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**അറിയിപ്പുകൾ - അംഗത്വകാർഡ്**

അംഗത്വകാർഡ് നഷ്ടപ്പെട്ട സീനിയർ പ്രവർത്തകർ ഉണ്ടെങ്കിൽ യൂണിറ്റുവഴി രൂപതാഓഫീസിൽ അറിയിക്കുകയാണെങ്കിൽ അംഗത്വകാർഡ് നൽകുന്നതായിരിക്കും. ഇനിയും അംഗത്വലിസ്റ്റിൽ പേര് ചേർക്കാനുണ്ടെങ്കിൽ അതിനും പുതുതായി അംഗത്വലിസ്റ്റ് തരുന്നതിനും ഉള്ള അവസാനതീയതി ആഗസ്റ്റ് 15 ആണ്. അതിനുശേഷം തരുന്ന ഒരു ലിസ്റ്റും രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

**ധർമ്മായൻ - മേഖലാക്യാമ്പ്**

യുവജനങ്ങളെ ക്രിയാത്മകമായി ചിന്തിപ്പിക്കാനും അംഗങ്ങളെ പരസ്പരം കാണുന്നതിനും പരിചയപ്പെടുന്നതിനും കർമ്മവീഥിയിലെ വൈവിധ്യങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടി രൂപതാസമിതി മേഖലകളിൽ നടത്തുന്ന ത്രിദിന ക്യാമ്പാണ് ധർമ്മായൻ. 2008-ലെ ഈ ക്യാമ്പ് ഇനിയും സംഘടിപ്പിക്കാത്തവർ എത്രയും പെട്ടെന്ന് അതിനുവേണ്ട ക്രമീകരണങ്ങൾ മേഖലാസമിതി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിവരം രൂപതാകേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യുമല്ലോ.

**വചസ്സ് - ജാഗരണപ്രാർത്ഥന**

യുവജനങ്ങൾ മേഖലാതലത്തിൽ ഒരുമിച്ചുകൂടി, മാംസമായി മന്നിൽ പിറന്ന വചനത്തെ അറിയുന്ന സ്തുതിയുടെ, പ്രാർത്ഥനയുടെ രാവാണ് വചസ്സ്. വചനവർഷാചരണത്തിന്റെ നിറവിൽ മേഖലയിലെ മുഴുവൻ യുവജനങ്ങളും ഒരുമിച്ച് കൂടി നടത്തുന്ന ജാഗരണ പ്രാർത്ഥന നടത്താത്ത മേഖലകൾ പറഞ്ഞിരിക്കുന്ന തീയതികളിൽ തന്നെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**യുവോത്സവ് ഏകദിന കൺവെൻഷൻ**

യൂണിറ്റുകളിൽ യുവോത്സവ് ഏകദിന കൺവെൻഷൻ നടക്കുന്നു. യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുവാൻ സഹായിക്കുന്ന യുവോത്സവ് സംഘടിപ്പിക്കാത്ത യൂണിറ്റുകൾ നിർബന്ധപൂർവ്വം സംഘടിപ്പിക്കുവാൻ ശ്രമിക്കുകയും തീയതി നിശ്ചയിച്ച ശേഷം രൂപതാകേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യുമല്ലോ.

**ദിശ - നേതൃത്വപരിശീലന കളരി**

സമൂഹത്തിൽ പുളിമാവാകേണ്ടവനാണ് യുവജനനേതാവ്. ആഴമേറിയ പഠന, ചിന്തകളിലൂടെ ഉന്നതമായ ജീവിത ദർശനവും സാമൂഹിക പ്രതിബദ്ധതയുമുള്ള ആത്മീയ നേതൃത്വത്തെ സഭയ്ക്കും സമൂഹത്തിനുമായി രൂപപ്പെടുത്തുവാൻ രൂപതാസമിതി ഒരുക്കുന്ന നേതൃത്വപരിശീലന വ്യക്തിത്വ രൂപീകരണ കളരിയാണ് ദിശ-2008.

ഇതിനായി ഒരു യൂണിറ്റിൽ നിന്നും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയേയും പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഗസ്റ്റ് 23-ന് രാവിലെ 10 a.m. മുതൽ 24-ന് 4 p.m. വരെ ബോയ്സ് ടൗണിൽ വച്ച് നടത്തുന്നതാണ്.

**സംസ്ഥാനതല കലാമൽസരം**

സംസ്ഥാനതല രചനാമൽസരം അതത് രൂപതാകേന്ദ്രത്തിൽ വെച്ചായിരിക്കും നടക്കുക. രൂപതാ പേൾ മത്സരത്തിൽ 'എ' ഗ്രേഡോടുകൂടി വിജയികളാകുന്നവർക്ക് മാത്രമെ സംസ്ഥാനതല മൽസരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടാവുകയുള്ളു. സംസ്ഥാനതല കലാമൽസരത്തിൽ പങ്കെടുക്കുന്നവരുടെ One way ടിക്കറ്റ് ചാർജ് രൂപതാസമിതി വഹിക്കുന്നതാണ്.

**സെന്റ് പോൾ വർഷാചരണം**

മാനന്തവാടി കെ. സി. വൈ. എം. പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസിന്റെ വിശ്വാസതീക്ഷ്ണതയും ദാർശനികചിന്തകളും പ്രേഷിതമുന്നേറ്റങ്ങളും കെ. സി. വൈ. എം. പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളെയും ആവേശംകൊണ്ട് കർമ്മനിരതരാകാൻ ഇടയാക്കട്ടെ എന്ന് ആശംസിക്കുന്നു. സെന്റ് പോളിന്റെ ഫ്ളെക്സ് ഫോട്ടോ കെ. സി. വൈ. എം. രൂപതാ ഓഫീസിൽനിന്നും ഒന്നിന് 100 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

**മേഖലാവാർത്തകൾ**

പുൽപ്പള്ളി:- മേഖലാ സമിതിയുടെ നേതൃത്വത്തിൽ ജൂൺ 28 ന് നിത്യാരാധന ചാപ്പലിൽവച്ച് ആരാധന നടത്തി. പ്രാർത്ഥന സംഗമത്തിന് മേഖലാ ഡയറക്ടർ ഫാ. അലക്സ് കളപ്പുര, ആനിമേറ്റർ സി. ആൻസ്മരിയ എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി.

**ധർമ്മായൻ - 08 മണിമൂളി - നിലമ്പൂർ**

മണിമൂളി - നിലമ്പൂർ റീജിയന്റെ നേതൃത്വത്തിൽ 'ധർമ്മായൻ-08' മേഖലാ ക്യാമ്പ് മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 4, 5 തീയതികളിൽ നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം രൂപതാ പ്രസിഡന്റ് ജോജിൻ ടി. ജോയി നിർവ്വഹിച്ചു. മണിമൂളി മേഖലാ പ്രസിഡന്റ് പ്രിൻസ് പിട്ടാപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. മാത്യു മലയിൽ, റോബിൻ മാത്യു, ഷിൽജോ പള്ളയ്ക്കൽ, സി. ജുസ്സേ എഫ്.സി.സി., സി. ലീലാമ്മ എസ്.കെ.ഡി. എന്നിവർ ആശംസകൾ നേർന്നു. രൂപതാ പ്രസിഡന്റ് റെജിമോൻ പുന്നോലിൽ, ഷിൽജോ പള്ളയ്ക്കൽ എന്നിവർ ക്യാമ്പ് കോഡിനേറ്റേഴ്സ് ആയിരുന്നു. മിജാർക്ക് ഏഷ്യൻ ചെയർമാൻ ജോസ് പള്ളത്ത്, റെജിമോൻ പുന്നോലിൽ, രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർ ക്ലാസുകൾ നയിച്ചു.

സമാപന സമ്മേളനം ഫാ. സണ്ണി കൊല്ലാർതോട്ടം ഉദ്ഘാടനം ചെയ്തു. റോബിൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. സി. മോളി ജോസഫ്, മേഖലാ ഭാരവാഹികൾ എന്നിവർ ആശംസകൾ നേർന്നു. ക്യാമ്പിൽ 120 പേർ പങ്കെടുത്തു.

**വിവാദ പാഠ്യപദ്ധതിക്കെതിരെ റാലി**

വിവാദ പാഠ്യപദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മണിമൂളി, നിലമ്പൂർ മേഖലകളുടെ നേതൃത്വത്തിൽ മണിമൂളിയിൽ പ്രതിഷേധറാലി നടത്തി. രൂപതാ പ്രസിഡന്റ് ജോജിൻ ടി. ജോയി, ഷിൽജോ പള്ളയ്ക്കൽ, ഫാ. മാത്യു മലയിൽ, പ്രിൻസ് പിട്ടാപ്പള്ളിൽ, റോബിൻ തുണ്ടിയിൽ, സിംപോൾ എന്നിവർ നേതൃത്വം നൽകി. റാലിയിൽ 150 പേർ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

ദ്വാരക:- ദ്വാരക ഇടവകയിലെ കെ.സി.വൈ.എം. യൂണിറ്റിന്റെ പ്രവർത്തനവർഷത്തെ ആദ്യസമ്മേളനം ജൂൺ 8-ന് നടന്നു. യൂണിറ്റ് ശക്തിപ്പെടുത്തുവാനായി മുഴുവൻ യുവജനങ്ങളെയും ഒരുമിപ്പിക്കുവാനും എല്ലാ മാസവും 3-ാ മത്തെ ഞായറാഴ്ച ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ യൂണിറ്റ് സമ്മേളനം നടത്തുവാനും തീരുമാനിച്ചു.

ജൂലൈ-6 യുവജനദിനത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോയി തുരുത്തേലച്ചൻ വി. കുർബാനയ്ക്ക് മുമ്പേ കെ.സി. വൈ.എം. പതാക വാനിലേക്കുയർത്തി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വി. ബലിയിൽ യുവജനങ്ങളാണ് എല്ലാകാര്യങ്ങളിലും പങ്കെടുക്കുകയും എല്ലാ അംഗങ്ങളും ചേർന്ന് കാഴ്ച സമർപ്പണവും നടത്തി അന്നേ ദിവസം മനോഹരവും ഭക്തിസാന്ദ്രവും ആക്കിതീർത്തു. കുർബാനയ്ക്ക് ശേഷം കെ.സി.വൈ.എം. അംഗങ്ങൾക്കായി സി. കുസുമം എസ്.എച്ച്, Personality development & Skills എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ഈ ക്ലാസ് എല്ലാവർക്കും ഏറെ ഉപകാരപ്രദമായിരുന്നു.

അതോടൊപ്പംതന്നെ ഇടവകയിൽ 1 മുതൽ 12-ാം ക്ലാസ് വരെ മുടങ്ങാതെ മതബോധന ക്ലാസിൽ വന്ന ജ്വാല കിഴക്കേപറമ്പിലിനും +2 വിന് എല്ലാവിഷയത്തിനും A+ നേടിയ ദാനിയ കുരിശുംമൂട്ടിലിനും അന്നേദിവസം ട്രോഫികൾ സമ്മാനിച്ചു. വിഭവസമൃദ്ധമായ വിരുന്നിന് ശേഷം കെ.സി.വൈ.എം. പതാക താഴ്ത്തി. സന്തോഷത്തോടെ എല്ലാവരും പിരിഞ്ഞു.

സ്നേഹാദരവോടെ,

**ഷിബു പുതിയവീട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജൂൺ 26 മുതൽ 29 വരെ നടന്ന കോഴ്സിൽ 93 പേര് പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസ്സുകളിലൂടെയും വി. കുർബാന യിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

സെപ്റ്റംബർ 27 - 30 ദ്വാരക പാസ്റ്ററൽ സെന്റർ
ഒക്ടോബർ 4 - 8 ദ്വാരക പാസ്റ്ററൽ സെന്റർ
ഒക്ടോബർ 23 - 26 ദ്വാരക പാസ്റ്ററൽ സെന്റർ

**ഗൂഡല്ലൂർ റീജൻ മാതൃസംഘം**

ഗൂഡല്ലൂർ മേഖല കൂടുതൽ ഉണർവ്വോടെ ബഹു. ജോർജ് പടിഞ്ഞാറയിൽ അച്ചന്റെ നേതൃത്വത്തിൽ മുൻപോട്ട് പോകുന്നു.

**മേഖലാ ഭാരവാഹികൾ**

ആനിമേറ്റർ - സി. ഇന്നസെന്റ് MSMI
പ്രസിഡണ്ട് - ലീലാമ്മ തോമസ് (അരുൾനിലയം)
വൈസ് പ്രസിഡണ്ട് - ലീലാമ്മ പാലത്തിനാടി (അമ്പലമൂല)
സെക്രട്ടറി - മേഴ്സി പാട്ടശ്ശേരി (വിമലഗിരി)
ട്രഷറർ - തങ്കമ്മ ഓലപ്പുരയ്ക്കൽ (ധർമ്മഗിരി)

എന്നിവരെ ജനുവരിയിൽ തെരഞ്ഞെടുത്തു. അതിനുശേഷം മേഖലാ ഭാരവാഹികളുടെ 3 മീറ്റിംഗുകൾ അരുൾനിലയത്തിൽ വെച്ച് കൂടുകയുണ്ടായി. വചനവർഷം പ്രമാണിച്ച് ബഹു. കുര്യാക്കോസ് കുന്നത്തച്ചൻ "വചനം നമ്മുടെ ജീവിതത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

8 യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ അതിൽ സംബന്ധിച്ചു. അന്നേ ദിവസം തന്നെ ആരോഗ്യം കുടുംബത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി സി. ഇന്നസന്റ് എല്ലാ യൂണിറ്റിലും ക്ലാസ്സെടുക്കാമെന്ന് നിശ്ചയിച്ചു.

പകർച്ച വ്യാധികളുടെ ഈ കാലഘട്ടത്തിൽ അതൊരു അത്യാവശ്യമാണെന്ന് മനസ്സിലാക്കി കല്പ്രയിലും, ധർമ്മഗിരിയിലും ക്ലാസ്സുകൾ നടത്തി. കൽപ്രയിൽ 65, ധർമ്മഗിരിയിൽ 75 ഉം അമ്മമാർ സംബന്ധിച്ചു. ഇത്തരം ക്ലാസ്സുകൾ വഴി അമ്മമാർക്ക് തങ്ങളുടെയും മറ്റുള്ളവരുടെയും ആരോഗ്യ സംരക്ഷണത്തിൽ സ്വയമായി ഏറെ കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുമെന്ന് മനസ്സിലായി.

**സ്വാഗതം**

മാനന്തവാടി മേഖലയുടെ പുതിയ ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന റവ. ഫാ. തോമസ് മണക്കുന്നേൽ അച്ചന് ഹൃദ്യമായ സ്വാഗതം.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ പോരൂർ ശാഖയിൽ ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് യോഗവും ജനറൽബോഡി യോഗവും 20-6-08-ന് നടത്തുകയുണ്ടായി. ശാഖാ പ്രസിഡണ്ട് ബഹു. അച്ചനും ആനിമേറ്റർക്കും എല്ലാ അമ്മമാർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. തുടർന്ന് "അമ്മമാരുടെ സംഘടനാപ്രവർത്തനം ഇടവകയിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. തോമസച്ചൻ ക്ലാസ്സെടുത്തു. 140 ഓളം അമ്മമാർ ഈ ക്ലാസ്സിൽ പങ്കെടുത്തു. അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. എല്ലാ മാസവും മൂന്നാം വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ക്ലാസ്സ്, ഗ്രൂപ്പു തിരിച്ചുള്ള കലാപരിപാടികൾ തുടർന്ന് ദിവ്യബലിയും ആയിരിക്കുമെന്ന് തീരുമാനിച്ചു. എല്ലാവർക്കും ജോ. സെക്രട്ടറി നന്ദിയർപ്പിച്ചു.

അടുത്ത രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 5 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

'മനുഷ്യന്റെ സ്വാതന്ത്ര്യം എപ്പോഴും പുതിയതാണ്, അവൻ തന്റെ തീരുമാനങ്ങൾ എപ്പോഴും പുതുതായി സ്വീകരിക്കേണ്ടിയിരിക്കുന്നു - എന്നതാണ് ആ കാരണം. നമുക്കായി മറ്റുള്ളവർ ഈ തീരുമാനങ്ങൾ മുൻകൂട്ടി എടുക്കുക എന്നത് ഒരിക്കലും ശരിയല്ല. അങ്ങനെയായാൽ, നാം ഒരിക്കലും സ്വതന്ത്രരായിരിക്കുകയില്ല. ഓരോ വ്യക്തിയും ഓരോ തലമുറയും അടിസ്ഥാന തീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ തുടക്കമായിരിക്കുക എന്നത് സ്വാതന്ത്ര്യത്തിനുള്ള മുൻ വ്യവസ്ഥയാണ് '(ബനഡിക്ട് 16-ാമൻ മാർപാപ്പ - പ്രത്യാശയിൽ രക്ഷ - n. 24).

സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളാശംസകൾ സിയോനിൽ നിന്നും സ്നേഹപൂർവ്വം നേരുന്നു.

**ജൂലൈ 4 - സോണൽ മീറ്റിംഗ്**

വിശുദ്ധീകരണത്തിനും, ആത്മാഭിഷേകത്തിനുമായി സിയോൻ മക്കൾ ബഹു. സെബാസ്റ്റ്യൻ പാറയിലച്ചന്റെ നേതൃത്വത്തിൽ സിയോൻ ചാപ്പലിൽ ഒന്നിച്ചുകൂടി - സാധാരണയുള്ള ശുശ്രൂഷകൾക്കുശേഷം, ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. **ജാഗരണ പ്രാർത്ഥനയക്ക്** ശുശ്രൂഷകർക്ക് പുറമെ ധാരാളം പേർ പങ്കെടുത്തു. ശക്തമായ ദൈവാരാധനയും പ്രാർത്ഥനയും നടന്നു. ഹൃദയം നിറയെ ദൈവസ്നേഹം സ്വീകരിച്ച് ദൈവമക്കൾ മടങ്ങി.

**ജൂലൈ 5 - ഏകദിന കൺവെൻഷൻ**

ശ്രീമതി എത്സി കുളത്തുങ്കൽ ചെറുകാട്ടൂർ - ഗലാ. 4: 19 ആസ്പദമാക്കി വചനപ്രഘോഷണം നടത്തി. "ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു."

ഇന്നത്തെ ലോകത്തിന്റെ വലിയ ഒരു പ്രത്യേകത, സ്നേഹ ബന്ധങ്ങൾ, ബന്ധനങ്ങളായി മാറുന്നു എന്നുള്ളതാണ്. ഉൽപ്പത്തി 3:9 നീ എവിടെ? ഉൽപ്പത്തി 4: 9 നിന്റെ സഹോദരൻ എവിടെ? ഈ രണ്ടു ചോദ്യങ്ങൾക്കും നാം ദൈവതിരുമുമ്പിൽ കണക്കു കൊടുക്കേണ്ടി വരും. തമ്പുരാൻ നമ്മോട് മൂന്നാമത് ഒരു ചോദ്യവും കൂടി ചോദിക്കും – നിന്റെ കുരിശ് എവിടെ? ദീർഘമായി പ്രാർത്ഥിക്കുകയും, ശുശ്രൂഷകൾ ചെയ്യുകയും ചെയ്യുന്ന നാം, മനം നിറയെ വേദനയും ആയി മ്ലാനവദനരായിരിക്കുന്ന സഹോദരരുടെ മുഖത്തേക്ക് നോക്കാറുണ്ടോ? വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകിയത് ബഹു. സോണി വടയാപറമ്പിലച്ചനാണ്. ഏതു ജീവിത സാഹചര്യത്തിലും, ദൈവമെ നിന്റെ ഇഷ്ടം എന്നു പറയുവാനുള്ള വിശ്വാസത്തിന്റെ മനസ്സ് നമുക്കുണ്ടാവണം.

**ദിവ്യകാരുണ്യ പ്രദക്ഷിണം**

'താങ്ങുന്ന ദൈവം കൂടെയുള്ളപ്പോൾ തളരുന്നതെന്തേ കുഞ്ഞേ.....'

ദൈവത്തെ പിതാവേ എന്ന് വിളിക്കുന്ന ഒരു വിശ്വാസത്തിനു മാത്രമെ ശാന്തിയും, സമാധാനവും സ്നേഹവും സ്വീകരിക്കുവാനും കൊടുക്കുവാനും സാധിക്കൂ. ബഹു. പാറയിലച്ചന്റെ ആരാധനക്കിടയിലുള്ള വാക്കുകൾ സിയോൻ ഹോളിൽ മുഴങ്ങി നിന്നു. യേശു നാഥന്റെ ദിവ്യപ്രഭയിൽ പൂരിതമായ സിയോൻ ഹോളും പരിസരവും സ്തുതിയുടെയും നന്ദിയുടെയും ആരാധനയുടെയും മുഴക്കത്തിൽ ദൈവമക്കളുടെ ഹൃദയങ്ങൾ ദൈവസ്നേഹത്തിലും ആത്മാഭിഷേകത്തിലും നിറഞ്ഞു.

**ആദ്യശനി**

സിയോൻ ചാപ്പലിൽ കുട്ടികൾക്കായുള്ള ഏകദിന കൺവെൻഷൻ അതിമനോഹരമായി നടന്നു. ബഹു. സോണി വടയാപറമ്പിലച്ചനും, ജീസസ് യൂത്ത് ടീമും ചേർന്ന് ശുശ്രൂഷകൾ നയിച്ചു. ധാരാളം കുഞ്ഞുമക്കൾ പങ്കെടുത്തു.

**രണ്ടാംശനി**

യുവജനകൂട്ടായ്മയും ദമ്പതി കൂട്ടായ്മയും പൊതുകൗൺസിലിംഗും മനോഹരമാക്കിയ നല്ല ദൈവത്തിന് നന്ദി പറയുന്നു.

**മൂന്നാം വെള്ളി സൗഖ്യദിനത്തിൽ**

ധാരാളം പേർ പങ്കെടുത്തു. ബഹു. പാറയിലച്ചനും ടീം അംഗങ്ങളും ചേർന്നു ശുശ്രൂഷകൾ മനോഹരമാക്കി.

## Prolife Ministry

ജൂലൈ 20 ഞായറാഴ്ച കേണിച്ചിറ തുറപ്പാട്ട് ദമ്പതികൾക്കും ജൂലൈ 29 ന് പാടിച്ചിറ കട്ടിക്കാന ദമ്പതികൾക്കും, ജീവജോതി അവാർഡ് കൊടുത്തു. (ജീവജോതി അവാർഡ് = 4-ൽ കൂടുതൽ കുട്ടികൾ ഉള്ള ദമ്പതിമാർക്ക് കൊടുക്കുന്ന സമ്മാനം) കൂടാതെ ഈ രണ്ടു ഇടവകകളിലും Prolife Exhibition നടക്കുകയുണ്ടായി. മാനന്തവാടി രൂപതയിലുള്ള 4-ൽ കൂടുതൽ കുട്ടികളുള്ള ദമ്പതിമാർ അഡ്വ. കെ. എ. ജോസ് കുറുമ്പാലക്കാട്ട് (Co- Ordinator Prolife Ministry) Kalpetta. ബന്ധപ്പെടുക Phone No. 9446647614.

**യുവജനധ്യാനം ജൂലൈ 18- 23**

ജൂലൈ മാസത്തിലെ സിയോൻ ധ്യാനം യുവജനങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു. പഠനത്തിനും, ജോലിക്കുമായി കേരളത്തിനു പുറത്തേക്കു പോകുന്നവരുൾപ്പെടെ 110 പേർ ധ്യാനത്തിൽ സംബന്ധിച്ചു. ബഹു. ഡയറക്ടറച്ചനോടൊപ്പം ബഹു. ജോർജ് മേമന, ബഹു. സണ്ണി കൊല്ലാർതോട്ടം, ബഹു. വിൻസെന്റ് കൊരട്ടിപറമ്പിൽ എന്നീ വൈദികരും, ശ്രീ. ചാക്കോച്ചൻ പുത്തൻപുര ജോണി കുന്നുംപുറം, ബൈജു കൊച്ചുകുടിയിൽ, ജോബി കൈതമന, ജിൽസ (Full Timer) എമിലി വണ്ടനാക്കര തുടങ്ങിയവരും, ഗാനശുശ്രൂഷകൾക്ക് ശ്രീ. സനൽ വലിയവീട്ടിൽ, സി. സുനിത SKD, സി. ദീപ്തി FCC എന്നിവരും നേതൃത്വം നൽകി. ധ്യാനവിജയത്തിനായി സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**സിയോൻ ഓഗസ്റ്റു മാസത്തിൽ**

| | |
|---|---|
| ഓഗസ്റ്റ് | - സോണൽ മീറ്റിംഗ് |
| ,, 2 | - എകദിന കൺവെൻഷൻ |
| ,, 2 | - ക്രിസ്റ്റീൻ ഏകദിന കൺവെൻഷൻ |
| ,, 9 | - പൊതുകൗൺസലിംഗ് |
| ,, 9 | - യുവജന കൺവെൻഷൻ |
| ,, 9 | - ദമ്പതി കൺവെൻഷൻ |
| ,, 15 | - സൗഖ്യദിനം - രോഗികൾക്ക് കൗൺസിലിംഗ് |
| ,, 15- 20 | - ആന്തരിക സൗഖ്യധ്യാനം |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ സി.ആർ.സി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളും ഭാരതസ്വാതന്ത്ര്യത്തിന്റെ 61-ാം വാർഷികവും ആഘോഷിക്കുന്ന ആഗസ്റ്റ് 15-ന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. ഭൗതീകസ്വാതന്ത്ര്യം പലവിധ പിന്തിരിപ്പൻ ശക്തികളുടേയും ചിന്താഗതികളുടേയും പ്രസ്ഥാനങ്ങളുടേയും കടന്നുകയറ്റത്തിൽ മനുഷ്യ മനസ്സുകളെ അടിമത്വത്തിലേയ്ക്കു തള്ളിനീക്കിക്കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ആത്മീയ സ്വാതന്ത്ര്യം അനുഭവിച്ചു ജീവിക്കുവാനുള്ള അനുഗ്രഹത്തിനായി പരിശുദ്ധമാതാവിന്റെ മാധ്യസ്ഥം തേടി നമുക്കു പ്രാർത്ഥിക്കാം.

**സി.സി.വാർഷികം**

സംഘടനയുടെ സ്ഥാപനത്തിന്റെ 175-ാം വാർഷികവും മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 30-ാം വാർഷികവും സംയുക്തമായി മുൻനിശ്ചയപ്രകാരം ആഘോഷിക്കുകയുണ്ടായി.

12-07-08 ശനിയാഴ്ച ദ്വാരക എ.യു.പി. സ്കൂളിൽ രാവിലെ 9 മണിക്കുതന്നെ രജിസ്ട്രേഷൻ ആരംഭിച്ചു. 300 പ്രവർത്തകാംഗങ്ങൾ പങ്കെടുത്തു. ഏതാനും എ.സി. കളിൽ നിന്ന് ചുരുക്കം പേർ മാത്രമേ എത്തിച്ചേർന്നുള്ളൂ. ദൂരകൂടുതൽകൊണ്ടായതിനാൽ അതു സാരമായികണക്കാക്കുന്നില്ല.

കൃത്യം 10 മണിക്കുതന്നെ ദ്വാരക അൽഫോൻസാ ദേവാലയത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. കാലത്തിന്റെ വെല്ലുവിളി ഉൾക്കൊണ്ട് മാതൃകാപരമായ വിൻസെൻഷ്യൻ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ പിതാവ് വിൻസെൻഷ്യൻ അംഗങ്ങളെ

ഉദ്ബോധിപ്പിച്ചു. 11.30 നു തന്നെ ആരംഭിച്ച പൊതുസമ്മേളനത്തിൽ സി.സി. പ്രസിഡണ്ട് ബ്ര. കെ.ജി. ജസ്റ്റിൻ അധ്യക്ഷതവഹിച്ചു. ബ്ര. കുര്യാക്കോസ് പാറേക്കാട്ടിൽ നേതൃത്വം കൊടുത്ത പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം സി.സി. സീനിയർ വൈസ് പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങൻ എല്ലാവർക്കും സ്വാഗതമാശംസിച്ചു. അഭിവന്ദ്യ പിതാവിന്റെ ഉദ്ഘാടന സന്ദേശത്തിൽ സഭയ്ക്കും സമുദായത്തിനുമെതിരേയുള്ള പുതിയ വെല്ലുവിളികളെ സമുചിതമായി നേരിടുന്നതിന് വിൻസെൻഷ്യൻ പ്രവർത്തകർ എങ്ങനെ സജ്ജരാകണമെന്നോർമ്മിപ്പിച്ചു. ഫാ. ബാബു പാറയിലച്ചന്റെ മുഖ്യപ്രഭാഷണത്തിൽ വിൻസെൻഷ്യൻ പ്രവർത്തനത്തിൽ വി. വിൻസെന്റ് ഡി പോളിന്റെ മാതൃകയും വാ. ഫ്രഡറിക് ഓസ്സാനാമിന്റെ ശുഷ്കാന്തിയും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയെന്ന് ശക്തമായി പ്രതിപാദിച്ചു. ബ്ര. ജോണി പാറ്റാനി, ഫാ. കുര്യാക്കോസ് തുരുത്തേൽ എന്നിവരുടെ ആശംസകളും സെക്രട്ടറി ബ്ര. സണ്ണി തെക്കേകൈതയ്ക്കലിന്റെ നന്ദിപ്രകടനവും കഴിഞ്ഞ് 1.30 നു ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു.

വാ. ഫ്രെഡറിക് ഓസ്സാനാമിന്റെ നൊവേനയുടെ ഉദ്ഘാടനം മനോഹരമായ ഒരു സന്ദേശം നൽകിക്കൊണ്ട്, പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. ദിവ്യബലിയുടെ ഗാനങ്ങൾക്കു നേതൃത്വം നൽകിയ ബഹു. സിസ്റ്റേഴ്സിനും സ്കൂളിലും പള്ളിയിലും വേണ്ട സൗകര്യങ്ങളൊരുക്കിത്തന്ന ദ്വാരക ഇടവക വികാരിയ്ക്കും പള്ളി ഭാരവാഹികൾക്കും, ഒപ്പം എല്ലാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വിജയിപ്പിച്ച ആഘോഷകമ്മിറ്റി അംഗങ്ങളായ എ.സി. പ്രസിഡണ്ടുമാർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**അടുത്ത സി.സി. യോഗം**

ആഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച ദ്വാരക സി.സി. ഓഫീസിൽ വച്ചുചേരുന്ന യോഗത്തിലേക്ക് മുഴുവൻ സി.സി. അംഗങ്ങളും എത്തിച്ചേരണമെന്നഭ്യർത്ഥിക്കുന്നു. വിവിധ ഇനങ്ങളിൽ അടയ്ക്കാനുള്ള വിഹിതങ്ങൾ തീർത്തുനൽകണമെന്നും സംഘടനയുടെ നിയമാവലി വാങ്ങിക്കൊണ്ടുപോകണമെന്നും ഓർമ്മിപ്പിക്കുന്നു. വില 10 രൂപ.

ട്രിന്നിംഗ് കോൺഫ്രൻസുകൾക്ക് കത്തയപ്പിക്കുകയും അവയുടെ കോപ്പി സി.സി. യിൽ ഏൽപ്പിക്കുകയും ചെയ്യാത്തപക്ഷം ട്രിന്നിംഗ് ഗ്രാന്റു ചെക്കുകൾ തടഞ്ഞുവെയ്ക്കാൻ ഇടയായേക്കുമെന്ന് എ. സി. പ്രസിഡണ്ടുമാരെ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുകയാണ്.

**ഓസ്സാനാം ഭവൻ സന്ദർശനം**

നടവയൽ എ. സി. - സെപ്റ്റംബർ 1-13, പാടിച്ചിറ എ. സി. - സെപ്റ്റംബർ 15-30.

**സ്കോളർഷിപ്പ്**

പുതിയ അപേക്ഷാഫോറം സി. സി. മീറ്റിംഗിൽ വിതരണം ചെയ്യും. അപേക്ഷ നൽകേണ്ട അവസാനതീയതി സെപ്റ്റംബർ 30.

സസ്നേഹം, **ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ ദിനം**

അഖില ലോക ലഹരി വിരുദ്ധ ദിനം സമുചിതമായി ആഘോഷിച്ചു. വിവിധ വിദ്യാലയങ്ങൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ടു വന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ലഹരി വിരുദ്ധ പ്രവർത്തന രംഗത്ത് ഒരു പുത്തൻ ഉണർവ്വ് അടുത്തകാലത്തായി പ്രകടമാകുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇടയിലാണ് ഇതെന്നത് ഏറെ ശ്രദ്ധേയമാണ്.

**അസംപ്ഷൻ ഹൈസ്കൂൾ**

ജൂൺ 26 ന് അസംപ്ഷൻ ഹൈസ്കൂളിൽ വച്ച് മോചന സംഘടിപ്പിച്ചു. രണ്ടു ബാച്ചുകളായിട്ടാണ് ബോധവൽക്കരണ പരിപാടി നടത്തിയത്. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. സമിതി രൂപതാ ട്രഷററും അസംപ്ഷൻ സ്കൂൾ അദ്ധ്യാപകനുമായ ടോമി. എൻ. യു. വിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ലഹരി വിരുദ്ധ ക്വിസ്സ് മത്സരം പോസ്റ്റർ മത്സരം എന്നിവ സംഘടിപ്പിച്ചു. പ്രധാനാദ്ധ്യാപിക ആലീസ് ടീച്ചർ, സഹാദ്ധ്യാപകർ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**സെന്റ് ആന്റണീസ് പഴൂർ**

ജൂൺ 28 ന് മോചന പഴൂർ സെന്റ് ആന്റണീസ് യു.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. ലഹരി വിരുദ്ധ പോസ്റ്റർ മത്സരം, മുദ്രാവാക്യ രചനാമത്സരം എന്നിവ സംഘടിപ്പിച്ചു. പ്രധാനാദ്ധ്യാപിക

കെ. സി. ഏലിയാമ്മ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി ഷാബു സെബാസ്റ്റ്യൻ അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേകം നന്ദി.

**നടവയൽ**

ചെറുപുഷ്പ മിഷൻ ലീഗ് നടവയൽ ശാഖയുടെ നേതൃത്വത്തിൽ നടവയൽ ടൗണിൽ വച്ച് ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി മോചന നടത്തപ്പെട്ടു. നടവയൽ ഫൊറോന അസിസ്റ്റന്റ് വികാരി മോചന 2008 ഉദ്ഘാടനം ചെയ്തു. CML ഭാരവാഹികൾ, രൂപതാ ഓർഗനൈസർ ബിനു എന്നിവർ നേതൃത്വം നൽകി. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ മോചനക്ക് നേതൃത്വം നൽകി. ധാരാളം ആളുകൾ പ്രോഗ്രാം വീക്ഷിക്കാൻ എത്തിയിരുന്നു.

**ന്യൂമാൻസ് കോളേജ് മാനന്തവാടി**

ലോക ലഹരി വിരുദ്ധദിനം മാനന്തവാടി ന്യൂമാൻസ് കോളേജിൽ വിവിധ പരിപാടികളോടെ ആചരിച്ചു. വയനാട് DMO പരിപാടികൾ ഉദ്ഘാടനം ചെയ്തു. മോചന 2008-ന് സമിതി രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ നേതൃത്വം നൽകി. കോളേജ് സ്റ്റാഫ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**സംസ്ഥാന സമിതി യോഗം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ദശാബ്ദി ആഘോഷങ്ങളെപ്പറ്റി ആലോചിക്കുവാൻ സമിതിയുടെ സംസ്ഥാന കമ്മറ്റി യോഗം ജൂലൈ 15 ന് എറണാകുളം POC യിൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതയിൽ നിന്ന് രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. ജോവിറ്റ എന്നിവർ പങ്കെടുത്തു. ദശവാർഷിക ആഘോഷം തൃശൂർ രൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 6 ന് നടത്തുവാൻ തീരുമാനിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ജൂൺ മാസം 15-ാം തീയതി വൈത്തിരി സബ് ജയിൽ സന്ദർശിച്ചു. ജീസസ് ഫ്രട്ടേണിറ്റി മാന ന്തവാടി രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ഏവർക്കും സ്വാഗതം ആശംസിച്ചു. കായക്കുന്ന് ലാസലേറ്റ് ആശ്ര മത്തിലെ ഫാ. ടോം പുതുശ്ശേരിൽ, ഫാ. ജോബി പയ്യപ്പിള്ളി എന്നി വരുടെയും, SD സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ അന്നേ ദിവസം തടവറ മക്കൾക്കായി ഹൃദയസ്പർശിയായ കലാവിരുന്ന് ഒരുക്കുകയും, മധുരപലഹാരങ്ങൾ നൽകുകയും ചെയ്തു. ഫാ. ടോം ഏറെ ആശ്വാസവും പ്രതീക്ഷയും നൽകുന്ന സന്ദേശം തടവറ സഹോദരങ്ങൾക്കായി പങ്കുവെച്ചു. അതോടൊപ്പം തന്നെ താമരശ്ശേരി MCBS സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥി കളുടെ കലാപരിപാടികളും അന്നേ ദിവസം ഉണ്ടായിരുന്നു. മാന സിക പിരിമുറുക്കങ്ങളും അസ്വസ്ഥതകളും മറന്ന് അവരെല്ലാവരും ആദ്യന്തം പരിപാടികളിൽ പങ്കുചേർന്നു.

**റവ. ഫാ. സണ്ണി കൊല്ലാർതോട്ടം**
ജീസസ് ഫ്രട്ടേണിറ്റി രൂപതാ ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

**സംഘടനാപ്രവർത്തനങ്ങൾ**

**SWS ഭാരവാഹികളുടെ പരിശീലനം**

ജൂൺ 24,25 ജൂലൈ 11, 12. 17, 18 തീയതികളിൽ ബോയ്സ് ടൗണിലുള്ള WSSS ട്രെയിനിംഗ് സെന്ററിൽ വച്ച് മൂന്നു പരിശീലന പരിപാടികൾ SWS ഭാരവാഹികൾക്കുവേണ്ടി നടത്തി. ആദ്യ ബാച്ച് പുതിയതായി രൂപീകരിച്ച SWS ഭാരവാഹികൾക്കുവേണ്ടിയും, രണ്ടും മൂന്നും ബാച്ച് ട്രെയിനിംഗ് മാനന്തവാടി, കല്ലോടി മേഖല കൾക്കുവേണ്ടിയുമാണ് സംഘടിപ്പിച്ചത്. ആകെ 100 ഭാരവാഹി കൾ പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തു. WSSS ഡയറ ക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലം കുന്നേൽ, ഒ. പി. അബ്രാഹം, ജോസ്. പി. എ, ഷാജി ജോസ്, ജോസ് പള്ളം, മാർട്ടിൻ. കെ. എൽ, ജോയി. കെ. ഒ എന്നിവർ ക്ലാസ്സുകൾ നൽകി. ജോഷി. റ്റി. ജെ, സിജോ. കെ. ജെ, ജോർജ് ജോസഫ് എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

**SWS ഡയറക്ടേഴ്സ് മീറ്റിംഗ്**

ജൂലൈ 10-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് സോഷ്യൽ വെൽഫയർ സൊസൈറ്റി ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തി. മീറ്റിംഗ് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. WSSS -ന്റെ വിവിധ പ്രവർത്തനങ്ങളുടെ വിപുലീകരണത്തെ സംബന്ധിച്ചുള്ള ചർച്ച കൾക്ക് മുൻ ഡയറക്ടർ ഫാ. കുര്യാക്കോസ് കുന്നത്ത് നേതൃത്വം

നൽകി. ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതവും പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം നന്ദിയും രേഖപ്പെടുത്തി. 30 SWS ഡയറക്ടേഴ്സ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

**സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സംഗമം**

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വയനാട്ടിൽ പ്രവർത്തിക്കുന്ന സേയ്വ് ഫാർമേഴ്സ് ക്യാംമ്പയിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സംഗമം ബത്തേരി ശ്രേയസിൽ വച്ച് ജൂലൈ 15, 16 തീയതികളിൽ നടത്തി. കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും ഭക്ഷ്യസുരക്ഷിതത്വം, സുരക്ഷിത ഭക്ഷണം എന്നീ വിഷയങ്ങളെ സംബന്ധിച്ചും ചർച്ചകൾ സംഘടിപ്പിച്ചു. ചർച്ചകൾക്ക് നേതൃത്വം നൽകിയത് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന 'തണൽ' എന്ന സംഘടനയുടെ മുഖ്യ പ്രവർത്തകരായ ഉഷയും ശ്രീധറുമാണ്. സംഘടനാ പ്രവർത്തകരെ പരസ്പരം പരിചയപ്പെടുവാനും അവർ നൽകി വരുന്ന സേവന രംഗങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും സാധിച്ചു. പ്രസ്തുത പരിപാടി ശ്രേയസ് മുൻ ഡയറക്ടർ ഫാ. എൽദോ പുത്തൻകണ്ടം നിർവ്വഹിച്ചു. WSSS നെ പ്രതിനിധീകരിച്ച് 18 പേർ പങ്കെടുത്തു.

**ആദിവാസി വികസന മേഖല**

**ഔഷധ നിർമ്മാണം**

എടവക ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ചൊവ്വ കോളനിയിലെ അംഗങ്ങൾക്കായി വിവിധ ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിക്കുകയും ഔഷധ നിർമ്മാണ പരിശീലനം നൽകുകയും ചെയ്തു. നിർമ്മിച്ച ഔഷധികൾ കോളനികാർക്ക് വിതരണം ചെയ്തു.

**പഠനോപകരണങ്ങൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആദിവാസി വികസന പരിപാടികളുടെ ഭാഗമായി നിർദ്ധനരായ ആദിവാസി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിത

രണം ചെയ്തു. വയനാട് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 300 സ്കൂൾ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ, കുട എന്നിവയാണ് വിതരണം ചെയ്തത്. പഠനോപകരണ വിതരണം WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിൽവി തോമസ് നിർവ്വഹിച്ചു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം, ശ്രീ. ജോയി മുളയ്ക്കൻ, പാസ്റ്റർ ഫിലിപ്പ് തോമസ്, കോർഡിനേറ്റർമാരായ ജോസ് തൂമുള്ളിൽ, അനുജോൺ എന്നിവർ സംസാരിച്ചു.

**ലീഗൽ എയ്ഡ് സെന്റർ**

നിയമ സാക്ഷരത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യവുമായി ലീഗൽ എയ്ഡ് സെന്റർ ജൂൺ മാസത്തിൽ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, ഗാർഹിക പീഡന നിരോധന നിയമങ്ങൾ, ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ, വിവരാവകാശ നിയമങ്ങൾ എന്നിവയെ ആസ്പദമാക്കി കുന്ദമംഗലം, ദീപ്തിഗിരി, കരിങ്കുറ്റി തുടങ്ങിയ സ്ഥലങ്ങളിൽ സെമിനാറുകളും ചർച്ചകളും സംഘടിപ്പിച്ചു.

വരടിമൂല, പുഴവയൽ എന്നീ ആദിവാസി കോളനികളിൽ വച്ച് ആദിവാസി സംരക്ഷണ നിയമം മുൻനിർത്തി ക്ലാസ്സുകൾ നടന്നു. അഡ്വ. എൽബി മാത്യു, ജോസ്. പി. എം. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# ന്യൂമാൻസ് കോളേജ്

**ന്യൂമാൻസ് കോളേജിന് സെന്റർ ഫോർ എക്സലൻസ് അവാർഡ്**

വയനാട്ടിലെ സമാന്തര വിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രമായ ന്യൂമാൻസ് കോളേജിന്, അതിന്റെ കിരീടത്തിൽ ഒരു പൊൻ തൂവൽ കൂടി. സംസ്ഥാന തലത്തിൽ ഈ സ്ഥാപനത്തിന് സെന്റർ ഫോർ എക്സലൻസ് അവാർഡ് ലഭിച്ചിരിക്കുന്നു. കോളേജിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളും, കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള BSS-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദിക് നേഴ്സിംഗ് ആന്റ് പഞ്ചകർമ്മ തെറാപ്പി കോഴ്സിന്റെ നിലവാരവും വിലയിരുത്തിയാണ് സ്ഥാപനത്തെ അവാർഡിനായി തെരഞ്ഞെടുത്തത്. തിരുവനന്തപുരത്ത് നടന്ന പ്രൗഢമായ ചടങ്ങിൽ മുൻ മേഘാലയ ഗവർണർ ശ്രീ. എം. എം. ജേക്കബിൽ നിന്നും പ്രിൻസിപ്പാൾ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ പുരസ്കാരം ഏറ്റുവാങ്ങി.

**എം. എ. ഇംഗ്ലീഷ്**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ എം.എ. ഇംഗ്ലീഷ് ക്ലാസ്സുകൾ ആഗസ്റ്റ് ആദ്യവാരത്തിൽ ആരംഭിക്കുന്നു. ബിരുദതലത്തിൽ ഇംഗ്ലീഷ് 45 % മാർക്ക് ലഭിച്ചിട്ടുള്ളവർക്ക് ഈ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്.

**മോഡേൺ സെക്രട്ടേറിയൽ പ്രാക്ടീസ്**

തൊഴിലധിഷ്ഠിത കോഴ്സായ മോഡേൺ സെക്രട്ടേറിയൽ കോഴ്സിന്റെ ദൈർഘ്യം ഒരു വർഷമാണ്. +2 അല്ലെങ്കിൽ ഏതെങ്കിലും ബിരുദമാണ് അടിസ്ഥാന യോഗ്യത. അഡ്മിഷൻ തുടരുന്നു. ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% തൊഴിലുറപ്പ് സ്ഥാപനം വാഗ്ദാനം ചെയ്യുന്നു. ഒന്നാം വർഷ ഡിഗ്രി കോഴ്സുകളിലേക്കും NTTC, ആയുർവ്വേദ നേഴ്സിംഗ് തുടങ്ങിയ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു.

**ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ**
പ്രിൻസിപ്പാൾ

## രൂപതാ പി. ആർ. ഒ. ഓഫീസ്

രൂപതയുടെ പബ്ലിക് റിലേഷൻസ് ഓഫീസ് 2008 ജൂൺ മാസം മുതൽ ദ്വാരകയിലുള്ള നിർമ്മലാ ഷോപ്പിംഗ് കോംപ്ലക്സി ലേക്കു മാറ്റി. മേരി മാതാ കോളേജ് കാമ്പസിലായിരുന്നു ഇതു വരെ ഓഫീസ് പ്രവർത്തിച്ചിരുന്നത്. പ്രവർത്തന സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ. Tel& Fax: 04935 240066; Mob: 9447300409; Email. therakam@gmail.com

പി. ആർ. ഒ. ഓഫീസിൽ നിന്നും അടിയന്തിര സന്ദേശങ്ങൾ SMS അയക്കുന്നത് കമ്പ്യൂട്ടർ മുഖേനയാണ്. ആ നമ്പറിലേയ്ക്ക് വിളിക്കുകയോ SMS അയയ്ക്കുകയോ ചെയ്യേണ്ടതില്ല.

**ഫാ. തോമസ് ജോസഫ് തേരകം**

പി. ആർ. ഒ.

**JOSE PORUNNEDOM**
BISHOP OF MANANTHAVADY

# DECREE

***Prot. No. 7106/2008***

After mature consideration and due consultation, the undersigned bishop of the eparchy of Mananthavady, pending investigation, hereby suspends with effect from 1st August 2008, Rev. Fr. Paul Kachappilly, a member of the eparchial clergy of Mananthavady, from the exercise of the priestly ministry including the administration of all sacraments and sacramentals as well as from the preaching of the Word of God, since he has been found leading a life not befitting to his priestly and clerical state. It is further decreed that he shall not be admitted anywhere for discharging any priestly function either insider or outside of the eparchy of Mananthavady until further communication.

Given from the eparchial curia of the eparchy of Mananthavady on 23rd July 2008.

**Fr. Joseph Paruvummel**
Chancellor

**+ Jose Porunnedom**
Bishop of Mananthavady



# അറിയിപ്പുകൾ

**1) വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ വിശുദ്ധ നാമകരണ ചടങ്ങും ഫ്രാൻസ് - ഇറ്റലി-റോം തീർത്ഥാടനവും**

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ വിശുദ്ധ നാമകരണ ചടങ്ങിനോടനുബന്ധിച്ച് കെ. സി. ബി. സി. യൂത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ, കെ. സി. വൈ. എം. പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ **ഫ്രാൻസ്-ഇറ്റലി-റോം** തീർത്ഥാടനം സംഘടിപ്പിക്കുന്നു.

യുവജനങ്ങൾക്കും മുതിർന്നവർക്കും ഒറ്റയ്ക്കും കുടുംബമായും പങ്കുചേരാവുന്നതാണ്. വൈദികർക്കും സമർപ്പിതർക്കും സ്വാഗതം.

**സെപ്തംബർ 30-ന്** കേരളത്തിൽ നിന്നും യാത്ര പുറപ്പെട്ട് **ഒക്ടോബർ 12-ലെ** വിശുദ്ധനാമകരണ ചടങ്ങിലും **13-ലെ** അഭിവന്ദ്യപിതാക്കന്മാരോടൊത്തുള്ള ദിവ്യബലിയിലും പങ്കുകൊണ്ട് **ഒക്ടോബർ 14-ന്** കേരളത്തിൽ തിരിച്ചെത്തുന്നു.

***പാരിസ്, ലിസ്യൂ, തെയ്സേ, ലൂർദ്ദ്, അവിഞ്ഞോൺ, നൈസ്, ജിനോവ, മിലാൻ, പാദുവ, വെനീസ്, അസ്സീസ്സി, പീസാ, റോം, വത്തിക്കാൻ,...*** തുടങ്ങിയ സ്ഥലങ്ങൾ ഈ 15 ദിവസത്തെ യാത്രയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. **ഒരാൾക്ക് 1,22,000/-**

പങ്കുചേരാൻ താൽപര്യമുള്ളവർ എത്രയും പെട്ടെന്ന് പേര് നൽകേണ്ടതാണ്.

**നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം :-**

1) ഉടനെ (സാധിക്കുമെങ്കിൽ ഇന്നുതന്നെ) പേര് രജിസ്റ്റർ ചെയ്യുക. (പാസ്പോർട്ട് ഉള്ളവർ പാസ്പോർട്ട് നമ്പർ കൂടി നൽകേണ്ടതാണ്. പേര് നൽകുമ്പോൾ പാസ്പോർട്ടിലെ പേരു തന്നെ നൽകേണ്ടതാണ്.)

2) ജൂലൈ മാസം അവസാനത്തോടെ *പാസ്പോർട്ട്, മുൻകൂർ തുക 27,000 രൂപ, ബ്രോഷറിൽ പറയുന്ന മറ്റ് രേഖകൾ* എന്നിവ സമർപ്പിക്കുക.
3) ആഗസ്റ്റ് **31**-ന് മുമ്പായി രണ്ടാം ഗഡുവായ **65,000** രൂപ അടയ്ക്കുക.
4) സെപ്തംബർ **20**-ന് മുമ്പായി അവസാന ഗഡുവായ **30,000** രൂപ അടയ്ക്കുക.
5) സെപ്തംബർ **30**-ന് യാത്ര പുറപ്പെടാൻ തയ്യാറായി വരുക. (പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ഉടനെതന്നെ വിശദവിവരങ്ങളടങ്ങിയ ബ്രോഷർ അയച്ചുതരുന്നതാണ്)

*രജിസ്റ്റർ ചെയ്യേണ്ടത് :*

ഫാ. ജയ്സൺ കൊള്ളന്നൂർ
പി. ഒ. സി. പാലാരിവട്ടം, കൊച്ചി -25
ഫോൺ : 9447532383, 9747002383, 0484 2383209
ഇ-മെയിൽ : j.kolla72@gmail.com, kcymkerala@gmail.com

**2. ദിവ്യകാരുണ്യാഘോഷ തപസ്സുധ്യാനം**

വൈദികർക്കും സന്യാസ സഹോദരർക്കും മാത്രം.

മലയാറ്റൂർ-ഇല്ലിത്തോട് MCBS സന്നിധാന ആശ്രമത്തിൽ ധ്യാനം *ഞായറാഴ്ച 6.30-ന് ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നു.* പ്രവേശനം 18 പേർക്ക് മാത്രം. അതുകൊണ്ട് എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യുക.

***Days of Retreat for the year 2008 :***

July 27 - August 1; August 24 - 29, September 21 - 26, October 26 - 31, November 30 Sunday to December 6 Saturday. (Six days retreat only for deacons.)

കാലടിയിൽനിന്നും മലയാറ്റൂർ ഇല്ലിത്തോടു - മുളങ്കുഴി ബസിൽ കയറി ഇല്ലിത്തോട് ഇടവകപള്ളിയുടെ മുമ്പിലിറങ്ങി 200 മീറ്റർ പെരിയാർ തീരത്തേക്കു (വലത്തേക്ക്) നടക്കുക.

Director,

**Fr. Inasu (Vincent) Chittilappilly**



# *Programme*

## Pastoral Centre, Dwaraka

### *August - 2008*

| | |
|---|---|
| 1 | *Zion CRC : Night Vigil* |
| 2 | *Zion CRC : Prayer Day, Christeen Prayer Day* |
| 5 | *CMA Executive* |
| 8 | *CML : Executive* |
| 9 | *Jesus Youth Prayer Day* |
| | *Couples Prayer Day* |
| 11-13 | *Priests' Living Together : Batch II* |
| 13 | *Priests' Conference* |
| 15 | *CRC Intercessory Prayer Day* |
| 15 | *Catechism : Exam Board Meeting* |
| 15-20 | *Zion CRC : Retreat* |
| 16 | *Catechism : HDC* |
| 17 | *Catechism : Team Meeting* |
| 23 | *Pastoral Council* |
| 23-27 | *Marriage Preparation Course* |
| 30-31 | *Catechism : New Teachers Training* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



## *Bishop's Programme*

### *2008 August*

| | | | |
|---|---|---|---|
| 01 | Fri | ............. | Out of Station |
| 03-08 | | ............. | Ernakulam : Bishops' Retreat |
| 10 | Sun | ............. | Kolavayal : Pastoral Visit |
| 11-12 | | ............. | Living Together (II$^{nd}$ Batch) |
| 13 | Wed | ............. | Priests' Conference |
| 14-15 | | ............. | Out of Station |
| 16 | Sat | *Afternoon* | Emmavus Villa |
| 17-30 | | ............. | Kakkanad : Bishops' Synod |
| 31 | Sun | ............. | Lakkidi : Pastoral Visit |

### *2008 September*

| | | | |
|---|---|---|---|
| 01 | Mon | ............. | Visitors' Day |
| 02-03 | | ............. | Kunnoth:Seminary Commission Meeting |
| 04 | Thu | ............. | Vincentgiri : Superiors' Meeting |

05 Fri ............ Out of Station

07 Sun ............ Charity : Pastoral Visit

08 Mon ............ Visitors' Day

09 Tue ............ Cherupuzha

10 Wed ............ Visitors' Day

11-12 ............ Out of Station

13 Sat ............ Dwaraka : Teachers' Convention

14 Sun ............ Chennalode : Pastoral Visit

15-19 ............ Priests' Retreat (I$^{st}$ Batch)

20 Sat ............ Pazhoor : Blessing of the St. Mathew's Bhavan Extension Block

22-26 ............ Priests' Retreat (II$^{nd}$ Batch)